കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം മുപ്പത്തിയൊൻപത്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം മുപ്പത്തിയൊൻപത്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/Linux operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Sri Krishna as Envoy, a painting by Raja Ravi Varna (1848–1906). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

— 39 —

“വഴിയിൽ അവൾ കഴഞ്ഞു വീണപ്പോൾ, എന്തുകൊണ്ട് ഒന്നു തിരിഞ്ഞു നോക്കാതെ, ഞങ്ങളുടെ കാൽ മുമ്പോട്ട് തന്നെ നീങ്ങുന്നല്ലേ! കാര്യമുണ്ട്, ആജീവനാന്ത ചൂഷകയാണ് പാഞ്ചാലി എന്നു കാലുകൾക്കും അറിയാം. അപമാനകരമായ വസ്ത്രാക്ഷേപത്തിന് മേൽ ഞങ്ങൾ ഒരു മഹായുദ്ധം പ്രതികാരബോധത്തിൽ വിഭാവനചെയ്യുമ്പോൾ, അവൾ എന്താണ് അപ്പോഴും ചെയ്തത്? ആർമാദിച്ചു! ഞങ്ങൾ അവൾക്കു മുമ്പിൽ ഉപചാരപൂർവ്വം, ഇഴഞ്ഞപ്പോൾ അവൾ നിന്ദയോടെ ഞങ്ങൾ അഞ്ചു പേരെ രണ്ടുതലമുറകളിലായി വേർതിരിച്ചു.” ഒരിക്കൽ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയും, പിന്നെ ഹസ്തിനപുരി നാടുവാഴിയും ആയിരുന്ന യുധിഷ്ഠിരന്റെ കൂടെ വാനപ്രസ്ഥത്തിന്റെ അന്ത്യത്തിൽ കണ്ടത് മരണദേവതയുടെ പ്രതിനിധി എന്നവകാശപ്പെട്ട ഒരു നാടൻ നായ മാത്രം.

“പാണ്ഡവരുടെ മാത്രം പേരില്ല. വിചിത്രമെന്നു പറയട്ടെ, പാഞ്ചാലിയുടെ പേരുണ്ട്. ഇതെങ്ങനെ പുതു പാണ്ഡവ ഭരണകൂടം വിശദീകരിക്കും?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു, കുറുക്കുവഴിയിലൂടെ പുതുതായി ആരെയും പൗരന്മാരാക്കാൻ ഇടതരാത്ത വിധം ജാഗ്രതയോടെ പഴുതടച്ചാണ് രാജസഭയുടെ അംഗീകാരം കൗരവർ അക്കാലത്തു നേടിയതെന്ന വസ്തുത അസ്വസ്ഥരാക്കുന്നുണ്ടോ?”

“പാണ്ഡവർക്ക് പൗരത്വം നിഷേധിച്ചു നിയമ നിർമ്മാണം ചെയ്ത കൗരവർ, യുദ്ധത്തിൽ രാജ്യത്തിന്റെ അഖണ്ഡതക്കായി ബലിചെയ്തതിന്റെ വിശ്രുദ്ധി മലിനപ്പെടുത്താമെന്നാരും മോഹിക്കേണ്ട. വിവാദനിയമ നിർമ്മിതി, മുൻ മഹാരാജാവ് ധൃതരാഷ്ട്രർ രാജസഭയുടെ അംഗീകാരത്തോടെ അസ്ഥിരപ്പെടുത്തിയ ശേഷമായിരുന്ന ഞാൻ പട്ടാഭിഷേകം ചെയ്തതെന്ന് നിങ്ങൾ മാധ്യമപ്രവർത്തകർ നേരത്തെ അറിയേണ്ടതല്ലേ? പാഞ്ചാലിക്ക് പൗരത്വം അനുവദിച്ച ദുര്യോധനൻ എക്കാലവും പെണ്ണവകാശ പോരാളിയായിരുന്നു. കൗരവ നേതാവിന്റെ പഞ്ചലോഹ പ്രതിമ നിർമ്മിക്കുമ്പോൾ, ഫലകത്തിൽ പ്രത്യേകം ഞങ്ങൾ എഴുതിച്ചേർക്കും. ധന്യം ദുര്യോധനസ്മൃതി. തിരക്കുണ്ട്. കൗരവ വിധവകൾക്കു പുനരധിവാസ കേന്ദ്രത്തിൽ കുടിവെള്ള വിതരണം തുടങ്ങുന്ന ചടങ്ങിൽ പങ്കെടുക്കാൻ സമയമായി”.

“വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളിലൂടെ പരിചയപ്പെട്ട ‘സ്ഥലത്തെ പ്രധാന ദിവ്യന്മാർ’, വനവാസക്കാലത്തു വ്യഥിത പാണ്ഡവ ഹൃദയങ്ങളിൽ സാന്ത്വനം തന്ന ഓർമ്മയുണ്ടോ?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. മഹാപ്രസ്ഥാന പദയാത്ര.

“പാഞ്ചാലിയുൾപ്പെടെ, മിന്നുന്നതെല്ലാം പൊന്നാവണം എന്നില്ലെന്നു അപ്പോൾ ബോധ്യമായി.”

“തിന്മയുടെ ഇതിഹാസമായ ദുര്യോധനന്റെ സഖ്യകക്ഷിയാക്കാൻ പോരാട്ടവീര്യമുള്ള സ്വന്തം ദ്വാരകസൈന്യത്തെ നിബന്ധനയില്ലാതെ വിട്ടു കൊടുക്കുക, സഹോദരീ ഭർത്താവായ അർജ്ജുനന് വ്യക്തിഗത സേവനം ആകട്ടെ, നിരായുധനെന്ന നിബന്ധനയോടെ. ഇതാണോ കൊട്ടിഘോഷിക്കപ്പെട്ട ദ്വാരകമാതൃക ധർമ്മസംസ്ഥാപനം?”, കൊട്ടാരം ലേഖിക ചോദിച്ചു. ഉറങ്ങുന്ന കൃഷ്ണന്റെ കട്ടിലിനിരുവശത്തും കാത്തിരുന്ന അർദ്ധസഹോദരർ തിരിച്ചു പോയ സായാഹ്നം.

“പാണ്ഡവർക്ക് സൂചി കുത്താനിടം തരില്ലെന്ന് ശഠിച്ച കൗരവർക്കു യാദവ സൈന്യത്തെ വിട്ടു കൊടുത്തത്, പ്രതിരോധച്ചെലവിൽ ഞങ്ങൾ നട്ടം തിരിയുന്നതിനു പരിഹാരമായി. നിരായുധനായി ഞാൻ പാർത്ഥസാരഥിയാവുമ്പോൾചക്രായുധത്തിനു പകരം കയ്യിൽ ചാട്ടയുണ്ടാവും. ഇരു ഭാഗത്തുമുള്ള കുറുമ്പന്മാരെ ഒതുക്കാനും മെരുക്കാനും വാമൊഴി ധാരാളം!”

◇ 2025/09/02 ◇

“വധു സുന്ദരിയും അഭ്യസ്ത വിദ്യയും ആയിരിക്കുക, സ്വയം വര പ്രതിയോഗികളുടെ ‘ഭീഷണ’ സാന്നിധ്യം കണ്മുന്നിൽ അറിയുക, മത്സര ജേതാവെന്ന നിലയിൽ അവളിൽ ഭ്രമിച്ചും, ഭർത്താവെന്ന നിലയിൽ അവളെക്കണ്ടു പരിഭ്രമിച്ചും, വിവാഹം കഴിക്കുക—‘വികാരജീവി’ക്കു എപ്പോഴാണ് വിശ്വമോഹിനിയിൽ ‘കൗതുകം’ നഷ്ടപ്പെട്ടത്?”. സുഭദ്രയുമൊത്തു ഇന്ദ്രപ്രസ്ഥത്തിൽ വെല്ലുവിളി പോലെ വന്ന അർജ്ജുനനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“മത്സരിച്ചുനേടിയ പെണ്ണുടലിൽ ‘പരമാധികാരം’ സ്ഥാപിച്ചുകഴിഞ്ഞാൽ, പ്രണയാവേശം അണയുമെന്നതൊരു സാമാന്യബോധമല്ലേ! അർജ്ജുനൻ, മേച്ചിൽ പുറങ്ങളിൽ പുതുപെണ്ണുടൽ നേടിവന്നപ്പോൾ, മഹാറാണി പാഞ്ചാലി വിരുന്നു ബഹിഷ്കരിച്ചതു നിങ്ങൾ കണ്ടില്ലേ? വ്യക്തമായല്ലോ, പ്രണയം, ഉടമസ്ഥാവകാശവുമായി അവളെങ്ങനെ എക്കാലവും കൂട്ടിവായിച്ചു!”

“അസന്തുഷ്ടമാണ് ദ്രൗപദിയുമൊത്തുള്ള ദാമ്പത്യജീവിതമെങ്കിൽ, ഇനിയും വച്ചുനീട്ടാതെ ആ ‘കെട്ടു’ പൊട്ടിച്ചുകൂടെ?” കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം. കളികഴിഞ്ഞു വന്ന പാഞ്ചാലി, ഈറൻതുണി വെയിലത്തിടുന്നതു ജാലകത്തിലൂടെ കാണാമായിരുന്നു. അക്ഷയപാത്രത്തിൽ നിന്നും വിശപ്പടക്കിയ പാണ്ഡവർ ചൂതാട്ടത്തിൽ ‘നൈപുണ്യവികസനം’ നേടുന്ന മദ്ധ്യാഹ്നം.

“ഊഴം തെറ്റിച്ചും ഉടൽ സേവനം നേടാൻ, പാഞ്ചാലിയുമായി അതിരുവിട്ട ഇഷ്ടം കൂടുന്ന ആദ്യകാലങ്ങളിൽ ഞങ്ങൾ അഞ്ചുപേർക്കും അബദ്ധം പറ്റി. ഹൃദയം തുറന്ന ഏറ്റുപറച്ചിലുകൾക്കിടയിൽ, പാണ്ഡു/കുന്തി/മാദ്രിമാരുടെ കുടുംബരഹസ്യങ്ങൾ ഞങ്ങളുടെ ‘ഓർമപ്രകാശന’ത്തിലൂടെ അവളുടെ പക്കൽ ഇപ്പോഴും ഉണ്ട്. കാലാന്തരത്തിൽ കുമിഞ്ഞ അസ്വാരസ്യമുണ്ടെങ്കിലും, വിവാഹബന്ധം വേർപെട്ടു പാഞ്ചാലി സ്വതന്ത്രയായി പോയാൽ, പൗരാവകാശത്തോടൊപ്പം രാജസ്ത്രീപദവിയും കൊടുത്തു ദുര്യോധനൻ ആ “വിഴുപ്പ്” തട്ടിയെടുക്കും എന്നതാണ് ഞങ്ങളുടെ ഭീതി.”

◇ 2025/09/03 ◇

“പാണ്ഡവർക്കെതിരെ വന്യജീവി സംരക്ഷണ നടപടി! കൃഷിഭൂമിക്കായി മരങ്ങൾ മുറിക്കുന്നതിനിടെ പക്ഷികൾ ചത്തുപോയ സംഭവത്തിലവരെ പ്രതിചേർക്കാൻ നിങ്ങൾക്കെന്തവകാശം എന്നാണ് നകുലൻ ചോദിക്കുന്നത്? മഹാരാജാപദവി സ്ഥാനത്യാഗം ചെയ്തിട്ടില്ലാത്ത ധൃതരാഷ്ട്രർ, കുരുവംശരാജമുദ്രയിൽ, പാണ്ഡവർക്ക് ഔദ്യോഗികമായി ചാർത്തിക്കൊടുത്ത ഇഷ്ടദാനമല്ലേ ഖാണ്ഡവപ്രസ്ഥം? അതിലിനി എന്തു മേൽനടപടിക്കാണ് നിയമസാധുത?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. ഒരിക്കൽ ഗംഗാതടത്തിന്റെ ശ്വാസകോശം എന്നറിയപ്പെട്ട കൊടുംകാട്, പാണ്ഡവർ തീവയ്ക്കുന്ന സംഘർഷ ദിനങ്ങൾ.

“അമ്പതിലേറെ നീർക്കാക്ക കുഞ്ഞുങ്ങൾക്കു പാണ്ഡവരുടെ ആദ്യഘട്ട മരംവെട്ടലിൽ ജീവൻ നഷ്ടമായെന്നാണ് പ്രാഥമികനിഗമനം. ഹസ്തിനപുരി വന്യജീവി സംരക്ഷണ നിയമപ്രകാരം തന്നെയാണ് നടപടി. മുട്ട വിരിഞ്ഞശേഷം, പക്ഷിക്കുഞ്ഞുങ്ങൾക്ക് പറക്കാനായ ശേഷമേ ഖാണ്ഡവപ്രസ്ഥത്തിൽ മരം മുറിക്കാവൂ എന്ന നിബന്ധന ഇഷ്ടദാനരേഖയിൽ നിലനിൽക്കുന്നു! ഒരിക്കൽ ഖാണ്ഡവ വനമേഖല, ഹസ്തിനപുരിയുടെ അവിഭാജ്യ ഘടകമായിരുന്നു എന്ന വസ്തുതയുടെ പിൻബലം ഈ നടപടിയെ സാധൂകരിക്കും. നിയന്ത്രിത മരംമുറിക്കൽ എന്ന കർശന നിബന്ധന പാണ്ഡവർ മനഃപൂർവം ലംഘിച്ചെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഹസ്തിനപുരി വനം വകുപ്പിന്റെ നടപടി. ഉദ്യോഗസ്ഥർ പ്രദേശവാസികളിൽ നിന്നും വിശദമൊഴി എടുത്തു വരുമ്പോൾ നകുല നേതൃത്വത്തിൽ ഒരു സംഘം സാമൂഹ്യവിരുദ്ധർ വഴി തടഞ്ഞു ഭീകരാന്തരീക്ഷം സൃഷ്ടിച്ചു എന്ന വാർത്ത നിങ്ങൾ തമസ്കരിച്ചെങ്കിലും ഞങ്ങൾക്കത് നിസ്സാരമായി കാണാനാവില്ല. കാടു വളഞ്ഞു മാരകായുധങ്ങൾ ഉപയോഗിച്ച് വനം അഗ്നിക്കിരയാക്കാനുള്ള പദ്ധതിയുണ്ടെന്ന് തദ്ദേശവാസികളുടെ സാക്ഷി മൊഴിയുണ്ട്. സുരക്ഷാ കാരണങ്ങളാൽ പേരൊന്നും നിങ്ങൾ ചാടിക്കയറി വെളിപ്പെടുത്തരുതേ. ധർമ്മപുത്രർ എന്നറിയപ്പെടുന്ന കപടനാട്യ യുധിഷ്ഠിരനെ അഴിയെണ്ണിക്കാൻ ഇതൊക്കെ ധാരാളം. ഖാണ്ഡവപ്രസ്ഥം പതാകയും ഭരണഘടനയുമുള്ള പരമാധികാര രാജ്യമാക്കാൻ പാണ്ഡവർ യാഗം നടത്തുമെന്നറിയുന്നു. അതിലോല ആവാസ വ്യവസ്ഥയോടുള്ള ഏതു നീക്കവും സംശയത്തോടെ കാണാൻ കൊട്ടാരം ലേഖികയെപ്പോലുള്ളവർ ഒരു നിമിഷം പോലും സംശയിക്കരുതേ!”

“ഉള്ളിലിരിപ്പ് അറിഞ്ഞാൽ മതി എന്ന് പറഞ്ഞല്ലേ പാഞ്ചാലി നിങ്ങളെ നൃത്തമണ്ഡപത്തിലേക്ക് അയച്ചത്?എന്നിട്ടും...”, കൊട്ടാരം ലേഖിക ചോദിച്ചു. കീചകകൊലയാളി ഭീമൻ വിരാടരോഷം നേരിടുന്ന നേരം.

“അണിഞ്ഞൊരുങ്ങി സുഗന്ധംപൂരട്ടി ആ യുവകോമളൻ സൈരന്ധ്രിയെ കാത്തിരിക്കുന്നത് കണ്ടപ്പോൾ കരൾ വെന്തു. പാഞ്ചാലിയായിരുന്ന മുൻവാക്കനുസരിച്ചു ചെന്നിരുന്നതെങ്കിൽ?, വാരിപ്പുണർന്നവർ ഓമനിക്കുന്നത് ഭാവനയിൽ തെളിഞ്ഞപ്പോൾ—ഈ കൈകളിൽ എനിക്ക് നിയന്ത്രണം നഷ്ടപ്പെട്ടുവോ?”

“അല്ല, പൊള്ളുന്ന പ്രശ്നം എന്താണ്?”, അക്ഷമയോടെ കൊട്ടാരം ലേഖിക ചോദിച്ചു.

“അന്തിയുറങ്ങാൻ, ‘ഉടയോൻ’ ദുര്യോധനൻ തന്നത് കാട്ടുകുടിലിലെ ഈ ഒറ്റ മുറി. ഊണ് കഴിക്കാൻ ചമ്രം പടിഞ്ഞിരിക്കുന്നതും, ഉണ്ടകഴിഞ്ഞാൽ ചുവർചാരി ഇരിക്കുന്നതും, നായാടിവന്നാൽ നടു നിവർക്കുന്നതും ഠ വട്ടത്തിൽ. നിസ്സാര കാര്യത്തിനു നീരസം തോന്നിയാൽ, വിരൽ ചൂണ്ടി പുറത്താക്കും. അഞ്ചു ആണുങ്ങൾക്കും ഒരു പെണ്ണിനും ഇടപെടേണ്ട ഞെരുങ്ങിയ ഇടത്തിൽ, “എന്റെ സ്വകാര്യത മാനിക്ക്” എന്ന് ഒരാൾ മുഖം കറുപ്പിച്ചു പറഞ്ഞാൽ, ബാക്കി അഞ്ചുപേർ എന്ത് ചെയ്യും? ചൂതുകളിയിൽ തോറ്റ അടിമകളോ ഞങ്ങൾ? ബഹുഭർതൃത്വ ദാമ്പത്യത്തിലെ ആണിരകളോ? അക്ഷമയില്ലാതെ നിങ്ങൾ പറയൂ.”

“സ്ത്രീവേഷം ധരിച്ച മുഖാവരണത്തോടെ, പാഞ്ചാലിക്ക് പകരം കീചകചിതയിൽ ചാടാൻ താൻ തയ്യാറായിരുന്നു എന്ന് ഭീമൻ, ഒരു അഭിമുഖത്തിൽ. കീചകമരണത്തിനു കാരണം പാഞ്ചാലി തന്നെയെന്ന് വിരാടറാണി, ബന്ധുക്കൾക്കിടയിൽ പാട്ടാക്കിയപ്പോൾ, അവിവാഹിത കീചകന്റെ അന്ത്യസ്ഥലിയിൽ അടങ്ങണം പാഞ്ചാലി എന്നവർ വിധിയെഴുതി. എങ്ങനെ പ്രതികരിക്കുന്നു? വേദവ്യാസന് ചോർത്തി കിട്ടാതിരുന്ന കൊട്ടാര രഹസ്യങ്ങൾ വരുംയുഗത്തിലെ വായനക്കാർക്കായി ‘ഹസ്തിനപത്രിക’ സംഭരിക്കുന്ന മഹായജ്ഞത്തിലാണ്. സഹകരിക്കുമല്ലോ.”, കൊട്ടാരം ലേഖിക ഹസ്തിനപുരി മഹാറാണിയെ അഭിവാദ്യം ചെയ്തു.

“ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ എന്നർത്ഥഗർഭമായി പറഞ്ഞത് കേട്ടപ്പോൾ, ഭീമൻ, പരിഭ്രമത്തിൽ, ‘ഇനിയെന്ത് വേണം ഞാൻ’ എന്ന് നകുലനോട് ചോദിച്ചു. ‘എന്നാൽ നിങ്ങൾ തന്നെ കീചകചിതയിൽ ചാടൂ’ എന്ന് നകുലൻ പരിഹസിച്ചത് വസ്തുത. പാഞ്ചാലിയുടെ രക്ഷക്ക് ഞാൻ ജീവത്യാഗത്തിനും തയ്യാർ എന്ന് അപ്പോഴാണ് ‘മന്ദബുദ്ധി’ ഐതിഹാസിക പ്രസ്താവനയാക്കിയത്”, കുരുക്ഷേത്ര വിധവകളുടെ പുനരധിവാസം എന്ന വിഷയത്തിൽ സംവാദം ഉൽഘാടനം ചെയ്തു വീട്ടിലേക്കു മടങ്ങുകയായിരുന്ന പാഞ്ചാലി കൊട്ടാരം ലേഖികയെ രഥത്തിൽ അടുത്തിരുത്തി.

◇ 2025/09/04 ◇

“യുധിഷ്ഠിരൻ പരമാധികാര ലഹരിയിലാണല്ലോ, ആശംസപ്രസംഗം നടത്തി വേദിയിൽ നിന്നിറങ്ങിപ്പോവുന്ന നാലുസഹോദരന്മാരെ ഒന്ന നോക്കുന്നത് പോലുമില്ല”, കൊട്ടാരം ലേഖിക യുദ്ധകാര്യ ലേഖകനോട് പറഞ്ഞു. ഊട്ടുപുര.

“പൊങ്ങച്ചം നിറഞ്ഞുതുളുമ്പുന്ന ആ കോമളമുഖം ഞാനും ശ്രദ്ധിച്ചു. ആശംസാപ്രസംഗങ്ങൾ, സത്യപ്രസ്താവന തന്നെ ആണെന്ന് ഒരു പക്ഷേ, അയാൾക്ക് തോന്നി തുടങ്ങിയോ!”

“പന്ത്രണ്ടുകൊല്ലം പാഞ്ചാലി കാട്ടിൽ കൗരവഅടിമയായി കഷ്ടപ്പെടുമ്പോഴും നിങ്ങൾ, ഹസ്തിനപുരി കൊട്ടാരത്തിൽ അവൾക്കു വേണ്ടി ‘ചെറുവിരൽ അനക്കിയില്ലെ’ന്ന ദുര്യോധനൻ പറഞ്ഞപ്പോൾ ഞങ്ങൾ ഞെട്ടി. ഇത്രക്കാകാമോ ഹൃദയ ശൂന്യത! ഒന്നുമല്ലെങ്കിൽ നിങ്ങളുടെ അഞ്ചു പേരക്കുട്ടികൾക്ക് ജന്മം നൽകിയ സ്ത്രീയല്ലേ അവൾ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. പാണ്ഡവരുടെ വനവാസക്കാലത്തു ഗാന്ധാരിയുടെ തോഴിയായി അരമനയിൽ കുന്തി സ്വസ്ഥമായി കഴിയുന്ന കാലം.

“കാട്ടിൽ ബാല്യകൗമാരങ്ങൾ കഴിഞ്ഞ പാണ്ഡവർക്ക് ഞാനൊന്നും ചെയ്തില്ലായിരിക്കാം, എന്നാൽ എന്നെപോലെ ഒന്നിലധികം പുരുഷന്മാരുമൊത്തു രാപ്പകൽ വിധേയപ്പെട്ട പാഞ്ചാലിക്ക് പരുത്തിത്തുണികളും ചർമ്മപരിപാലനത്തിനു സുഗന്ധതൈലവും ശരീരശുചിത്വത്തിനു പച്ചില മരുന്നുകളും വിശ്വസ്തചാരൻവഴി അവൾക്കെത്തിച്ച കൊടുത്തത് ആരെന്നാണ് മനസ്സിലാക്കിയത്? ആ കരുതലും ദുര്യോധനൻ തട്ടിയെടുക്കുമോ?”

“പൊട്ടിക്കരയാൻ മാത്രം എന്തുണ്ടായി പ്രഭാഷണത്തിൽ? വസ്ത്രാക്ഷേപവിങ്ങൽ ഇനിയും തീർന്നില്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ദുര്യോധനവിധവയുടെ ആവശ്യമായിരുന്നു, ഞാൻ ‘ഉള്ളിലുള്ളത്’ പറയണം. കൗരവ കൗമാരങ്ങളായിരുന്ന സദസ്സിൽ. ചൂതാട്ടസഭയിലെ ഉടുതുണിക്ഷാമമൊന്നുമായിരുന്നില്ല നാവിൽ. അടിമജീവിതത്തിൽ നിലാവെളിച്ചം തന്ന കൊച്ചുകൊച്ചു കൗതുകങ്ങൾ. വൃത്തിയുള്ള പരുത്തിത്തുണി മുതൽ സുഗന്ധതൈലങ്ങൾ വരെ പ്രണയപരിപാലനത്തോടെ രഹസ്യദൂതൻ വഴി അവൻ എനിക്കയച്ചതന്നു. സ്വത്തുതർക്കത്തിൽ ഞാൻ നിക്ഷ്പക്ഷത പാലിക്കാതിരിക്കാൻ കൗരവചോര മുടിയിൽ പുരട്ടും എന്ന് ഭീമൻ എന്നെ പേടിപ്പിച്ചപ്പോൾ പ്രതികാരത്തിന് സമയമായി എന്ന് ദുര്യോധനൻ എനിക്കുറപ്പു തന്നു. എന്നാൽ അധാർമിക ഭീമഗദാപ്രഹരത്തിൽ വീണ പ്രിയപ്പെട്ടവനെ കോരിയെടുത്തു സാന്ത്വനിപ്പിക്കുന്നതിനു പകരം, ഉന്മത്തപാണ്ഡവർക്കൊപ്പം ഹസ്തിനപുരിയിലേക്കു കാൽ മുന്നോട്ടു വച്ചപ്പോൾ, ഞാൻ സ്ത്രീത്വത്തെയും മാതൃത്വത്തെയും അവഹേളിക്കുകയായിരുന്നു!”.

“ചക്രവ്യൂഹകെണികളെ കുറിച്ച് വിദഗ്ദ പരിശീലനം നേടാതെ, എടുത്തുചാടി, പുറത്തു വരാനാവാതെ, ചവിട്ടും തൊഴിയും ഏറ്റ് മരിച്ചുപോയ അഭിമന്യുവിനെ ‘വാഴ്ത്തപ്പെട്ടവൻ’ എന്ന് പ്രഖ്യാപിക്കുന്നത് പുതു തലമുറ സൈനിക ശാസ്ത്രവിദ്യാർത്ഥികൾക്ക് തെറ്റായ സന്ദേശം നൽകുമെന്ന് തക്ഷശിലയിൽ നിന്ന് വാർത്തയുണ്ടല്ലോ. ‘പത്രിക’യിൽ കൊടുക്കണോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ശ്രാദ്ധം ചെയ്തിട്ടും, ‘കൗരവപ്രേത’ങ്ങൾ ഹസ്തിനപുരി വിട്ടു പൂർണമായും പോയിട്ടില്ല അല്ലേ!”

“ഞങ്ങളെ അറിയാമോ എന്ന് വിതുമ്പി, നാലു വന്ദ്യ വയോധികർ അതിർത്തി സംരക്ഷണ സൈന്യത്തിന്റെ അകത്തളത്തിലേക്കു അതിക്രമിച്ചുകയറി, രഹസ്യവാതിൽ തള്ളിത്തുറക്കാൻ പാടുപെടുന്നത് കണ്ടു ഞാൻ അവരെ കൂട്ടിക്കൊണ്ടു പോയി ലഘുപാനീയം കൊടുത്തു ശാന്തരാക്കി ഒന്നൊന്നായി കൂടെ ഇരുത്തി, ആരെന്നറിയാൻ മൂദുവായി ചോദ്യം ചെയ്തു.”, പുതുതലമുറ കാവൽക്കാരൻ, പാണ്ഡവ ഭരണകൂടത്തിലെ ചാരവകുപ്പ് മേധാവി നകുലനെ ഉപചാരപൂർവ്വം അറിയിച്ചു.

“ആരാണവർ, എന്താണവർക്കു വേണ്ടത് എന്നന്വേഷിച്ചപ്പോൾ കൃത്യം എത്ര വിവരം നിനക്ക് കിട്ടി?”

“ഭീമൻ ബലം പ്രയോഗിച്ചു കാട്ടിൽ കൊണ്ടുപോയി തള്ളിയിട്ട രാജകുടുംബാംഗങ്ങൾ. ഇതിലെന്തോ ദുരൂഹത തോന്നിയത് കൊണ്ടാണ് സേനാധിപതി എന്നെ ഈ രഹസ്യദൗത്യത്തിൽ ഇങ്ങോട്ടു വിട്ടത്. കൊച്ചു കുട്ടികളെ പോലെ അവർ വെറും നിലത്തിരുന്നു വിതുമ്പിക്കൊണ്ടിരുന്നു. പട്ടിണിയോ രോഗമോ, എല്ലുംതോലുമായിരുന്നു. ഒരു വൃദ്ധൻ അന്ധനായിരുന്നു. അയാൾക്കൊപ്പം ഇരുന്ന വൃദ്ധ കീറത്തുണികൊണ്ട് കണ്ണ് കെട്ടിയിരുന്നു. കുന്തി എന്ന് വേറൊരു വൃദ്ധ സ്വയം പരിചയപ്പെടുത്തി. നാലാമത്തെയാൾ വിദുരർ എന്നോ മറ്റോ പിറുപിറുത്തു.”

“രാജ്യദ്രോഹത്തിനു ശിക്ഷിക്കപ്പെട്ടവരാണവർ. എന്ത് കൗശലം കാണിച്ചാലും ഒരാളെയും പുറത്തു വിടരുത്. പരസ്പരം ബന്ധപ്പെടാൻ സമ്മതിക്കാതെ മയക്കിക്കിടത്തുക. വേഷം മാറി ഞങ്ങൾ ഒന്ന് രണ്ടു പാണ്ഡവർ വന്ന അവരെ കാട്ടുതീ സാധ്യതയുള്ള വേറൊരു വനത്തിൽ രഹസ്യമായി തള്ളും. പരമ രഹസ്യവിവരം ഇരു ചെവിയറിഞ്ഞാൽ നീ പ്രായഭേദമില്ലാത്ത ലോകത്തേക്ക് എന്നെന്നേക്കുമായി അന്തിമയാത്ര പോകും. എന്റെ കൂടെ എന്നും നിന്നാൽ, പ്രായത്തിൽ കവിഞ്ഞ പദവി നിനക്ക് ഉറപ്പ്.”

◇ 2025/09/05 ◇

“പ്രിയ അധ്യാപകൻ എന്നു സ്മരിക്കാൻ നിങ്ങൾക്കാരുണ്ട്? അതിനു ശേഷം, തക്ഷശില സർവ്വകലാശാല രാജ്യതന്ത്ര വകുപ്പിലെ ‘പ്രഗൽഭരെ’ ഞാൻ ഒന്നൊന്നായി അനുസ്മരിക്കാം!”, കൊട്ടാരം ലേഖിക കർണ്ണനോട് മത്സരിച്ചു. ഉത്തമവിദ്യാഭ്യാസ ‘മാതൃക’ ദ്രോണാചാര്യരെ ആദരിക്കുന്ന വാർഷികോത്സവത്തിൽ ദുര്യോധനനുമൊപ്പം എത്തിയതായിരുന്നു, കർണ്ണൻ.

“രണ്ടു ‘മഹാബ്രാഹ്മണ’രെ വ്യത്യസ്തരീതികളിൽ ഈ അവസരത്തിൽ ഞാൻ ഓർക്കുന്നു, ഒരാളെ നീരസത്തോടേ, മറ്റെയാളെ അസഹിഷ്ണതയോടെ. സൈനികശാസ്ത്രം പഠിക്കാൻ ഞാൻ ആദ്യം ചെന്നത് ദ്രോണരുടെ ഗുരുകുലത്തിലാണ്. മുഖതേജസ്സും ആരോഗ്യവും കാണുമ്പോൾ, ഒരു സൂര്യനെ പോലെ ശോഭിക്കുന്ന അഭിജാതനെന്ന ദ്രോണമുൻവിധിയോടെ ഞാൻ ഉടൻ പ്രവേശനം പ്രതീക്ഷിക്കുമ്പോൾ, കീഴാള സൂതവംശത്തെക്കുറിച്ചു ഗുരുവിനു, ‘മത്സരബുദ്ധി’യായ അർജ്ജുനൻ രഹസ്യവിവരം കൈമാറി.”

“നിന്നെ ഗുരുകുലത്തിൽ ചേർത്ത് കൗരവ പാണ്ഡവർക്കൊപ്പം പഠിപ്പിച്ചാൽ ഞാൻ, കൗരവ പിതാവ് ധൃതരാഷ്ട്രരുടെ കോപത്തിനു ഇരയാവുമെന്നു പറഞ്ഞു, ഉടൻ പുറത്താക്കിയ ഗുരുദ്രോണരോടുള്ളത് ഭീരുവിനോടുള്ള സഹതാപം. പിന്നീട് ഞാൻ ചെന്നത് ദൂരെ ദൂരെ പരശുരാമ ശിഷ്യനാവാൻ! അങ്ങനെ സൈനികവിദ്യാഭ്യാസം കഴിഞ്ഞു പുറത്തു വരുമ്പോളായിരുന്നു, അശ്രദ്ധ കൊണ്ടെന്റെ സൂതവംശം വെളിപ്പെട്ടതും, “എന്നെ കബളിപ്പിക്കാൻ ശ്രമിച്ച നിന്റെ സൈനികവിദ്യ, ഭാവിയിൽ ഫലിക്കാതെ പോട്ടെ” എന്ന് എന്നെ ശപിച്ചതും. ദശാബ്ദം നീണ്ട എന്റെ വിദ്യാഭ്യാസം, ശാപവാക്കുകൊണ്ടയാൾ റദ്ദു ചെയ്തു. ജാതിക്കോമരം ബ്രാഹ്മണപരശുരാമന് മുമ്പിൽ വിദ്യാദേവത അവഹേളിക്കപ്പെട്ട ദുർദിനമാണ് ഇന്ന് എന്റെ കൈപ്പുനീർ ഓർമ്മ!”

“അല്ല, എന്തിനാണ് എല്ലാവരുംകൂടി വലിയ സൈന്യവുമായി വിരാടത്തിലേക്കു പോയത്?”, ഹസ്തിനപുരത്തിൽ മടങ്ങി വന്ന കൗരവസംഘത്തെ നോക്കി കൊട്ടാരം ലേഖിക വിസ്മയത്തോടെ ചോദിച്ചു.

“ആരെ കൊല്ലാനാണു പിതാമഹനെയും ദ്രോണരെയും കൂടെ കൊണ്ടു പോയത്?”

“പാണ്ഡവസഹോദരർ അവിടെ അജ്ഞാത വാസത്തിൽ വിരാട അടിമകളായി കഷ്ടപ്പെടുന്നുണ്ട് എന്നറിഞ്ഞു ഐക്യദാർഢ്യം പ്രകടിപ്പിക്കാൻ ചെന്ന ഞങ്ങളെ കീചകന്റെ കിങ്കരന്മാർ, പാണ്ഡവരെ മുഖം കാണിക്കാൻ സമ്മതിക്കാതെ, തിരിച്ചയച്ചു. പോരാട്ടപരാജയമല്ല സമാധാനദൂതിനൊരു കാലിടറൽ!”

“വ്യാസനെ കണ്ടിട്ട് കാലമെത്രയായി”, ഭീമൻ വിഷാദസ്വരത്തിൽ ഓർത്തു.

“കോവർകഴുതകളും സഹായികളുമായി പനയോലക്കെട്ടു കൊണ്ടു വരാൻ ദക്ഷിണാപഥത്തിൽ പോയിരിക്കയാണെന്ന് കേട്ടു. യുദ്ധം കഴിഞ്ഞാൽ ഉടൻ കുരുവംശചരിത്രം എഴുതും. ജേതാവിന് അനുകൂലമായി വ്യാസൻ കെട്ടിപ്പൊക്കും ഒരു മഹാഭാരത കഥ.”

“എന്തായിരുന്നു കുട്ടിപ്പിടിച്ച കൈക്കുമ്പിളിൽ?”, നീരൊഴുക്കിൽ അർജ്ജുനഭാര്യമാർ സുഭദ്രയും പാഞ്ചാലിയും.

“നിങ്ങൾക്കറിയാത്തതു കൊണ്ടാണ്. ഞാനെന്തോ ഓർത്തു ഋശ്യമൂകാചലം എന്നോ മറ്റോ ഒരിക്കൽ പറഞ്ഞു. അവൻ കേട്ടത് കല്യാണസൗഗന്ധികം എന്നായി. അലഞ്ഞു ക്ഷീണിച്ചു അവശനായി അവനുണ്ട് രാത്രി മടങ്ങി വരുന്നു, ഒരിലക്കുടിൽ വാടിയ പൂക്കളുമായി. അതുപോലെ ഞാൻ പിന്നെ ഒരിക്കൽ പറഞ്ഞു, എന്റെ ഉടുതുണിയുരിച്ചിറിച്ച കൗരവനെ കൊന്ന ചുടുചോര കാണിക്കണം. ഇന്നുച്ചക്കു കൗരവചോര കൊണ്ടു വന്നെന്റെ മുടിയിൽ തേച്ചു അവൻ പിടിപ്പിക്കുന്നു. കഴുത്തുകടിച്ചു മുറിച്ചു വളർത്തുമൃഗത്തിന്റെ ചോരയൂറ്റിക്കുടിക്കുന്നവനുണ്ടോ യുദ്ധമര്യാദയുടെ ലംഘനത്തെ കുറിച്ചെന്തെങ്കിലും പിടിപാട്ട്”, മുടിയിൽ പച്ചിലച്ചാർത്തു തേച്ചു ചോരക്കറ നീക്കുന്ന പാഞ്ചാലിമുങ്ങി നിവർന്നു.

◇ 2025/09/06 ◇

“കൗരവരാജ വധുക്കൾ പാഞ്ചാലിയെ കാണാൻ വരിനില്ലയോ? എന്തിന്? കൗരവരും പാണ്ഡവരും നേരിൽ കണ്ടാൽ ‘കൊത്തിക്കീറുന്ന’ ഹസ്തിനപുരിയിൽ?”, കൊട്ടാരം ലേഖിക കൊളുത്തിട്ടു.

“അഞ്ചു പാണ്ഡവ പോരാളികളെ ആദ്യരാത്രിയിൽ തന്നെ കിടപ്പറഅടിമകളാക്കിയ ഈ ‘കുത്തയക്ഷി’യിൽ നിന്ന് രഹസ്യപാഠങ്ങൾ പഠിച്ച വേണം, ഞങ്ങളെ അന്തഃപുരത്തിൽ ഉന്മാദിനികളാക്കിയ ന്യൂഭർത്താക്കന്മാരെയും ദാമ്പത്യപരിചരണത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിക്കുവാൻ”, കൗരവസ്ത്രീകൾ പറഞ്ഞു. അവസരം കണ്ടെത്തി പാഞ്ചാലിയെ നാടുകടത്തി വേണം കൗരവരുടെ സംഘടിതപുരുഷാധിപത്യം അന്തഃപുരത്തിൽ നിലനിർത്താൻ എന്ന് ദുശ്ശാസനൻ ദുര്യോധനൻ എന്നിവർ കടുത്ത തീരുമാനം എടുത്തത് അങ്ങനെ ആയിരുന്നു.

“ചെറുക്കാനുള്ളതാണ് വാക്ക്, പാടി പുകഴ്ത്താനുള്ളതല്ല” പാഞ്ചാലി.

“രാജസൂയ യാഗം ചെയ്ത ഞാൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായി. കൌരവർ നമുക്കിനി സാമന്തർ! എന്നിട്ടും ഒരു വാക്ക് പ്രശംസ നിന്നിൽ നിന്നുണ്ടായില്ലല്ലോ പാഞ്ചാലീ”, യുധിഷ്ഠിരന്റെ സ്വരത്തിൽ, ഖേദം കലർന്ന പരിഭവം നിറഞ്ഞു.

“വാക്ക് എനിക്ക് പ്രതിരോധിക്കാൻ ഉള്ളതാണ്. പുകഴ്ത്താനുള്ളതല്ല.”

◇ 2025/09/07 ◇

“പാഞ്ചാലിയെ രാവിലെ ഉദ്യാനത്തിൽ കണ്ടാൽ നീ ഉടൻ അവളെ കയറി വന്ദിക്കുന്നത് കാണാം, അവൾ നിന്റെ ആശംസ കണ്ടതായി തോന്നാറില്ല”, അർജ്ജുനൻ നകുലനോട് ചോദിച്ചു. ഇന്ദ്രപ്രസ്ഥം.

“ഞാൻ പാഞ്ചാലി എന്ന സ്ത്രീയുടെ വ്യക്തിത്വം അംഗീകരിക്കുമ്പോൾ, ഔദ്യോഗികഭർത്താവായ നിങ്ങൾ അവളുടെ ബഹുഭർതൃത്വദാമ്പത്യത്തെ അംഗീകരിക്കാതെ വാടിയ മുഖത്തോടെപരിഭവിക്കുന്നു.”

“ഉത്സവകാലത്തു ഇന്ദ്രപ്രസ്ഥം ചക്രവർത്തിയും കുടുംബവും ഔദ്യോഗികമായി ഹസ്തിനപുരി സന്ദർശിക്കുന്നു എന്ന് ഭരണകൂടവക്താവ് നകുലൻ അറിയിച്ചല്ലോ. എന്നാൽ ഹസ്തിനപുരി കൊട്ടാര ചുമതലയുള്ള സർവാധികാരിയുടെ സ്ഥിരീകരണം കണ്ടില്ല” കൊട്ടാരം ലേഖിക കുട്ടികാരനോട് പറഞ്ഞു.

“പരസ്യപ്രസ്താവന വിലക്കി ദുര്യോധനൻ. കളിച്ചു തോൽപ്പിച്ചു കാട്ടിൽ അയക്കാനുള്ള കരുക്കളാണ് സാമന്ത കുരുവംശ രഹസ്യനിർമിതിയിൽ. ഉടുതുണി ഉൾപ്പെടെ ഉരിഞ്ഞുവീഴും, രാജപദവിയും എല്ലാം”, യുദ്ധകാര്യ ലേഖകൻ ഭാവി വായിച്ചെടുത്തവനെ പോലെ വിവർണനായി.

“വനവാസക്കാലത്തെ അഭിമുഖങ്ങളിൽ കൊട്ടാരം ലേഖികയോട് ഞങ്ങളഞ്ചുപേരെ കുറിച്ചിനിയൊന്നും നീ കൂടുതൽ പറയാനില്ല എന്നറിയാമായിരുന്നു, പക്ഷേ, അക്ഷയപാത്രം നീ ദുര്യോധനനോട് യാചിച്ച നേടിയെടുത്തത് നിത്യവും വനാശ്രമത്തിൽ പാചകം ചെയ്യ വിളമ്പിത്തരാനുള്ള മടികൊണ്ടാണെന്നു പറഞ്ഞത് കുറച്ചു കടന്നു പോയി”, മഹാറാണിയുടെ രഥത്തിൽ നിന്ന് യാത്ര പറഞ്ഞിറങ്ങിപ്പോയ യുവസുന്ദരിയെ നോക്കി ധാർമിക രോഷത്തോടെ മഹാരാജാവ് യുധിഷ്ഠിരൻ പരിഭവിച്ചു.

“ദൂരെ ദൂരെ ഹിമാലയതാഴ്വരയിൽ ഇരുന്നു ഞാൻ അക്കാലത്തു ചെയ്തിരുന്ന വെളിപാടുകൾ ഊർജ്ജസ്വലയായ ഒരു പത്രപ്രവർത്തക ഏതൊക്കെ തരത്തിൽ ദുർവ്യാഖ്യാനം ചെയ്യ വേണം സൗജന്യങ്ങൾ വാരിത്തരുന്ന അന്നന്നത്തെ ഭരണകൂടത്തെ തൃപ്തിപ്പെടുത്താൻ എന്ന് ഇപ്പോൾ ഭരണയന്ത്രം തിരിക്കുന്ന നിങ്ങൾക്കിനിയും ആലോചിച്ചാൽ മനസ്സിലാവുന്നില്ലേ?”

“‘പരിപ്രേക്ഷ്യ’ത്തിൽ പ്രതികരിക്കുന്ന ഏക പാണ്ഡവൻ നിങ്ങൾ എന്നാണല്ലോ വെപ്പ്. പാഞ്ചാലിയിൽ നിന്നും ‘മോചനം’ ദാമ്പത്യ സാധ്യതയായി നിങ്ങളഞ്ചു പേർ പരിഗണിച്ചിട്ടുണ്ടോ?” കൊട്ടാരം ലേഖിക സഹദേവനോട് ചോദിച്ചു.

“വെറും സാധ്യതയല്ല, വിമോചനവഴി തുണയായ സുരഭിലകാലം! അഞ്ചു കമിതാക്കളെ മുൾമുനയിൽ നിർത്താൻ കെൽപ്പുള്ള പാഞ്ചാലി, പായക്കുട്ടിനു തന്നിഷ്ടപ്രകാരം ഊഴം നടപ്പിലാക്കിയ രാത്രികാലം. അഞ്ചിലൊന്ന് ഊഴംതെറ്റിച്ചു എന്നെയവൾ വിരൽ ഞൊടിച്ചു തിരഞ്ഞെടുക്കും. മറ്റനാലു തിരസ്കൃതരും ഒത്തു ചേർന്നു “ബഹുഭർതൃത്വത്തിന്റെ സേവനനൈതികത നിഷേധിക്കുന്ന പാഞ്ചാലിയിൽ നിന്നും ഞങ്ങൾ സഹികെട്ടു ഇതാ വിവാഹമോചനം നേടുന്നു”, എന്നവർ മൂന്നു തവണ ആകാശത്തേക്ക് ദൃഷ്ടി പായിച്ചു ഉച്ചരിക്കും. അവർക്കിടയിൽനിന്നും പിറ്റെന്നൊരാൾ സ്വേച്ഛാധികാരത്തിൽ തിരഞ്ഞെടുക്കപ്പെടുമ്പോൾ മോചനപ്രഖ്യാപനം ഉപാധിരഹിതമായി പിൻവലിച്ചു അന്നുരാത്രി വിശിഷ്ട പായക്കുട്ടകാരനാവും. രാജസൂയ യാഗം ചെയ്ത സാമന്തരുടെ സർവാധികാരിയായി തിരുവസ്ത്രം ധരിക്കുന്ന യുധിഷ്ഠിരൻ, അവൾക്കു മുമ്പിൽ നിർല്ലജ്ജം മുട്ടുകുത്തുന്ന കാലം! അർദ്ധദേവ സ്ത്രീയുടെ രതിസംഹാരശക്തി ഓർത്തു അഭിമാനം തോന്നും, ‘ഇര’യാവും വരെ, കപട അഭിമാനം എന്നിലും കാടുപൂക്കും!”

◇ 2025/09/08 ◇

“എന്താണ് നന്നേ രാവിലേ പുഴയോരത്ത് മൺവെട്ടിയുമായി അഭ്യാസം?”, കൊട്ടാരം ലേഖിക ദുര്യോധന വിധവയോട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ദുര്യോധനന്റെ അന്ത്യവിശ്രമ സ്ഥലം, ഇനിയത് ചുടുകാടല്ല, പുതുതലമുറ കുട്ടികൾക്ക് ആഹ്ലാദിക്കാൻ പുഴയോര ഉദ്യാനം ആയിരിക്കണം എന്ന അന്ത്യാഭിലാഷം ഞങ്ങൾ ഏറ്റെടുത്തു. പ്രകൃതി കൂട്ടനിന്നു. നൂറു കൗരവസ്ത്രീകളും പുത്ര വിധവകളും കുട്ടികളും ഇവിടെ ശ്രമദാനം ചെയ്യും. പുഴ കാണാവുന്ന രീതിയിൽ പുഴയോരഭിത്തി കെട്ടും, പൂച്ചെടികൾ നട്ടു പിടിപ്പിക്കും നനക്കും, പരിപാലിക്കും, എല്ലാറ്റിലും കാണും പരേതകൗരവന്റെ പ്രകൃതിവന്ദനം. ഭക്ഷണം പോലും വേണ്ടത്ര തരാതെ പാണ്ഡവർ നിരുത്സഹപ്പെടുത്തുന്നു. എന്നാൽ ഞങ്ങൾക്ക് ഈ സ്മാരകനിർമ്മിതിയിൽ പൂർണ്ണപ്രതിബദ്ധത ഉണ്ടെന്നറിഞ്ഞപ്പോൾ പാഞ്ചാലി ആൾസഹായം ഉറപ്പുതന്നു. വേതനം തരാം, പാണ്ഡവഭരണകൂടത്തിന്റെ പ്രോത്സാഹനം! നിങ്ങൾ പറയൂ, അവരുടെ സഹായം കൈപ്പറ്റണോ ഞങ്ങൾ? അതോ ഭർതൃഭക്തി പെരുവഴിയിലൂടെ മുന്നോട്ട് പോണോ?”

“യുയുൽസു കുറുമാറി അല്ലെ”, യുദ്ധകാര്യലേഖകൻ ദുരോധ്യനനോട് ധാർമികരോഷ പ്രകടനത്തോടെ ചോദിച്ചു.

“കുറ്റ് മാറാതെയും, പാണ്ഡവർക്ക് രഹസ്യമായി മംഗളം ആശംസിച്ചും, വെറുതെ അമ്പും വില്ലും കൊണ്ട് കളിക്കുന്ന പിതാമഹനല്ലെ ഞങ്ങളുടെ സർവസൈന്യാധിപൻ? അതാണ് കവികൾ പണ്ടേ പറഞ്ഞത്, ഈ ലോകം നാം പ്രത്യക്ഷത്തിൽ കാണുന്ന പോലെ അല്ല. അടിയൊഴുക്കുകണ്ടെത്തേണ്ടത് നിങ്ങൾ”!, മാധ്യമലോകത്തെ അതിഥിക്ക് കാളത്തുട ഉപചാരപൂർവ്വം നീട്ടി ദുര്യോധനൻ കുരുക്ഷേത്ര ഊട്ടുപുരയിൽ നിന്ന് രാജകീയമായ ശരീരഭാഷയോടെ പുറത്തേക്കു കടന്നു.

◇ 2025/09/09 ◇

“ഓരോ അഭിമുഖത്തിലും വെളിപ്പെടുന്നല്ലോ ബഹുഭർത്തൃത്വം, ശരിക്കും ഒരു സഹനം എന്ന പ്രത്യാശാരഹിതമായ ദാമ്പത്യസൂചന?”, പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഇടനെഞ്ചിൽ എഴുത്താണി കൊണ്ട് പത്രപ്രവർത്തക കുത്തിയാലും തെറിക്കില്ലേ ചുടുചോര?”

“എന്താ മുഖത്തൊരുള്ളം കലങ്ങി മറിഞ്ഞ വിഷാദ ഭാവം? അതിർത്തിക്കപ്പുറത്തുനിന്ന് ‘നഴഞ്ചു കയറ്റ’ ഭീഷണി?”, ഗംഗയാറിലേക്കു തുറിച്ചു നോക്കുന്ന മഹാരാജാവ് ശന്തനുവിനോട് പുതുതായി ജോലിയിൽ പ്രവേശിച്ച കൊട്ടാരം ലേഖിക മുട്ടുകുത്തി കൈമുത്തി ചോദിച്ചു.

“ദൂരവ്യാപക പ്രത്യാഘാതങ്ങൾ പാടേ അവഗണിച്ചായിരുന്നില്ലേ ഞങ്ങളുടെ വിവാഹഉടമ്പടി? ഹൃദയശൂന്യമായ കരാർ വ്യവസ്ഥയിൽ ദേവസ്ത്രീ ഗംഗയെ ഞാൻ മഹാറാണിയാക്കി? എന്തനിഷ്ടം അവൾ കാട്ടിയാലും, ഞാൻ എതിർക്കരുത് എന്ന കുഞ്ഞക്ഷരങ്ങൾ നിറഞ്ഞ പനയോല അവൾ നീട്ടി. ഞാൻ ഒപ്പിട്ടു. നവജാത ശിശുക്കളെ മുക്കിക്കൊല്ലുന്നതാണ്, മാതൃത്വത്തിനു മൂല്യം! ‘ഒരു പെട്ടവ’ളുടെ പ്രസവാനന്തര പ്രഭാതവിനോദം ഞാൻ ഇത്ര പ്രതീക്ഷിച്ചില്ല.”

“അരുതേ ഇനിയും!”, എന്ന് എട്ടാം ശിശുഹത്യക്കവൾ ശ്രമിക്കുമ്പോൾ, ഞാൻ ഉള്ളം പൊള്ളിപ്പറഞ്ഞതോടെ ഉടമ്പടിയിൽ വിള്ളൽ വീണു എന്നവൾ വിരൽചൂണ്ടി. എന്താണ് അതിന്റെയൊക്കെ ഗുണപാഠമെന്നോ?: ശിശുഹത്യ ആയാലും, അരമനതൊഴിലിടങ്ങളിൽ വേതനപ്രശ്നമായാലും, കരാർ ‘കുഞ്ഞക്ഷരങ്ങൾ’ വായിച്ചു നിങ്ങൾ തിരുത്തൽ വരുത്തിയില്ലെങ്കിൽ, ഇത്തരം വിഷാദദൃശ്യങ്ങൾ ഇനിയും കാണേണ്ടിവരും. ദൈവമേ! ആരെയാണ് കൺമുമ്പിൽ ഞാനിപ്പോൾ ഈ കാണുന്നത്! നദി ഗംഗയിൽ നിന്നുയർന്ന തേജോമയയെനോക്കി, ശന്തനു ഒഴുക്കിലേക്ക് ഇറങ്ങിച്ചെന്നു, കൂടെ വന്ന ബാലൻ ആരെന്നറിയാൻ, കൊട്ടാരം ലേഖിക പിടയുന്ന മീൻപോലെ.

“അല്ല, നമ്മുടെ പഴയ വിഷാദരോഗി അർജ്ജുനനെന്തു പറ്റി! ഇത്തവണ അസ്തിത്വവ്യഥ?”, കൊട്ടാരം ലേഖിക ചോദിച്ചു. മുപ്പത്തിയാറുവർഷ പാണ്ഡവഭരണത്തിനു ശേഷം, അഭിമന്യുപുത്രൻ പരീക്ഷിത്ത്, ഹസ്തിനപുരി മഹാരാജാവായി അഭിഷിക്തനാവുന്ന അശാന്തനേരം.

“ദ്വാരകയിലെ സുഹൃത്തിനെന്തോ ദുരന്തം പറ്റിയോ? കടലെടുത്ത ദ്വീപിൽ ഒന്നും ഇനി ബാക്കിയില്ലെന്നു അർജ്ജുനസഹായി പറഞ്ഞാണ് ഞങ്ങൾ അറിയുന്നത്. ‘കേൾക്കുന്നതൊക്കെ ശരിയാണോ അർജ്ജുനാ?’ എന്നു യുധിഷ്ഠിരൻ പരിഭ്രാന്തനായ പോലെ. പരീക്ഷിത്തിന്റെ പട്ടാഭിഷേകത്തിന് അങ്ങനെ അവൻ ആക്കം കൂട്ടി. ഇന്നലെ എന്നോടൊപ്പം സ്വതന്ത്രമായി സമയം ചെലവഴിക്കുമ്പോൾ ഒരിക്കൽ വിതുമ്പി, “ഭാവി പ്രവചിക്കുന്നവനല്ലേ നീ! ജീവിതം അവസാനിപ്പിക്കണമെന്നു മനം ശഠിക്കുന്നു. അതെളുപ്പമാക്കി തരാൻ പാണ്ഡവമഹാപ്രസ്ഥാനം ആവശ്യമുണ്ട്. മൂപ്പിളമക്രമത്തിൽ, ആദ്യം മരിക്കേണ്ട ദ്രൗപദിക്ക്, തൊട്ടുമുമ്പിൽ നടക്കുന്ന നീ, മധുരവചനത്തോടെ വിഷം കൊടുക്ക! നിനക്ക് വിഷം, നകുലൻ. ഊഴക്രമത്തിൽ, അവസാനം യുധിഷ്ഠിരനെ ഒരു നാൽക്കാലി കൈകാര്യം ചെയ്യട്ടെ. വേടന്റെ ക്രൂരമ്പേറ്റ എന്റെ പ്രിയസാരഥി പോയതോടെ എനിക്ക് ജീവിതാസക്തി നഷ്ടപ്പെട്ടു. സ്വർഗജാതരുടെ ഭിഷഗ്വരന്മാരായ അശ്വിനീദേവതകൾക്കു മാദ്രിയിൽ പിറന്ന നിനക്കുണ്ടോ, സഹദേവ, അഞ്ചാറു മനുഷ്യരുടെ ‘സ്വാഭാവിക’ മരണം ഉറപ്പാക്കാൻ പ്രയാസം! വാക്കുതരൂ ഇളമുറ കൗന്തേയാ, പ്രിയ സഹദേവാ” അർജ്ജുനൻ മുഖം മറക്കാതെ വിതുമ്പി. അഭിനയം എന്നു പറയാൻ വരട്ടെ!”

“സംശയാസ്പദ സാഹചര്യങ്ങളിൽ, ബ്രാഹ്മണ വേഷധാരികളായി ഏകചക്ര ഗ്രാമത്തെരുവുകളിൽ ഭിക്ഷയാചിച്ചു നടക്കുന്ന ആറംഗ അഭയാർത്ഥി സംഘത്തെ കുറിച്ചെന്തെങ്കിലും വിവരം ദുര്യോധനന് രഹസ്യമായി എത്തിച്ചുവോ എന്ന് നിങ്ങളെ കാട്ടിലെ ഗുഹയിൽ വിളിച്ചു വരുത്തി ബകാസുരൻ ചോദ്യംചെയ്ത എന്ന് കേൾക്കുന്നല്ലോ. എങ്ങനെ കൈകാര്യം ചെയ്ത നിത്യവും ഒരു മനുഷ്യനെ അത്താഴമാക്കുന്ന ബകനെ?” കൊട്ടാരം ലേഖിക ഏകചക്ര ഗ്രാമപ്രമുഖനോട് ചോദിച്ചു.

“‘നിങ്ങളല്ലേ പാണ്ഡവരും കന്തിയും?’, എന്ന് ഞാനവരെ രാത്രി ചോദ്യം ചെയ്തു. അരക്കില്ലത്തിൽ കത്തിക്കരിഞ്ഞ ജഡങ്ങൾ കണ്ടെത്തിയെന്ന വാർത്ത, പാണ്ഡവകുടുംബം പൂർണ്ണമായും നാമാവശേഷമായതിന്റെ പ്രത്യക്ഷവും വിശ്വാസ്യവുമായ തെളിവല്ലേ എന്ന് അവർ തിരിച്ചടിച്ചു. ഇനിയും സംശയം തീരുന്നില്ലെങ്കിൽ, അവരിൽ മാംസളത കൂടുതലുള്ളവനെ ‘ബകഭക്ഷണം’ ആക്കി പ്രഖ്യാപിക്കാമെന്നറപ്പു നൽകി. ഇന്ന് ഭീമനെ അത്താഴമായി അയക്കുന്നു. കാഴ്ചകാണാൻ കൂടെപ്പോവുന്നോ?”

“പ്രതിസ്ഥാനത്തു ഭർത്താവല്ലേ? പിന്നെ എന്താ ഇരയ്ക്കു ഐക്യദാർഢ്യമെന്ന ഉപവാസ സമരം ഉത്ഘാടനം, നിങ്ങൾ?” കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് ചോദിച്ചു. മുപ്പത്തിയാറുവർഷ പാണ്ഡവഭരണത്തിനു ശേഷം, അഭിമന്യുപുത്രൻ പരീക്ഷിത്ത്, ഹസ്തിനപുരി മഹാരാജാവായി അഭിഷിക്തനാവുന്ന അശാന്തനേരം.

“ദ്വാരകയിലെ സുഹൃത്തിനെന്തോ ദുരന്തം പറ്റിയോ?കടലെടുത്ത ദ്വീപിൽ ഒന്നും ഇനി ബാക്കിയില്ലെന്നു അർജ്ജുനസഹായി പറഞ്ഞാണ് ഞങ്ങൾ അറിയുന്നത്. ‘കേൾക്കുന്നതൊക്കെ ശരിയാണോ അർജ്ജുനാ?’ എന്നു യുധിഷ്ഠിരൻ പരിഭ്രാന്തനായ പോലെ. പരീക്ഷിത്തിന്റെ പട്ടാഭിഷേകത്തിന് അങ്ങനെ അവൻ ആക്കം കൂട്ടി. ഇന്നലെ എന്നോടൊപ്പം സ്വതന്ത്രമായി സമയം ചെലവഴിക്കുമ്പോൾ ഒരിക്കൽ വിതുമ്പി, “ഭാവി പ്രവചിക്കുന്നവനല്ലേ നീ! ജീവിതം അവസാനിപ്പിക്കണമെന്നു മനം ശഠിക്കുന്നു. അതെളുപ്പമാക്കി തരാൻ പാണ്ഡവമഹാപ്രസ്ഥാനം ആവശ്യമുണ്ട്. മൂപ്പിളമക്രമത്തിൽ, ആദ്യം മരിക്കേണ്ട ദ്രൗപദിക്ക്, തൊട്ടുമുമ്പിൽ നടക്കുന്ന നീ, മധുരവചനത്തോടെ വിഷം കൊടുക്ക! നിനക്ക് വിഷം, നകുലൻ. ഊഴക്രമത്തിൽ, അവസാനം യുധിഷ്ഠിരനെ ഒരു നാൽക്കാലി കൈകാര്യം ചെയ്യട്ടെ. വേടന്റെ ക്രൂരമ്പേറ്റ എന്റെ പ്രിയസാരഥി പോയതോടെ എനിക്ക് ജീവിതാസക്തി നഷ്ടപ്പെട്ടു. സ്വർഗജാതരുടെ ഭിഷഗ്വരന്മാരായ അശ്വിനീദേവതകൾക്കു മാദ്രിയിൽ പിറന്ന നിനക്കുണ്ടോ, സഹദേവ, അഞ്ചാറു മനുഷ്യരുടെ ‘സ്വാഭാവിക’ മരണം ഉറപ്പാക്കാൻ പ്രയാസം! വാക്കുതരൂ ഇളമുറ കൗന്തേയാ, പ്രിയ സഹദേവാ” അർജ്ജുനൻ മുഖം മറക്കാതെ വിതുമ്പി. അഭിനയം എന്നു പറയാൻ വരട്ടെ!”

“സംശയാസ്പദ സാഹചര്യങ്ങളിൽ, ബ്രാഹ്മണ വേഷധാരികളായി ഏകചക്ര ഗ്രാമത്തെരുവുകളിൽ ഭിക്ഷയാചിച്ചു നടക്കുന്ന ആറംഗ അഭയാർത്ഥി സംഘത്തെ കുറിച്ചെന്തെങ്കിലും വിവരം ദുര്യോധനന് രഹസ്യമായി എത്തിച്ചുവോ എന്ന് നിങ്ങളെ കാട്ടിലെ ഗുഹയിൽ വിളിച്ചു വരുത്തി ബകാസുരൻ ചോദ്യംചെയ്ത എന്ന് കേൾക്കുന്നല്ലോ. എങ്ങനെ കൈകാര്യം ചെയ്ത നിത്യവും ഒരു മനുഷ്യനെ അത്താഴമാക്കുന്ന ബകനെ?” കൊട്ടാരം ലേഖിക ഏകചക്ര ഗ്രാമപ്രമുഖനോട് ചോദിച്ചു.

“‘നിങ്ങളല്ലേ പാണ്ഡവരും കന്തിയും?’, എന്ന് ഞാനവരെ രാത്രി ചോദ്യം ചെയ്തു. അരക്കില്ലത്തിൽ കത്തിക്കരിഞ്ഞ ജഡങ്ങൾ കണ്ടെത്തിയെന്ന വാർത്ത, പാണ്ഡവകുടുംബം പൂർണ്ണമായും നാമാവശേഷമായതിന്റെ പ്രത്യക്ഷവും വിശ്വാസ്യവുമായ തെളിവല്ലേ എന്ന് അവർ തിരിച്ചടിച്ചു. ഇനിയും സംശയം തീരുന്നില്ലെങ്കിൽ, അവരിൽ മാംസളത കൂടുതലുള്ളവനെ ‘ബകഭക്ഷണം’ ആക്കി പ്രഖ്യാപിക്കാമെന്നറപ്പു നൽകി. ഇന്ന് ഭീമനെ അത്താഴമായി അയക്കുന്നു. കാഴ്ചകാണാൻ കൂടെപ്പോവുന്നോ?”

“പ്രതിസ്ഥാനത്തു ഭർത്താവല്ലേ? പിന്നെ എന്താ ഇരയ്ക്കു ഐക്യദാർഢ്യമെന്ന ഉപവാസ സമരം ഉത്ഘാടനം, നിങ്ങൾ?” കൊട്ടാരം ലേഖിക ദുര്യോധനവധുവിനോട് ചോദിച്ചു. നൂറോളം കൗരവ സ്ത്രീകളും അവരുടെ പെൺ മക്കളും “പാഞ്ചാലി ധീര, ഞങ്ങൾക്കവൾ മാതൃക” മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്ന പ്രഭാതം.

“ഇന്ന് ഞങ്ങൾ പ്രതിഷേധപ്പന്തലിൽ സാന്നിധ്യമറിയിച്ചില്ലെങ്കിൽ, അധികാരത്തിൽ കയറി ഭീമൻ ‘മാതൃകാപരമായ’ പ്രതികാരനടപടിക്ക് കൈനീട്ടിയാൽ, ഊരിപ്പോവില്ലേ ഞങ്ങളുടെ ഉടയാടകൾ? പാഞ്ചാലി പരാതി എഴുതിത്തന്നിട്ടുണ്ടോ? പരാതിക്കാരി ഇപ്പോൾ ഹസ്തിനപുരിയിൽ ഉണ്ടോ? വനവാസത്തിൽ പോയോ? ഹസ്തിനപുരി ശിക്ഷാനിയമം അനുസരിച്ച ചൂതാട്ടത്തിൽ തോറ്റ പൗരാവകാശം നിഷേധിക്കപ്പെട്ട പാണ്ഡവർക്ക് നീതി തേടാനുള്ള വകുപ്പുണ്ടോ? ഇത്തരം ചോദ്യങ്ങൾക്കു ഇരക്കൊപ്പം നിൽക്കുന്ന ഞങ്ങൾ മറുപടി പറയുന്നില്ല. രോഷം പ്രകടിപ്പിക്കാൻ സമരപ്രകടനത്തിനു അവസരം കൊടുത്തില്ലെങ്കിൽ അനിയന്ത്രിത പെൺരോഷം തെരുവുകളിൽ തിളച്ചു മറിയുമെന്ന കൗരവ ഭീതിയിൽ, ദുര്യോധനന്റെ ഉത്സാഹത്തിലാണ് ഈ സമരപരിപാടി ഞങ്ങൾ കൊണ്ടു നടക്കുന്നത് എന്നതും പ്രതികരണയോഗ്യമല്ല. വഴിതെറ്റി ചൂതാട്ടസഭയിൽ കയറിയ വിശിഷ്ടാതിഥിക്കുണ്ടായ വസ്ത്രമോഷണത്തിൽ ഖേദിക്കുന്നു എന്ന കൗരവ പ്രസ്താവന വരട്ടെ, പെണ്ണഭിമാനത്തിനതു സ്വീകാര്യമോയെന്നു അപ്പോൾ നോക്കാം.”

“ഇന്നലെ നെറ്റിപ്പട്ടം കെട്ടിയ ആനകളും ആലവട്ടങ്ങളുമായി ഹസ്തിനപുരി കൊട്ടാരത്തിൽ എഴുന്നെള്ളിയ ഇന്ദ്രപ്രസ്ഥ ചക്രവർത്തിയും പരിവാരങ്ങളുമല്ലേ, നഗ്നപാദരായി കാട്ടിലേക്ക് ശിക്ഷയനുഭവിക്കാൻ ആ പോവുന്നത്?”, ആരും ശ്രദ്ധിക്കാത്ത ആറുപേരെ നോക്കി കൊട്ടാരം ലേഖിക വിഷാദത്തോടെ കൂട്ടുകാരനോട് പറഞ്ഞു.

“മാളികമുകളിലേറിയ മന്നന്റെ തോളിൽ മാറാപ്പു എന്നൊക്കെ വരും യുഗങ്ങളിൽ ദരിദ്ര ബ്രാഹ്മണർ പദ്യം ചൊല്ലി ധനികരെ നിന്ദിക്കാൻ, സാമന്ത കൗരവരോട് ചൂതുകളിച്ച് എല്ലാം ഒഴുക്കി ക്കളഞ്ഞ നികൃഷ്ടജന്മങ്ങൾ”, യുദ്ധകാര്യ ലേഖകൻ കരിമ്പിൻതണ്ട് അവർക്ക് നേരെ എറിഞ്ഞത് വിശന്നു പൊരിഞ്ഞ ഭീമൻ ഒറ്റച്ചാട്ടത്തിനു കൈക്കലാക്കി വായിലിട്ടു ആഞ്ഞു ചവക്കാൻ തുടങ്ങി.

“ശന്തനു എന്താ താടിക്ക് കൈവച്ച് വിഷാദഭാവം?”, കൊട്ടാരം ലേഖിക ആ ദൂരക്കാഴ്ച സഹപ്രവർത്തകനുമായി പങ്കിട്ടു.

“ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ അവഗണിച്ചു വിവാഹപൂർവ ഉടമ്പടിയുടെ ബലത്തിലല്ലേ ശന്തനു ഗംഗയുമൊത്ത് കിടപ്പറയിൽ കയറിയത്? ഗംഗ എന്തനിഷ്ടം കാട്ടിയാലും എതിർക്കരുത് എന്ന കരാറിലെ കുഞ്ഞക്ഷരങ്ങൾ വായിക്കാതെ ഈ ശ്രദ്ധൻ, നീട്ടിവലിച്ചു കരാറിൽ ഒപ്പിട്ടു. സ്വന്തം നവജാതശിശുക്കളെ മുക്കിക്കൊല്ലുന്നതാണ് ഭാര്യയുടെ പ്രഭാതവിനോദം എന്നയാൾ പ്രതീക്ഷിച്ചില്ല. “അരുതേ ശിശുഹത്യ ഇനിയും” എന്നയാൾ അതിഭാവുകത്തിന്റെ അതിപ്രസരത്തോടെ പറഞ്ഞതോടെ ഉടമ്പടിയിൽ വിള്ളൽ വീണു. ഗുണപാഠം വ്യക്തമായില്ലേ, ശിശുഹത്യ ആയാലും തൊഴിലിട വേതനമായാലും, കരാർ മുഴുവൻ വായിച്ചു തിരുത്തൽ വരുത്തിയില്ലെങ്കിൽ ഇത്തരം ‘ശന്തനുരൂപ’ങ്ങൾ നമ്മുടെ മുമ്പിലും വന്നു നിലവിളിക്കും.”

◇ 2025/09/10 ◇

“നിബന്ധന പാലിച്ചു നഗ്നപാദരായി വനവാസത്തിനു വിനീതരായി നടന്നു നിങ്ങുന്ന പാണ്ഡവരുടെ ഇരുഭാഗത്തും, ഉയർത്തിപ്പിടിച്ച ചാട്ടവാറുമായി നിങ്ങളെന്തിനാ കാര്യമില്ലാതെ അട്ടഹസിക്കുന്നത്?”, കൊട്ടാരം ലേഖിക, മുഖപരിചയമുള്ള ഇളമുറ കൗരവനോട് ക്ഷോഭിച്ചു.

“ഇന്നലെ ഇതേ സമയത്ത് ഞങ്ങൾ തന്നെയാണ് ‘ഇന്ദ്രപ്രസ്ഥം ചക്രവർത്തി യുധിഷ്ഠിരനെയും മഹാറാണി’യെയും വെഞ്ചാമരം വീശി നഗരവാതിൽ മുതൽ കൊട്ടാരംവരെ ഉപചാരപൂർവ്വം ആനയിച്ചത്. ചൂതുകളിക്കുശേഷം നേരം പുലർന്നപ്പോഴേക്കും, നിയതിയുടെ തട്ട് ഉയർന്നതും താണതും, ഇവരാറുപേർ ഞങ്ങളുടെ അടിമകൾ ആയതും, നാം ആലോഷിക്കേണ്ടേ?”, കൗരവൻ ആഞ്ഞുവീശിയ ചാട്ടയിൽ അർദ്ധനഗ്നഭീമൻ പുളഞ്ഞു.

“രോഷത്തോടെ. സഭ ബഹിഷ്കരിക്കാൻ മാത്രം എന്തുണ്ടായി?”, കൊട്ടാരം ലേഖിക ചോദിച്ചു.

“രാജസഭയിൽ കാൽവച്ച ഉടൻ ഞാൻ ആദ്യം നോക്കിയത് ചുവരിലാണ്. അഭിവന്ദ്യകുന്തിയുടെ ബഹു വർണ്ണചിത്രം പ്രതീക്ഷിച്ച എന്നെ തിരിഞ്ഞു കൊത്തുന്ന പോലെ, അതാ ദുര്യോധനചിത്രം! വിരൽഞൊടിച്ച ചാരവകുപ്പുമേധാവി നകുലനെ വിളിച്ചു കാര്യം തിരക്കി. കൗരവരാജ വിധവകൾ കുടിയൊഴിപ്പിക്കലിനെതിരെ തുറന്നുവച്ച സമരമുഖത്തേക്കു ജനപ്രവാഹം തടുക്കാൻ കാണുന്നില്ലെന്ന്, അപ്പോൾ വാപൊത്തി നകുലൻ. ‘രാജദ്രോഹി’കളിൽ നിന്ന് ഹസ്തിനപുരിയെ രക്ഷിക്കാൻ ജീവത്യാഗം ചെയ്ത “ദുര്യോധനൻ കുരുവംശ സംരക്ഷകൻ” എന്നെഴുതിയത് വിണ്ടുവിചാരത്തിൽ നകുലൻ മായ്ച്ചു. എന്താണ് കുന്തിക്ക് രാജമാതാപദവി കൊടുക്കാൻ പ്രതിബന്ധമായി പാണ്ഡവഭരണകൂടം കാണുന്നത് എന്ന് ചോദിച്ചപ്പോൾ, മക്കൾ നാടു ഭരിക്കുമ്പോഴും കുന്തി, മുൻമഹാറാണി ഗാന്ധാരിയുടെ തോഴിയെന്ന ഉത്തരവാദിത്വം ഒഴിഞ്ഞില്ല എന്നായിരുന്നു ഖേദം! ഗുരുതരമായ ക്രമക്കേട് എന്ന് ഞാൻ സഭയിൽ നിന്നും ഇറങ്ങിപ്പോന്നു. ജനഹിതഭരണകൂടമാക്കാൻ ഉറ്റു ശ്രമിക്കുമ്പോൾ പാണ്ഡവരിൽ തന്നെ ചിലർ ഇടംകോലിടുന്നുവോ.”

“കുരുക്ഷേത്രയിൽ പിതാമഹനെ വധിക്കാൻ, ‘ഉപായം’ തേടി നിങ്ങൾ ചെന്ന് കയറിയത് ഭീഷ്മരുടെ അടുത്ത് തന്നെയാണെന്ന് കൗരവപാളയത്തിലെ കാവൽക്കാർ പോലും രസിച്ചു കൂവുന്നുണ്ടല്ലോ”, കൊട്ടാരം ലേഖിക യുധിഷ്ഠിരനെ സ്നാനഘട്ടത്തിൽ നേരിട്ടു.

“അതിനെന്താ കുഴപ്പം? പാഞ്ചാലിയുടെ ഹൃദയം കവരാൻ ഞങ്ങൾ എത്ര പ്രാവശ്യം അവളുടെ മുമ്പിൽ മുട്ടു കുത്തി ഇഴഞ്ഞിരിക്കുന്നു.”, മേലാസകലം തൈലം പുരട്ടിയ പാണ്ഡവമുഖ്യൻ കൂപ്പു കുത്തുമ്പോൾ വഴുക്കിയതോടെ സംഭാഷണം നിലച്ചു.

“ഭീഷ്മരെ കൊല്ലാൻ ഉപായം തേടി നിങ്ങൾ ചെന്ന് കയറിയത് ഭീഷ്മപാളയത്തിൽ! കാവൽക്കാർ രസിച്ചു കൂവുന്നുണ്ടല്ലോ”, കൊട്ടാരം ലേഖിക യുധിഷ്ഠിരനെ സ്നാനഘട്ടത്തിൽ നേരിട്ടു.

“അതിനെന്താ. പാഞ്ചാലിയുടെ ഹൃദയം കവരാൻ ഞങ്ങൾ പാണ്ഡവർ എത്ര പ്രാവശ്യം അവളുടെ മുമ്പിൽ മുട്ടു കുത്തി കൈകൾ നിവർത്തി ഇഴഞ്ഞിരിക്കുന്നു.”, മേലാസകലം തൈലം പുരട്ടിയ പാണ്ഡവമുഖ്യൻ നിന്ന നിൽപ്പിൽ പുഴയിലേക്ക് കൂപ്പുകുത്തി.

“ഉദ്യാനവളർച്ച ഊഹിച്ചതിലും മുന്നിൽ”, കൊട്ടാരം ലേഖിക പാഞ്ചാലിയെ അഭിവാദ്യം ചെയ്തു. രാജമന്ദിരങ്ങൾക്കകലെ ശ്രദ്ധാപൂർവ്വം നിലനിർത്തിയ ആശ്രമാന്തരീക്ഷത്തിൽ ആയിരുന്ന പാഞ്ചാലിയുടെ ഔഷധസസ്യത്തോട്ടങ്ങൾ. “ആയുസ്സോ ആരോഗ്യമോ ഉറപ്പുവരുത്താനൊന്നുമല്ല അധ്വാനഭാരം ഞാൻ സ്വയം ഏറ്റെടുത്തത്. ദേവസന്തതി എന്നവകാശപ്പെട്ട കുറച്ചു കാലമായി യുവത്വം കൂടെയുണ്ടെന്ന് മേനി പറയുന്ന പാണ്ഡവ ‘വയോജന’ങ്ങളെ ചിലതൊക്കെ പഠിപ്പിക്കാൻ ഞാനിതിന്റെ പരിപാലനം നിർവ്വഹിക്കുന്നു! ഊഴമനുസരിച്ചവരുടെ തല, രാത്രി എന്റെ വസതിയിൽ പ്രത്യക്ഷപ്പെടും. മുഖം എനിക്ക് കാണാനും, എന്റെ മുഖം ഇരുളിൽ മറയ്ക്കാനുമാവുന്ന വെളിച്ചവും നിഴലും മനഃപൂർവ്വം അന്തഃപുരത്തിൽ നിലനിർത്തുന്നത് കൊണ്ട്, നേരത്തെ പറിച്ചെടുത്ത ഈ പച്ചിലമരുന്നുകൾ ചവച്ചിറക്കാൻ കൊടുക്കും. അല്പസമയത്തിനുള്ളിൽ കാണാം, മലർന്നടിച്ചു വീണുറങ്ങുന്നതു. പുരുഷഗന്ധമേൽക്കാത്ത വേറൊരു പായിലേക്കു എന്റെ പാവം ഉടൽ ഞാൻ ചെരിയും. യുദ്ധം കഴിഞ്ഞതോടെ തൊഴിൽ നഷ്ടപ്പെട്ട യുദ്ധകാര്യ ലേഖകനെ വരുതിയിലാക്കാൻ, വിശേഷസിദ്ധിയുള്ള ഒരു ഇലച്ചാർത്തു നിങ്ങൾക്കും സമ്മാനമായി തരട്ടെ?”

“കനത്ത വാഹനനീക്കമാണല്ലോ. എന്താണിതിന്റെ കച്ചവടരഹസ്യം?”, കൊട്ടാരം ലേഖിക മാംസഭക്ഷണശാല ഉടമയോട് ശബ്ദം താഴ്ത്തി ചോദിച്ചു.

“വൈവാഹികമാണ് കാര്യം. യുവരാജ ധൃതരാഷ്ടർ വിവാഹം കഴിച്ച ഗാന്ധാര പ്രദേശത്തെക്കാണിപ്പോൾ തിരക്കൊക്കെ. ഓരോ കാളവണ്ടിയിലും, ഒരു മാസത്തേക്കു ധാന്യവും വിറകും വെള്ളവും സഹായികളും കാണും. ആരോ കുതിരപ്പന്തികളിൽ വിചിത്രവിവരം എത്തിച്ചു, ഗാന്ധാരദേശവധു പ്രസവത്തിൽ നൂറു ആൺകുട്ടികൾക്ക് ജന്മം നൽകി! ഒന്നിനൊന്നു ആരോഗ്യവും സൗന്ദര്യവും ഉള്ളവർ, ഗാന്ധാരദേശത്തിനായി പെരുമ! എന്തുകൊണ്ട് ഗാന്ധാരയിൽ നിന്നായിക്കൂടാ നമ്മുടെ മകനു വധു? കൃഷി ആയാലും കന്നുകാലി വളർത്തൽ ആയാലും കച്ചവടമായാലും, ആൾക്ഷാമം പരിഹരിക്കാൻ മറ്റുദേശങ്ങളിൽ നിന്നും തൊഴിലാളികളെ ഇറക്കുമതി ചെയ്താണ് കാര്യങ്ങൾ നടത്തിയതെങ്കിലും, വരുംകാലങ്ങളിൽ പോരെന്നായി, കടന്നു ചിന്തിക്കുന്ന ഗ്രാമസഭ. ആണുങ്ങൾക്ക് വധു, ഗാന്ധാരയിൽ എന്ന അനുമതിയോടെ ബന്ധുക്കൾ പോവുമ്പോൾ, ഞങ്ങൾ അതിലൊരവസരം കണ്ടു: മാടുകളെ ഇറച്ചിവിലയ്ക്കു കൊടുക്കും, രുചി ഉറപ്പിക്കാം, ഞങ്ങൾക്കതൊരു വരുമാനമായി. നിങ്ങൾക്കെന്താണ് വേണ്ടത്, വിലക്കുറവിൽ, കറവവറ്റിയ നാൽക്കാലി മതിയോ?”

◇ 2025/09/11 ◇

“പതിവ്രത ഗാന്ധാരിയുടെ രണ്ടാമത്തെ മകനല്ലേ, പിന്നെ എങ്ങനെ നിങ്ങൾ പെൺപീഡന പരാതിയിൽ ഒന്നാം പ്രതിയായി”, കൊട്ടാരം ലേഖിക ചോദിച്ചു. അരമന നീതി പതി, പാഞ്ചാലിയുടെ പീഡനപരാതി പരിശോധിക്കുന്ന ദിനങ്ങൾ.

“ഗാന്ധാരിയുടെ പാതിവൃത്യം പരിശുദ്ധം, ഭർത്താവ് ന്യൂറസ്തീകളിൽ, അത്രയും ആൺകുട്ടികളെ നേടിയപ്പോൾ, വാടകഗർഭങ്ങളിൽ നിയമസുരക്ഷയോടെ കുരുവംശജർ എന്ന് ധൃതരാഷ്ട്രർ പ്രഖ്യാപിക്കാൻ സമ്മതപത്രം കൊടുത്ത ആദർശവനിത. ഇപ്പോൾ അതൊന്നും അല്ല തർക്കം. പാഞ്ചാലി എനിക്കെതിരെ പരാതി കൊടുക്കുമോ സംശയമാണ്.” നിന്റെ ആരാധന, പ്രണയകാവ്യങ്ങളിൽ വരാൻ അർഹതനേടി എന്ന് എനിക്കറിയാം, അങ്ങനെ പറഞ്ഞാണവൾ പണ്ഡവർക്കൊപ്പം കുടിയേറ്റഭൂമിയിൽ പൊന്നുവിളയിച്ചത്. ആരാധകൻ ആര്, പീഡകൻ ആര് എന്നൊക്കെ വേർതിരിച്ചവൾ പറയും. എനിക്ക് സംശയം ബ്രഹ്മചാരി ചമയുന്ന ഭീഷ്മരെ. ഒളിക്കണ്ണിൽ പിടിവലി ആസ്വദിച്ചു, ഇപ്പോൾ മാതൃകാനീതിപതി ചമയാൻ ശ്രമിച്ചാൽ, ഞാൻ രണ്ടും കൽപ്പിച്ചു പ്രതിക്കൂട്ടിൽ നിന്നും പുറത്ത് വരും. പരാതിക്കാരിയുടെ സ്വകാര്യതയും അവകാശവും, അതൊക്കെ സംരക്ഷിക്കപ്പെടണം, ഒരു വിട്ടുവീഴ്ചയും ഉണ്ടാവില്ല. “നിന്റെ ലൈംഗിക വിശ്വസ്തത എന്റെ സ്വകാര്യ അഹങ്കാരം” എന്നാണ് ഭാര്യ എനിക്കു ധൈര്യം തന്നത്. അവളിലും ഞാൻ, ഒരു സമ്മർദ്ദവും ചെലുത്തിയില്ല. പരാതിക്കാരി വനവാസത്തിൽ ആയിട്ടും, നീതിമാൻ പിതാമഹൻ നീതിപീഠം തുറന്നു വിചാരണ തുടങ്ങിയ ദിനം.

“ഇതാ എന്റെ പ്രിയപ്പെട്ടവൾ കഴഞ്ഞുവീണു എന്ന് പ്രണയഭീമൻ നിങ്ങൾക്കരികിൽ വിലപിച്ചപ്പോൾ, ‘അർജ്ജുനനുമായി അഞ്ചിലൊന്നിലധികം അനർഹമായി അഭിരമിച്ചതു കൊണ്ടെ’ന്നു നിങ്ങൾ ‘ദാർശനിക നോട്ട’ത്തോടെ നിരീക്ഷിച്ചതിൽ നിന്നെന്താണ് കാണികൾ വായിച്ചെടുക്കേണ്ടത്?, ‘മഹാപ്രസ്ഥാന’ത്തിലും പരിത്യാഗികളാവാതെ ‘തിരുഹൃദയ’ങ്ങൾ കഴഞ്ഞു മറിയുന്നത് ബഹുഭർതൃത്വ രതിമാത്സര്യത്തിലെന്നോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“അവൾ ഞങ്ങളെ നിഷ്ഠുരമായി മോഹിപ്പിച്ചതൊന്നും നിങ്ങൾ അംഗീകരിച്ചമട്ടില്ലല്ലോ. എല്ലാം മറന്നു അവൾക്കു ഇരുകൈകളും നീട്ടിയപ്പോളവനെന്നെ ‘കപടനാട്യക്കാരൻ’ എന്നവമതിച്ചു. ഇതാ, യാത്ര പറയാതെ പൊടുന്നനെ അവസാനിക്കുമ്പോൾ, ഞങ്ങൾക്കങ്ങനെ തിരിച്ചടിക്കാൻ വിശുദ്ധപ്രകൃതിയിൽ നിന്നും പിടിവള്ളി. അർജ്ജുനനുമായി പാഞ്ചാലി പുലർത്തിയ ‘അവിഹിത ബന്ധം’ ഉച്ചത്തിൽ പരസ്യമാക്കുക!, അത്രയല്ലേ അഹിംസാത്മകമായി ചെയ്യാനാവൂ!”, കൂടെകൂടിയ നായ വാലാട്ടി.

“ദുര്യോധനനു നിങ്ങൾ, “ഉള്ളിന്റെ ഉള്ളിൽ ആരാധ്യദേവത”, എന്നാൽ ഈ കാട്ടിലാകട്ടെ നിങ്ങൾ വെറുമൊരു ‘കൗരവഅടിമ’! എന്താ ഈ വൈരുധ്യം?” കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

“അന്നന്നത്തെ അപ്പത്തിന്നായി ഇരതേടി പോവേണ്ടതില്ലാത്ത അഞ്ചു മടിയൻ ഭർത്താക്കൻമാർക്കൊപ്പം, സമനില തെറ്റാതെ ‘അടിമ’ തടവനുഭവിക്കാൻ, കൗരവപ്രാർത്ഥനയാൽ കഴിയുന്ന എന്നല്ലേ നിങ്ങൾ പരമാർത്ഥം കാണേണ്ടത്?” പുറംജോലി കഴിഞ്ഞു, താഴെ നീരൊഴുക്കിൽ മലർന്നു കിടന്നു നീന്തുകയായിരുന്ന പാഞ്ചാലി. ഒച്ചവയ്ക്കുന്ന നിശബ്ദത, ഉച്ചവെയിൽ!

“ഖാണ്ഡവപ്രസ്ഥം പ്രവിശ്യയുടെ ഇഷ്ടദാനപത്രവുമായി പാണ്ഡവർ വധുവുമൊത്തു ഭാഗ്യാന്വേഷണത്തിനായി പടിയിറങ്ങുമ്പോൾ നിങ്ങൾ, കൂടെകൂടാതെ, കൊട്ടാരത്തിൽ തുടർന്നതിലെ പ്രയോഗിക ബുദ്ധി പ്രത്യക്ഷത്തിൽ പ്രശംസാവഹമായിരുന്നു. പോവുന്നത് ഘോരവനത്തിലേക്കാണ്, സ്വയം കുടിൽ കെട്ടി തുടങ്ങണം പാഞ്ചാലിയുമൊത്തു കുടുംബജീവിതം. അഞ്ചുപേരിൽനിന്നും ഗർഭം ധരിച്ച പാഞ്ചാലി കുട്ടികൾക്കു ജന്മംനൽകണം, പോറ്റി വളർത്തണം, ഭാവി ശോഭനമാവുമോ, പണിയെടുത്തു നടുവൊടിക്കുമോ എന്ന് ആധിപ്പെടുന്ന ജീവിത ക്രമത്തിൽ നിന്നും “ഞാൻഗാന്ധാരിക്കൊപ്പം” എന്ന വാക്കുകളിലൂടെ. ഹസ്തിനപുരിയിൽ. കുന്തി, മക്കൾക്കെന്തു സഹായം നേടിക്കൊടുത്തു എന്നാണു ചാർവാകന്റെ ചോദ്യം. അന്തഃപുരവാർത്ത യുധിഷ്ഠിരന് കൈമാറാൻ നിങ്ങൾക്ക് കഴിഞ്ഞുവോ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

“അവിവാഹിതരായിരിക്കെ പാണ്ഡവർക്ക് ഞാൻ നേതൃത്വം കൊടുത്തു ആപൽഘട്ടങ്ങളിൽ തുണച്ചു അഞ്ചുവധുക്കളാൽ പൊട്ടിത്തകരുമായിരുന്ന പാണ്ഡവകൂട്ടായ്മ നിലനിർത്താൻ ബഹുഭർതൃത്വത്തിൽ പാഞ്ചാലിയെ തളച്ചു. മധുവിധു ഗർഭധാരണം പ്രസവം നവജാതശിശു ക്ഷേമം, ഇതിലൊക്കെ വിവേചനാധികാരം വിട്ടു കൊടുത്തു. ഞാൻ മഹാറാണിയായ കാലത്തു ഇളമുറ റാണി പദവി മാത്രമുണ്ടായിരുന്ന ഗാന്ധാരിക്കൊപ്പം അന്തഃപുരത്തിൽ. ചാരക്കൂട്ടായ്മയിൽ കണ്ണിയാവാതെ, പൂങ്കാവനം ചിത്രമെഴുത്തു പ്രകൃതിജീവനം എന്നീ ജീവിതാഭിലാഷങ്ങളുമായി മുന്നോട്ടുപോയി. ഇതിലൊക്കെ ചാർവാകനോടെന്നല്ല, ഞാൻ ആരോട് പറയണം എന്ത്?”

“ഒന്നുമല്ലെങ്കിൽ ഭാവിയിൽ നിങ്ങളുടെയൊക്കെ ജീവചരിത്രം എഴുതേണ്ട മുനിയല്ലേ. വ്യാസൻ വന്നു മുമ്പിൽ നിന്നപ്പോഴേക്കും എന്താ നിങ്ങൾ കൈകൾ രോഷത്തിൽ പിഴിയുന്നത്”, യുധിഷ്ഠിരൻ ഇന്ദ്രപ്രസ്ഥം ചക്രവർത്തി ആയിച്ചുമതല ഏറ്റതെ ഉള്ളു. രാജസൂയ യാഗത്തിന്റെ ആഘോഷമാണ് ചുറ്റും.

“എന്താണയാൾ എന്നിട്ട് പറഞ്ഞതെന്ന് നിങ്ങൾ കേട്ടില്ലേ. എന്തോ ദുരനുഭവം ഞങ്ങൾക്ക് ഉടൻ ഉണ്ടാകാൻ പോവുന്നു, കരുതൽ വേണം! ഈ ഭീഷ്മി പറയാനാണോ ഇപ്പോൾ മുനി ഇവിടെ ഇടിച്ചു കയറിയത്?”, വ്യാസതാക്കീതിൽ ഭീമൻ ആകെ ഉടഞ്ഞ പോലെ തോന്നി.

“അരമന സമുച്ചയത്തിൽ കൊട്ടാരംലേഖികക്ക് സൗജന്യ വസതി അനുവദിച്ചത് എന്ത് പരിഗണനയിലാണ്?”, യുക്തിവാദി ചാർവാകൻ ക്ഷോഭിച്ചു.

“ദൈവദത്ത കുരുവംശ രാജാവാകാശത്തെ അപമാനിക്കുന്നത് പൊറുക്കാം, പക്ഷേ, ഗംഗയാറൊഴുകുന്ന ഈ നാട്ടുവെട്ടി, ഭാഗം തരണമെന്ന് ശഠിച്ചു യുദ്ധത്തിന് കോപ്പുകൂട്ടുന്ന വിഘടനവാദി പാണ്ഡവർക്ക് ഒത്താശ ചെയ്യുകൊടുക്കുന്ന ഈ സുരക്ഷാഭീഷണയെ കൗരവ ചാരനേത്രങ്ങൾക്കുള്ളിൽ തളക്കാൻ വേറെന്തു പോംവഴി? ഇതുപോലെ ഞങ്ങൾ ഭീഷ്മി നിങ്ങളിൽ നിന്നും നേരിട്ടപ്പോൾ അല്ലേ നിങ്ങളെയും ചാരക്കണ്ണുകളിലൂടെ നിരീക്ഷിക്കാൻ കുടിൽ കെട്ടി തന്നത്?”

“‘എന്റെ തുടയിൽ ഇരിക്കു പ്രിയപാഞ്ചാലീ’ എന്ന് ചൂതാട്ട സഭയിൽ ദുര്യോധനൻ പ്രലോഭിപ്പിക്കുമ്പോൾ, നിങ്ങളുടെ ചോര തിളച്ചില്ലേ?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. പാണ്ഡവരും പാഞ്ചാലിയും ചൂതാട്ടപ്പറ്റേന്ന് വടക്കൻ മലകളിലേക്കു നടക്കുന്ന നേരം.

“ഖാണ്ഡവ വനം കത്തിച്ചും മണ്ണ് ചുരന്നും സമ്പാദിച്ചതെല്ലാം ചൂതാടി നഷ്ടപ്പെട്ട ഞങ്ങൾക്ക് ദുരഭിമാനത്തിൽ ഒഴുക്കാൻ ചോര സ്വൽപ്പം കുറവുണ്ട്. ‘അടിമ’പാഞ്ചാലിക്കു വഴിതെറ്റിയ ബന്ധം ‘ഉടയോൻ ദുര്യോധനനോടുണ്ടോ എന്ന് എന്തിനു തല പുണ്ണാക്കണം, പാഞ്ചാലിക്കു ഭർത്താക്കന്മാരോട് ‘നേർവഴി’ ബന്ധം ഉണ്ടെന്നു ദുര്യോധനൻ അംഗീകരിക്കാറുണ്ടോ?”, വന്മരങ്ങൾ കടപുഴക്കുന്നപോലെ ഭീമൻ ശ്രമപ്പെട്ടുച്ചരിച്ചു.

“ഇച്ഛാശക്തിയാൽ മൗനം പാലിക്കയാണോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു, “അതോ, ഉള്ളിൽ കെട്ടുപൊട്ടുന്ന കൊടുംകാറ്റുണ്ടോ?”

◇ 2025/09/12 ◇

“അസാധ്യമെന്ന് പരക്കെ തോന്നിയ ആയുധ മത്സരത്തിൽ, അവൻ ജയിച്ചുവോ? അതോ, ദ്രൗപദിയുടെ തിരുഹൃദയം അവൻ കബളിപ്പിക്കലിലൂടെ കവർന്നുവോ?”, കൊട്ടാരം ലേഖിക പാഞ്ചാല രാജാവിന് മുമ്പിൽ മുട്ടുകുത്തി കൈമുത്തി. സ്വയംവരത്തിനു ശേഷം രാജവധു ആശംസ സ്വീകരിക്കുന്ന നേരം.

“ബന്ധുക്കൾ വരനെക്കുറിച്ചു പ്രകടിപ്പിച്ച ആശയക്കുഴപ്പം, ആരും അതു നിഷേധിക്കുന്നില്ല. കൃഷ്ണൻവഴി ഞങ്ങൾ കേട്ടറിഞ്ഞ അർജ്ജുനൻ, യുവപോരാളി. എന്നാൽ മത്സരത്തിൽ ജയിച്ച എന്ന സാങ്കേതിക കാരണത്താൽ അനധികൃതമായി ദ്രൗപദിയെ സ്വന്തമാക്കിയ, ആ ശോഷിച്ച ‘ബ്രാഹ്മണൻ’, സ്വത്വം തുറന്നു വെളിപ്പെടുത്തണം എന്നു തന്നെയാണ് എന്റെ മകൻ ധൃഷ്ടദ്യുമ്നൻ, മുന്നോട്ടു വച്ച ആവശ്യം. “നിങ്ങൾ ശരിക്കും ആരാണ്?”, എന്നവൻ നേരെ ചൊവ്വേ വരനോട് ചോദിച്ചപ്പോൾ, വാരണാവതം അരക്കില്ലം ശത്രുനീക്കം ഏകചക്ര, പരസ്പര ബന്ധമില്ലാതെ ‘മത്സരവിജയി’ പുലമ്പി. അസ്തിത്വപ്രതിസന്ധി അവൻ നേരിടുന്നുണ്ട് എന്ന് വ്യക്തമായി. ഹസ്തിനപുരിയിൽ നിന്നും കൗതുകത്തിൽ മത്സരാർത്ഥിയായിവന്ന യുവദുര്യോധനൻ, രഹസ്യമായി എന്നോട് പറഞ്ഞു, അത്താഴം ചോദിച്ച ആറോളം ആദിവാസികളെ ചുട്ടുകൊന്ന കുന്തിയും മക്കളും ഈ വഴി ഒരു പക്ഷേ, വരും, എന്ന ഔദ്യോഗിക ചാരമൊഴി ധൃഷ്ടദ്യുമ്നനെ അറിയിക്കുമല്ലോ. മത്സരാർത്ഥിയാവാൻ പോലും മടിക്കില്ല. കണ്ണിൽ പെടാതിരിക്കാൻ കൃത്രിമവേഷം ധരിക്കാനും തയ്യാറാവും. കബളിപ്പിക്കപ്പെടാതിരിക്കാൻ കരുതൽ വേണം. മത്സരം ജയിച്ചിട്ടും അവഗണനയിൽ ബ്രാഹ്മണ വേഷധാരികൾ ഒളുങ്ങിയിരിക്കയാണ്. നോക്കട്ടെ”.

“കുരുവംശഭരണത്തിൽ, കാർക്കോടകന്മാർക്കു ‘സ്വതന്ത്രജീവി’ പദവി കിട്ടുമ്പോൾ, നിങ്ങൾ ഒരു നിസ്സാരപ്രക്ഷോഭകാരി, എന്തിനവരുടെ പതനം കിനാവു കാണണം?”, കൊട്ടാരം ലേഖിക ചാർവാകനോട് ചോദിച്ചു. യുദ്ധത്തിൽ ദുര്യോധന് ഐക്യദാർഢ്യം പ്രഖ്യാപിക്കാതെ ചാർവാകൻ ഒഴിഞ്ഞുനടക്കുന്ന അശാന്ത ദിനങ്ങൾ.

“മരണക്കിടക്കയിൽ അച്ഛൻ എനിക്ക് ചാർവാകപദവി കൈമാറുമ്പോൾ ഓർമ്മിപ്പിച്ചു, മകനെ, യുവത്വം വിടും മുമ്പ് നിനക്ക് സൗജന്യവസതിയും ഊട്ടുപുരയിൽ മൂന്നു നേരം ഭക്ഷണവും ഭരണകൂടം തരുന്നില്ലെങ്കിൽ, ഓർക്ക, അവർ നിന്റെ ‘ശത്രുപട്ടിക’യിൽ എന്നുറപ്പായി എന്നു വേണം നീ കാണാൻ. വാമൊഴികൊണ്ടവരെ തൊഴിച്ചാൽ പോരാ, ശത്രുപക്ഷം ചേർന്ന് നീ അവർക്കെതിരെ ആഞ്ഞടിക്കണം, നിർദ്ദയം! യുദ്ധംകഴിഞ്ഞു ജേതാവിന്റെ ഭരണകൂടം നീ ചോദിച്ചതിനപ്പുറം പാരിതോഷികമായി തരുമ്പോൾ, എളിമ വേണ്ട!”

“അല്ല, നിങ്ങളും തുടങ്ങി ചിത്രരചന?”, കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു.

“ഭീമൻ സ്മൃതിനാശരോഗി എന്നു നിങ്ങൾ അരമന വാർത്ത പൊലിപ്പിച്ചശേഷം, ഞാനും സഹദേവനും, ഞങ്ങളുടെ ജൈവ പിതൃക്കളും സ്വർഗ്ഗരാജ്യത്തിലെ ആസ്ഥാന വൈദ്യന്മാരുമായ അശ്വിനിദേവതകളെ കണ്ടു ഇനിയെന്തു തുടർചികിത്സ വേണമെന്നു ചോദിച്ചിരുന്നു. ഭീമന്റെ ഭൂതകാല ജീവിതവുമായി ബന്ധപ്പെട്ടവരുടെ ഛായാചിത്രങ്ങൾ നിറക്കൂട്ടോടെ വരക്കാൻ പരീക്ഷണാടിസ്ഥാനത്തിൽ അവരുപദേശിച്ചു. പിതാമഹന്റെയും ദ്രോണരുടെയും വിദുരരുടെയും കുരുക്ഷേത്ര സൈനികചിത്രങ്ങൾ കാണിച്ചു. ഭീമൻ ആരെയും തിരിച്ചറിഞ്ഞില്ല. പോരാട്ടഭൂമിയുടെ പശ്ചാത്തലത്തിലുള്ള മുഖ്യകഥാപാത്രങ്ങളുടെ ചിത്രരചന പിൻവലിക്കും മുമ്പ്, ഘടോൽക്കച ചിത്രം ഒരുൾപ്രേരണയിൽ, ഞങ്ങൾക്കിടയിലെ ദാർശനികൻ കൂടിയായ സഹദേവൻ വരച്ചു കാണിച്ചു. അതിൽ തറച്ച ഭീമനേത്രങ്ങൾ ജലാർദ്രങ്ങളായി. മുഖം ചുവന്നുതുടുത്തു, പ്രിയപ്പെട്ടവനെ, അർജ്ജുനനെ, കർണ്ണന്റെ കുരുമ്പിൽ നിന്നും രക്ഷിക്കാൻ നിന്നെ പോർക്കളത്തിൽ പാണ്ഡവതന്ത്രശാലികൾ കൊണ്ടുവന്നു. ചതിക്കപ്പെട്ടകയാണെന്നറിഞ്ഞിട്ടും നീ എന്റെ സഹോദരന്റെ സുരക്ഷക്കായി സ്വയം ബലിദാനിയാവാൻ ശത്രുകർണ്ണനു മുമ്പിൽ നീ വീറോടെ പോരാടി, കർണ്ണൻ എയ്ത ദിവ്യാസ്ത്രത്തിൽ നീ അങ്ങനെ ഞങ്ങളുടെ കൺമുമ്പിൽ കത്തിയമർന്നു എന്നു വിലപിച്ച ഭീമൻ കൊട്ടാരത്തിനു പിന്നിലെ സംരക്ഷിതവനത്തിലൂടെ ‘മകനേ പ്രിയപ്പെട്ടവനേ’ എന്ന നിലവിളിയോടെ താളം വീണ്ടും തെറ്റിയിരിക്കയാണ്. വരക്കാൻ ഇനിയുള്ളത് ദുശ്ശാസനമുഖവും ദ്രൗപദീ വസ്ത്രാക്ഷേപവും. ഭീമന്റെ സ്മൃതിനാശ ചികിത്സക്കായി, സ്ത്രീവിരുദ്ധ ദുശ്ശാസനനെ പാണ്ഡവർ കഥാപാത്രമാക്കുന്നതിൽ മഹാറാണി പാഞ്ചാലിക്കു എതിർപ്പുണ്ടെങ്കിലും ഈ പരീക്ഷണവര തുണക്കുമോ ഉണർത്തു പാട്ടാക്കാൻ!”

“നൂറോളം കൗരവരിൽ, യുദ്ധം അതിജീവിച്ചവർ, ചികിത്സക്കുശേഷം ഹസ്തിനപുരിയിൽ ഓടിക്കിതച്ചെത്തിയപ്പോൾ, അധികാരത്തിൽ തുടരാനാവാതെ പാണ്ഡവ അടിമകളായി തടവിലാക്കപ്പെട്ടാൽ, രാജവധുക്കളിൽ പലരും വിവാഹമോചനം നേടി രത്ന ഹാരങ്ങളുമായി പിതൃഗൃഹങ്ങളിലേക്കു പോകാൻ തീരുമാനിച്ചിരുന്നു എന്ന അന്തഃപുര രഹസ്യം പുറത്തുവിട്ടത് ‘അധാർമ്മിക’ പാണ്ഡവ ഭരണകൂടമാണെന്ന നിങ്ങളുടെ ഇന്നലത്തെ ആരോപണം വസ്തുതാപരമായി നിലനിൽക്കുന്നതല്ലെന്നു ചാരവകുപ്പ മേധാവി നകുലൻ പരിഹസിക്കുന്നു. എങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക ദുര്യോധന വിധവയോട് ചോദിച്ചു.

“യുദ്ധകാര്യ ലേഖകനോട് നകുലൻ വിവരാവകാശമനുസരിച്ചു അപേക്ഷ കൊടുക്കാൻ രഹസ്യധാരണയുണ്ടാക്കിയത് കൊണ്ടാണ്, സ്ഥിരീകരിക്കപ്പെടാത്ത അന്തഃപുര പിന്നാമ്പുറങ്ങളിലേക്കു ‘ഹസ്തിനപുരി പത്രിക’ക്ക് കടന്നു ചെല്ലാനായത് എന്ന് ഇപ്പോൾ വ്യക്തമായില്ലേ? കൗരവരാജ വിധവകളുടെ ഏകപക്ഷീയ കടിയൊഴിപ്പിക്കലിനെതിരെ, മരണം വരെ പ്രക്ഷോഭവുമായി ഞങ്ങൾ മുന്നോട്ടുപോവുമെന്ന് പാപിപാണ്ഡവർക്ക് മനസ്സിലായപ്പോൾ, യുധിഷ്ഠിരഭരണകൂടം വിറളി പിടിച്ചു പറയുന്നതിനൊക്കെ പ്രതികരണം തേടുന്ന നിങ്ങളെ പോലുള്ള പത്രപ്രവർത്തകരാണ് കുരുവംശ സംസ്കാരത്തിന്റെ അടിത്തറ മാന്തുന്ന പെരുച്ചാഴികൾ!”

“കുരുക്ഷേത്ര യുദ്ധത്തിൽ മകൻ അശ്വത്ഥാമാവിന്റെ മരണവാർത്ത സ്ഥിരീകരിക്കാൻ കൗരവ സർവ സൈന്യാധിപൻ ദ്രോണാചാര്യൻ ചുമതലപ്പെടുത്തിയത് എന്നെയാണ് എന്നതിൽ നിന്ന് തന്നെ നിങ്ങൾ പത്രപ്രവർത്തകർക്ക് മനസ്സിലായില്ലേ, പൊതു വ്യവഹാര മണ്ഡലത്തിൽ ഇന്നും വിവരവിനിമയത്തിലെ അവസാനവാക്ക് ഞാനാണെന്ന്? എന്നാൽ, ഞാൻ കൗരവപ്രതിയോഗി പാണ്ഡവ മുഖ്യനായതുകൊണ്ട് പൂർണ സത്യത്തിനു പകരം ഉടൻ ദ്രോണർക്കു കൈമാറുക, അർദ്ധസത്യമാവും. പറഞ്ഞു വന്നാൽ പ്രായോഗികതലത്തിൽ രണ്ടിനും ഇടയിൽ കാണുക വിള്ളലിന് സാധ്യത ഉള്ള നേരിയ അതിർവരമ്പല്ലേ”, ദ്രോണരുടെ ചോര ദാഹിക്കുന്ന പാണ്ഡവ സംഘത്തിലെ തലവരിൽ ഒരാളായ യുധിഷ്ഠിരൻ ‘അതിർവരമ്പ്’ പൊട്ടിക്കാൻ അങ്ങനെ അർദ്ധസത്യമൊഴിയുടെ നാവുയർത്തി.

“ഇവരാണോ പാണ്ഡവ കാട്ട കുടിലിന്നരികിൽ ഉണ്ടെന്നു എക്കാലവും കേട്ട സന്യാസ സമൂഹത്തിലെ മാമുനികൾ?” കൊട്ടാരം ലേഖിക പാഞ്ചാലിയോട് വിസ്മയിച്ചു., “പക്ഷേ, കണ്ടാൽ പരിത്യാഗികൾ എന്നല്ല തോന്നുക!”

“ഭർത്താക്കന്മാർക്ക് ചൂതാട്ടത്തിൽ മികവ് തെളിയിക്കാൻ ആവാത്തതിന്റെ പേരിൽ പന്ത്രണ്ടുവർഷം അടിമപ്പണി ചെയ്ത സ്ത്രീയെ ജൈവമാലിന്യ നീക്കത്തിന്റെ തിരക്ക് പറഞ്ഞു ആക്ഷേപിച്ച മുനികൾക്കു കാടൻമുഖമല്ല കാണൂ.”

“ഭാഗം ചോദിക്കാൻ വന്നവരെ പറഞ്ഞു വിടാൻ പറ്റിയ വഴിയെന്ന നിലയിലല്ലേ, ഹിമാലയചുരം കാക്കാൻ പാണ്ഡവരെ നിയോഗിച്ചത്? ഉള്ളതെല്ലാം പെറുക്കി അവർ യാത്രപുറപ്പെടും മുമ്പ് നിങ്ങൾ, പരിപാടി വേണ്ടെന്നു വക്കുകയും ചെയ്തു. ഇതെന്താ ഇങ്ങനെ”, ഗംഗയിലെ നീരൊഴുക്ക് സംബന്ധിച്ചു രണ്ടു കുരുവംശപ്രവിശ്യകൾ തമ്മിലുള്ള തർക്കംതീർക്കാൻ വന്ന ദുര്യോധനനോട് പുരികം വളച്ചു കൊട്ടാരം ലേഖിക ചോദിച്ചു.

“പ്രിയ അർദ്ധസഹോദരരെ വനമേഖലയിലെ വാരണാവതം വേനൽക്കാല സുഖവാസമന്ദിരത്തിലേക്ക് വിശ്രമത്തിനയക്കട്ടെ. അത് കഴിഞ്ഞും അവർക്കു ഉത്തമ രാജ്യതാൽപര്യത്തിൽ ചുരം കാവൽക്കാരാവണം എന്ന് ഉത്സാഹം തോന്നിയാൽ അപ്പോൾ നോക്കാം”, ദുര്യോധനൻ ദൃഢഹമായ പുഞ്ചിരിയോടെ യാത്ര പറഞ്ഞു രഥത്തിൽ കയറി.

◇ 2025/09/13 ◇

“അയല്പക്ക സന്യസ്ഥാശ്രമങ്ങളിലെ സമർപ്പിതജീവിതങ്ങളെ സത്യമായും മഹത്വപ്പെടുത്താറില്ലേ?”, വിരൽ ചൂണ്ടി ശ്രദ്ധയാകർഷിച്ചു യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു പാണ്ഡവരുടെ വനവാസക്കാലം.

“പാഞ്ചാലീ പരിണയകാലത്തെ പഴയകഥകൾ ചികഞ്ഞെടുത്തവളെന്നെ ഒരു ദിവസം നിർദ്ദയം കടഞ്ഞപ്പോൾ പതിവുപോലെ തലതാഴ്ത്തി ഞാൻ സന്ദർഭോചിതമായ മൌനംപാലിച്ചു. ആർത്തവബന്ധിതമായ ആ ‘ഇടിവെട്ട്’ അങ്ങനെ നീങ്ങി. പരുങ്ങിയും പതുങ്ങിയും ആശ്രമത്തിൽ നിന്നും പുറത്തേക്കിറങ്ങി. മാംസദാഹികളായ മറ്റു നാലുപേർ നായാട്ടിനുപോയ നേരം. അയൽപക്ക ആശ്രമാതിർത്തിയിലെ വളർന്നുയർന്ന പൂമരത്തിനു പിന്നിൽ, അതാ കോമളരൂപനായ ഒരു യുവസന്യാസി! കണ്ണടച്ച് എന്തോ സന്ദേശത്തിന്നായി ചെവിയോർക്കുന്നു! എന്നെ അടുത്ത് കണ്ടപ്പോൾ, “ഇങ്ങനെയൊക്കെയാണ് നിങ്ങളുടെ പൂർവാശ്രമം, അല്ലേ!”, എന്നർത്ഥഗർഭമായി പിറുപിറുത്തു, വേറെന്തോ ചെയ്യുന്ന മട്ടിൽ, കയ്യെത്തുന്ന കൊമ്പിൽ നിന്ന് പൂക്കൾ പൊട്ടിച്ചു, പ്രത്യേകിച്ച് ക്ഷുതൽ ഉപചാരമൊന്നും ചൊല്ലാതെ ആശ്രമമുറ്റത്തിലേക്കു തിരിച്ചു കടന്നു പോയതാണ്, പിന്നെ ആ സന്യസ്തരുമായി എനിക്ക് നേർക്കുനേർ മിണ്ടാട്ടം ഒന്നും ഉണ്ടായില്ല”, ഉടുതുണി അഴിച്ചു ആഞ്ഞുകുടഞ്ഞു വീണ്ടും കൃത്യമായി ഉടുത്തു, കൊട്ടാരം ലേഖികയെ മുൻപ് കണ്ട പരിചയം തുടരാതെ. മുതിർന്ന ‘പാണ്ഡവ’ സഹോദരൻ വഴി മാറി പോയി.

◇ 2025/09/14 ◇

“പരമാധികാരം ദുഷിപ്പിക്കുന്നു! ഒരുദാർശനികനെ പോലെ വിദൂരതയിലേക്ക് നോക്കി നിങ്ങൾ നിരീക്ഷിച്ചതുകൊണ്ട് ചോദിക്കട്ടെ, അധികാരദുർവിനിയോഗ വിസ്തൃതി ഇതൊന്നുംപോരാ, എന്ന് തോന്നിയതു കൊണ്ടാണോ, സത്യവതി എന്നോ തീരുമാനിച്ചത്, ഭർത്താവ് ശന്തനുവിന്റെ ‘അന്ത്യരഥയാത്ര’ക്ക് സമയമായി!”, കൊട്ടാരം ലേഖിക ഭീഷ്മരോട് ചോദിച്ചു. ഇപ്പോളിതാ, സത്യവതി, പുത്രവിധവകളായ അംബിക, അംബാലിക എന്നിവർക്കൊപ്പം വനവാസത്തിനു പടിയിറങ്ങുന്ന പ്രഭാതം.

“അതുകൊണ്ടല്ലേ എന്റെ പാവം അച്ഛൻ ശന്തനുവിന്റെ മരണത്തിൽ, അന്നേ ഞങ്ങൾക്ക് തോന്നിയ ദുരൂഹത അന്വേഷിക്കാൻ എനിക്കാവാതെ പോയതും? സത്യവതി എന്റെ ചിറ്റമ്മയാണെങ്കിലും (എന്റെ അമ്മ ഗംഗയെ അവൾക്കൊപ്പം ഇതിൽ നിങ്ങൾ കൂട്ടിപ്പറയരുത്!), എന്നെക്കാൾ പ്രായത്തിൽ ഇളമുറ. അധികാരമോഹിയാണ് അവളെന്നു വിളിക്കുന്നത് അവഹേളനപരമായിട്ടല്ല അധികാര അഭിലാഷം സൂചിപ്പിക്കാൻ. പരിഭവം അതൊന്നു കൊണ്ടുമല്ല. പവിത്രമെന്നു അതുവരെ സ്വകാര്യഅഹങ്കാരമായി മേനിനടിച്ച ആജീവനാന്ത ബ്രഹ്മചര്യത്തിൽ, നിഷ്പയാസം അമ്മസ്ഥാനത്തിൽ എത്തിയ സത്യവതി വിള്ളൽ വീഴ്ത്തി. നോട്ടം സ്പർശം വാമൊഴി—ഓരോന്നിലും, കത്തുന്ന പെൺസ്വാധീനമായിരുന്ന അവളുടെ മധ്യവയസ്സിലും കാണുക. പാണ്ഡുചിതയിൽ സതിയായ മാദ്രിയെ മഹത്വപ്പെടുത്തുമ്പോൾ, ഉള്ളിൽ ഞാൻ ചോദിക്കും, എത്ര നിസ്സാരമായാണ്, സതി ചെയ്യാതെ, അന്തഃപുരത്തിൽ ‘സ്ഥിരം ക്ഷണിതാ’വാക്കി എന്നെ വരുതിയിലാക്കിയതും, ഭരണചക്രം തിരിക്കുന്ന മഹാറാണിയായതും ഗംഗയാറൊഴുകുന്ന ഈ നാട്ടിലെ ഏകാധിപതിയായതും. ഈ പ്രായത്തിൽ അതൊന്നും ഓർമ്മിപ്പിക്കരുതേ, എന്റെ ബ്രഹ്മചര്യം പൊട്ടിച്ചിതറും!”

◇ 2025/09/19 ◇

“വിരുന്നു വന്നവരെ വഴക്കി വീഴ്ത്തുന്ന മായികസഭാതലങ്ങൾ ഒഴികെ, മനുഷ്യപ്രയത്നത്തിന്റെ മഹിമയൊന്നും കാണാനില്ലാത്ത ഇന്ദ്രപ്രസ്ഥത്തിൽ, ഭരണചക്രം തിരിക്കേണ്ട പണി പൊതുവെ കുറവായത് കൊണ്ട്, പാണ്ഡവരിൽ നാലുപേരും കാലാവസ്ഥ അനുകൂലമെങ്കിൽ ഓരോ വഴിക്കിറങ്ങുകയാണെന്നു ആശങ്കയോടെ നാട്ടുകാർ പറയുന്നല്ലോ. നിങ്ങൾ അന്തഃപുരത്തിൽ ശരാശരി മഹാറാണിയുടെ അലസജീവിതം നയിച്ചാൽ, അവരുടെ സാഹസിക യാത്രകളിൽ എന്തും സംഭവിക്കാം എന്ന് പിന്നെ നിങ്ങൾ എങ്ങനെ കൃത്യമായി അറിയും?” കൊട്ടാരം ലേഖിക ചോദിച്ചു. കിടപ്പറക്കു വെളിയിൽ ചുറ്റിക്കറങ്ങാൻ ഭർത്താക്കന്മാർ ആരും ഇല്ലാത്തൊരു ശ്രുഭരാത്രി.

“താടിയും തലയും വളർത്തിയ കുട്ടിക്കുമ്പൻ അർജ്ജുനൻ, ഞാനറിയാതെ സുഭദ്രയെ ദ്വാരകയിൽ രഹസ്യവിവാഹം ചെയ്ത ദുരനുഭവമാണോ, ആഗോളയാത്രകളിൽ എന്തും സംഭവിക്കാം എന്ന മുന്നറിയിപ്പായി ഉദ്ദേശിച്ചത്? അത്തരം കരുതലിനു നന്ദി. വിവാഹബാഹ്യ ബന്ധങ്ങളെക്കുറിച്ചു ചാര സേവനത്തിന്റെ നിലക്കാത്ത വിവരലഭ്യത ഉറപ്പു വരുത്താതെ ഇക്കാലത്തു ഒരു സ്ത്രീക്ക് ബഹുഭർത്തൃത്വം സാധ്യമാണോ? സുഭദ്ര ഇനി ഇന്ദ്രപ്രസ്ഥത്തിൽ വരാതെ നോക്കാൻ ക്രമീകരണം നിലവിലവിൽ വന്നു കഴിഞ്ഞല്ലോ.”

“പാഞ്ചാലിയുടെ കടും പിടിത്തത്തിൽ കലങ്ങിയോ പാണ്ഡവ ഹൃദയങ്ങൾ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോടു് ചോദിച്ചു.

“ഇഷ്ടക്കേടുണ്ടെങ്കിൽ ആദ്യ രാത്രിയിൽ അംഗീകൃത ഭർത്താവായ അർജ്ജുനനെ പായിൽ കൂടെ കിടത്തി, വാതിൽ കൊട്ടിയടക്കാമായിരുന്നില്ലേ? പകരം, തരം കിട്ടുമ്പോഴൊക്കെ ഭർത്തൃമാതാവു് കുന്തിയെ കുറ്റം പറയുന്നതൊരു ഹരമാണവൾക്ക്. ഞാനും ഭീമനും കൈക്കുഞ്ഞുങ്ങൾ ആയിരിക്കുമ്പോൾ, കുന്തി പൂച്ചൂടി സന്ധ്യക്ക് പുരുഷപ്രലോഭനത്തിനായി പടിയിറങ്ങുന്നത് മാദ്രി പറഞ്ഞു കേട്ടിട്ടുണ്ട്. അത് മഹനീയമായമാതൃത്വത്തിനു വേണ്ടിയായിരുന്നു. ആദ്യ ഗർഭം കുന്തിക്ക് കാലനിൽ നിന്നായിരുന്നു എന്നറിഞ്ഞപ്പോൾ ഞെട്ടിയ പാണ്ഡു, സന്യസ്തർ വഴി നേടിയ പച്ചിലമരുന്നുകൾ കൊടുത്തു അലസിപ്പിക്കാൻ പ്രേരിപ്പിച്ചു. ഗർഭം സ്ത്രീക്ക് ജൈവികശിക്ഷയല്ല വിശിഷ്ട മാതൃത്വത്തിലേക്കു തീർത്ഥയാത്രയാണെന്നു പറഞ്ഞു, പച്ചിലതട്ടിയെറിഞ്ഞ സ്ത്രീരത്നമായ കുന്തിയെവിടെ, ബീജദാനിയെ മുൾമുനയിൽ നിർത്തുന്ന പാഞ്ചാലിയെവിടെ? ആണുങ്ങളോട് ഔദാര്യം ചെയ്യുന്ന പോലെയാണവൾ ഗർഭധാരണത്തിൽ ഏർപ്പെട്ടത്. ഞങ്ങളോട് വിവേചനമോ അർജ്ജുനനോട് പക്ഷപാതമോ കണ്ടില്ല. കുഞ്ഞുങ്ങൾ ഭാവിയിൽ കിരീടാവകാശികൾ ആവുമെന്ന പ്രത്യാശയില്ലാതെയാണവൾ ഗർഭധാരണത്തെ അലസൽഭീഷണിക്കു മുമ്പിൽ മുട്ടുകുത്തിച്ചത്. ഒന്നും മറക്കില്ല ഞങ്ങൾ, യുധിഷ്ഠിരൻ പതിവില്ലാത്ത വിധം സത്യം സംസാരിക്കുന്നപോലെ ഇടനെഞ്ചിൽ കൈപ്പത്തിച്ചേർത്തു ‘തിരുഹൃദയം’ പൊട്ടിച്ചിതറിയാണ് പാണ്ഡു കാലം ചെന്നതെന്നൊരു വ്യാഖ്യാനം സന്യസ്തരിൽ നിന്നുണ്ടായല്ലോ. മുനിശാപം കൂട്ടുപലിശയോടെ ഇരയെ കണ്ടെത്തി! മരണവൃത്താന്തം അംഗീകൃത വസ്തുതയുമായി ബന്ധപ്പെടുത്തി എങ്ങനെ ബോധ്യപ്പെടുത്തും, അരമനസംശയരോഗികളെ?”, കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡുചിതയിൽ മാദ്രി വെന്തുതീർന്നപ്പോൾ, പാണ്ഡവരുമൊത്തു കുന്തി കുടിലിലേക്ക് മടങ്ങുന്ന നേരം.

“ഒരു അവയവമെന്ന നിലയിൽ ഹൃദയത്തിന്റെ ശക്തി ദൗർബല്യങ്ങൾ രതിവികാരങ്ങൾക്ക് വിധേയമെന്ന നവീന കാഴ്ചപ്പാടിൽ നിങ്ങൾക്ക് വേണ്ടത് രണ്ടു സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്ന ഒരു മലിന ആഖ്യാനമാണെന്നു വ്യക്തം. ഭാര്യമാർ പരപുരുഷരതി ആസ്വദിക്കുന്നത് കണ്ട പാണ്ഡുഹൃദയം നുറുങ്ങുകളായി എന്ന് വെട്ടിമാറ്റാതെ എഴുതിപ്പിടിപ്പിക്കൂ. ഹസ്തിനപുരിയിൽ അഭയാർഥികളായി ചെല്ലുമ്പോൾ, സദാചാരസംരക്ഷകരായ നാട്ടുകാർ ഞങ്ങളെ തെരുവോരങ്ങളിൽ കൂട്ടം കൂടി കൂക്കി വിളിക്കട്ടെ. മാദ്രി മഹതി, അവൾ ഭാഗ്യവതി, സതി അനുഷ്ഠിച്ചവൾ, ചാരിത്ര്യവതിയായി ലോകമെങ്ങും അവളുടെ ജീവത്യാഗം മഹത്വപ്പെടും. അഞ്ചു ആൺകുട്ടികളുടെ പരിപാലനചുമതലയുള്ള ഞാനോ? പരിഷ്കൃതയെന്നു മേനി നടിക്കുന്ന നിങ്ങളുടെ മുമ്പിൽ ശപിക്കപ്പെട്ട വ്യഭിചാരിണി!”

“വൈകാരിക പരിസരത്തിൽ, സവിശേഷമായ പൂതേടിയ വിദൂര ഭൂതകാലം സൂതന്മാർ പാടിപ്പകർന്നു. പ്രിയപ്പെട്ടവളെ തൃ മേൽ അന്നു പ്രസന്ന! മറ്റു പാണ്ഡവരപ്പോൾ അസഹിഷ്ണുതയോടെ വിഭാവന ചെയ്തിട്ടുണ്ടാവും, ഉപാധികളില്ലാതെ അവൾ നിങ്ങൾക്കു പൂർണ്ണമായും വിധേയ! ജീവിതസായാഹ്നത്തിൽ ഒന്നോർത്തെടുക്കാമോ, ആ സുരഭില സ്മരണ?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു. മഹാപ്രസ്ഥാനത്തിൽ പാഞ്ചാലിയുടെ പ്രാണൻ നഷ്ടപ്പെട്ട ദിനം.

“സവിശേഷാധികാരങ്ങൾ അവൾ പാരിതോഷികമായി വാരിക്കോരി എനിക്ക് തന്നതോർമ്മയുണ്ട്, അതെന്നും ഊഷ്മളതയോടെ നിലനിൽക്കണേയെന്ന് ഞാൻ വിധാതാവിനോട് യാചിച്ചു കൊണ്ടാണുറങ്ങിയത്. പക്ഷേ, തുടർന്നും, പൂവഴിയിൽ എനിക്കവകാശപ്പെട്ട ഊഴം പിറ്റേന്നു തെറ്റിച്ചവൾ ഇളമുറ മാദ്രിപുത്രനെ കൈമാടി പായക്കുട്ടിനു ക്ഷണിച്ചപ്പോൾ എനിക്ക് തിരിച്ചറിവുണ്ടായി, കല്യാണസൗഗന്ധികം, ഒരുരാത്രി കഴിഞ്ഞാൽ, വെറുമൊരു വീണപൂവ്!”

“സ്വത്തിൽ ഓഹരി കിട്ടാൻ ചോര ചീന്തി എന്ന് തോന്നിത്തുടങ്ങിയോ?”, കൊട്ടാരം ലേഖിക, ധർമപുത്രർ എന്ന് എതിരാളികൾ നിന്ദയോടെ വിളിക്കുന്ന, പുതിയ ചക്രവർത്തിയെ കൊട്ടാരവളപ്പിൽ സ്വകാര്യമായി കണ്ടുമുട്ടി.

“കാര്യമറിയാതെയല്ലെ നിങ്ങൾ സംസാരിക്കുന്നത്. കൌരവർക്കു ജീവഹാനി സംഭവിച്ചു എന്ന് നിങ്ങൾ വേവലാതിപ്പെടുന്നു. എന്നാൽ വാസ്തവമതാണോ? മൂലഘടകങ്ങളുടെ ഒരു നിശ്ചിതശതമാനത്തിലുള്ള സംയോജനം തകരുന്നതിനെയല്ലേ നിങ്ങൾ മരണം എന്ന അർത്ഥത്തിൽ ചോരചിന്തൽ എന്ന കടുത്ത വാക്കുപയോഗിച്ചത്? കുരുവംശമൂലഘടകങ്ങൾ, പിൻഗാമി പരീക്ഷിത്തിലൂടെ മറ്റൊരു തോതിൽ സംയോജിച്ചില്ലേ?,” യുധിഷ്ഠിരന്റെ ശബ്ദത്തിൽ മുറിവേറ്റ ദുരഭിമാനം പ്രകടമായി.

◇ 2025/09/20 ◇

“കർണ്ണന്റെ ബീജദാതാവ് വെളിച്ചങ്ങളുടെ തമ്പുരാൻ എന്നാണല്ലോ നിങ്ങളുടെ ആദ്യകാല കുമ്പസാരം. ഇപ്പോളിതാ സ്രോതസ്സ് വേറെ എന്നു അവകാശപ്പെടുന്നു. വ്യക്തത വരുത്താമോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“എന്റെ വളർത്തുപിതാവ് കുന്തീഭോജൻ അങ്ങനെ ഒരു ഉപാധിവച്ച് പാണ്ഡുവിനെ വരനായി എനിക്ക് കണ്ടെത്തി. അല്ലെങ്കിൽ എന്റെ പീഡനകൗമാരം ഗാർഹികപീഡനത്തിലേക്ക് അന്വേഷണം നയിക്കും എന്നയാൾ ഭയന്നു. സൂര്യപുത്രൻ കർണ്ണൻ എന്ന ഐതിഹ്യനിർമ്മിതി കർണ്ണനും ആഘോഷിച്ചു. സൂര്യൻ ബീജസ്രോതസ്സ് എന്നത് പരക്കെ എല്ലാവരും സ്വാഗതം ചെയ്തു. പിന്നെ പിന്നെ മനഃസാക്ഷി ഏറെ കാലം മൗനം പാലിച്ചു. ജീവിതസായാഹ്നത്തിൽ സത്യം പുറത്തായല്ലേ പറ്റൂ. പീഡകൻ കുന്തീഭോജൻ മരിച്ചും പോയി.”

◇ 2025/09/21 ◇

“അധികാരത്തിൽ കയറി തിരുവസ്ത്രം ത്രന്നാൻ ആൾ അര മനയിൽ വരുമ്പോഴേക്കും, തുടങ്ങിയോ ദുര്യോധന വിധ വയുടെ ഭീഷണി?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ആദ്യവട്ടചർച്ച കഴിഞ്ഞു. വിശ്രദ്ധൻ എന്ന പദവി മതി യോ ദുര്യോധനന്ത എന്ന യുധിഷ്ഠിരൻ വിട്ടുവീഴ്ചയോടെ തുടങ്ങി. പോരാ. കുരുവംശത്തിന്റെ കാവൽപുണ്യവാൻ, രക്തസാക്ഷി ദുര്യോധനൻ എന്ന ആളയരത്തിൽ ഉള്ള പഞ്ചലോഹ പ്രതിമയിൽ, തങ്ക ലിപികളിൽ കൊത്ത ണം. ദുര്യോധന വിധവയുടെ അയവില്ലാത്ത നിലപാടിൽ തട്ടി ചർച്ച വീണ്ട. ആരും പിന്നെ എഴുന്നേറ്റിട്ടില്ല.”

“ഭീമനല്ല കീചകകൊലയാളി എന്ന പറയാൻ തെളിവു ണ്ടോ?” പത്രപ്രവർത്തകരുടെ പെരുമാറ്റച്ചിട്ട പാലിക്കു ന്ന കൊട്ടാരം ലേഖിക ചോദിച്ചു.

“ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ” എന്ന ഭീഷ്മ വാഗ്ധാരി ഹസ്തിനപുരി നഗര വാസികൾ ആവേശ ത്തോടെ ആവർത്തിക്കുന്ന ദിനങ്ങൾ.

“കീചകസ്മൃതിമണ്ഡപം ചുറ്റിനടന്ന പത്രപ്രവർത്തകയല്ലേ നിങ്ങൾ? നേരിൽ കണ്ടതൊക്കെ മനസ്സിന്റെ മുൻനിരയി ലേക്ക് കൊണ്ടുവരൂ. ഉണ്ടെണീറ്റാൽ നിലത്തു വറ്റും ചാ റും, എല്ലും മുള്ളും, ചിതറിക്കിടക്കുന്ന ഒന്നല്ലേ ഭീമന്റെ തീൻ മുറി മര്യാദ? അങ്ങനെ ഒരു മാലിന്യപ്രിയനെങ്ങനെ, ശു ചിയായി നിർവഹിച്ച കീചകക്കൊലയുടെ കാർമികത്വം മികവോടെ ചെയ്യാനാവും? കൊട്ടാരം വൈദ്യൻ ജഡം വെട്ടി മുറിച്ചു നോക്കിയില്ലെങ്കിലും വിവസ്ത്ര ഉടൽ തിരിച്ചും മറിച്ചും വെളിച്ചത്തിൽ പരിശോധിച്ചു. ഗാഢമായി ഉറങ്ങു ന്നവനെ പോലെ ആ പച്ചപ്പരിഷ്കാരി ജീവൻമുക്തിയിൽ. കങ്ങിയ കഴുത്തോ, ചുണ്ടിൽ കട്ട കെട്ടിയ ചോരയോ, തു റിച്ച കണ്ണുകളോ പൊട്ടിയ നെഞ്ചിൻകൂടോ, അടിവസ്ത്രത്തിൽ വിസർജ്ജ്യം, ഇല്ല എന്നല്ലേ ശരീര പരിശോധ കൻ അഭിമാനത്തോടെ അവകാശപ്പെട്ടത്. എന്നെ പറ ഞ്ഞാൽ, പരപീഡനമേറ്റ പാട് ഒന്നുമില്ല. കൊലയാളി വേറെ ആരായാലും, ഞങ്ങളുടെ ഊട്ടുപുര പാചകക്കാ രൻ കൂടിയായ നിങ്ങളുടെ ഭീമനല്ല എന്ന് ലോകത്തോ ട് വിളിച്ചു പറയുന്ന പോലെ! അറക്കാൻ ഒരു കാളക്കുട്ടി യെ കിട്ടിയാൽ പോലും കാട്ടുപോത്തിനെ കൊല്ലാനുള്ള ത്ര ബലം ഉപയോഗിക്കുന്ന പരുക്കൻ പോരാളിയുടെ ഭീ ഷണ സാന്നിധ്യം കീചകജഡത്തിൽ ഇല്ല എന്നു ഞാൻ പറഞ്ഞാൽ കാണികൾ എന്തുകരുതണം? കൊലയുടെ ഉദ്ദേശ്യലക്ഷ്യം ദേശീയ സുരക്ഷയിൽ ഞങ്ങൾ പുറത്തുവി ടുന്നില്ല. എന്നാൽ കൊലനാഥൻ ഭീമനല്ല എന്നത് സാ മാന്യ യുക്തി, വേറെ തെളിവൊന്നും മനഃസ്സാക്ഷി ചോദി ച്ചില്ല”, കീചകസഹോദരിയും മഹാറാണിയുമായ സുദേ ഷ്ണയുടെ ഭർത്താവ് വിരാടരാജാവ് ഒഴുകുന്ന വെള്ളത്തിൽ കൈകൾ വീണ്ടും കഴുകി.

◇ 2025/09/23 ◇

“കൃഷ്ണസഹോദരി സുഭദ്രയെ അർജ്ജുനൻ വിവാഹം കഴിച്ച വാർത്ത നിങ്ങളെ ക്ഷുഭിതയാക്കേണ്ട കാര്യം? നിങ്ങൾക്കുമില്ലേ ഒന്നിലധികം പായക്കുട്ട്?” കൊട്ടാരം ലേഖിക ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയോട് ചോദിച്ചു.

“സുഭദ്രയല്ല ഇവിടേ പ്രതിനായിക എന്ന് നിങ്ങൾക്കറിയാം. എന്റെ അഞ്ചു മക്കൾ, ദൂരെ പാഞ്ചാലത്തിൽ പ്രത്യാശയോടെ ചെങ്കോൽ കാത്തു വളരുമ്പോൾ, സുഭദ്രയുടെ വിവാഹത്തിൽ കൃഷ്ണന്റെ ആശംസ, നിങ്ങളും കേട്ടതല്ലേ, സുഭദ്രയുടെ പിൻഗാമി കുരുവംശം ഭരിക്കും എന്ന് കൃഷ്ണൻ പ്രവചിച്ചു, അർജ്ജുനൻ കയ്യടിച്ചു. യുധിഷ്ഠിരൻ ജനിച്ചു അൽപ്പനേരം കഴിഞ്ഞാണ് ദുര്യോധനൻ പിറന്നതെന്ന ഇൗറ്റില്ലന്യായം രാജസഭയിൽ ആവർത്തിച്ചു പറഞ്ഞല്ലേ കൌരവരെ പാണ്ഡവർ വെള്ളം കുടിപ്പിച്ചത്”, വഞ്ചിക്കപ്പെട്ട രാജകീയമാതൃത്വം പാഞ്ചാലിയുടെ അടക്കിപ്പിടിച്ച ക്രോധത്തിലും ചുറ്റും നിന്നവർക്ക് പൊള്ളി.

◇ 2025/09/24 ◇

“മൺകുടങ്ങളിൽ തെളിനീർ, സൗജന്യഭക്ഷണം വിളമ്പുന്ന ഊട്ടുപുരകൾ, വൃത്തിയുള്ള ശുചിമുറികൾ—എന്നിട്ടും നിങ്ങൾ സമരമുഖം തുറന്ന പാണ്ഡവർക്കെതിരെ മുഴക്കുന്നല്ലോ മുദ്രാവാക്യം! കാര്യമെന്താണ്?”, കൊട്ടാരം ലേഖിക ചോദിച്ചു. അതീവ സുരക്ഷാമേഖലയിൽ തടിച്ചുകൂടിയ കൗരവരാജ വിധവകൾ, “വിട്ടു തരൂ ഘാതകനെ” എന്ന് ഒച്ചവെക്കുന്ന ശീതകാല പ്രഭാതം.

“കടിവെള്ളവും ധാന്യവും പ്രദർശിപ്പിക്കുന്ന പാണ്ഡവ ഭരണകൂടത്തിന്റെ കബളിപ്പിക്കലിൽ കുറച്ചുകാലം ഞങ്ങളും വീണു. പാഠം പഠിച്ചു. പിന്നെ സംഘടിച്ചു. കുരുക്ഷേത്രയുടെ പാണ്ഡവവിജയ വാർഷികം ആഘോഷിക്കാൻ നാടൊട്ടുക്ക് അലങ്കരിക്കുമ്പോൾ, ഹസ്തിനപുരിയുടെ അഖണ്ഡത സംരക്ഷിക്കാൻ ജീവത്യാഗം ചെയ്ത നൂറോളം കൗരവആത്മാക്കൾ ഗതി കിട്ടാതെ മന്ത്രിക്കുന്നു—ഞങ്ങളെ കഴുത്തുഞെരിച്ചു കൊന്ന ഭീമനെ പിടിച്ചു നിർത്തി പൊതുനിരത്തിൽ തോലുരിക്കൂ.”

“യുധിഷ്ഠിരന് അഭിവാദ്യങ്ങൾ അർപ്പിക്കാൻ വിശിഷ്ട വ്യക്തിത്വങ്ങൾ ആരുമില്ലേ?” കൊട്ടാരം ലേഖിക വിദുരരോടു ചോദിച്ചു. യുദ്ധം ജയിച്ചെന്ന അവകാശ വാദവുമായി പാണ്ഡവർ ചെങ്കോലിനായി അന്ധരാജാവിൽ സമ്മർദ്ദം ചെലുത്തുന്ന സംഘർഷ കാലം.

“അനുഗ്രഹ പ്രഭാഷണത്തിൽ വ്യാസൻ പറഞ്ഞല്ലോ. “വരാനിരിക്കുന്ന കലിയുഗം ഇക്കഴിഞ്ഞ മഹാഭാരത യുദ്ധത്തെ എന്നുമോർക്കും. കൗരവ പാണ്ഡവകഥാപാത്രങ്ങൾ പ്രഭാഷണങ്ങളിലും പൊതു ജീവിതത്തിലും, ഉപമകളായി, രൂപകങ്ങളായി, സാങ്കേതിക വിദ്യയിൽ ചലിക്കുന്ന ചിത്രങ്ങളായി, ശൈലീപരിചരണത്തിൽ വൈവിധ്യത നിറഞ്ഞ പുനരാഖ്യാനങ്ങളായി നിറയും, ചത്താലും ജീവിച്ചാലും കുരുവംശജർ കാലാതീതം, അനുഗ്രഹീത ജന്മങ്ങൾ.””

“പോരാട്ടഭൂമിയിൽ ഉരുളുന്ന കൗരവതലകൾ ആരുടെ എന്ന് നോക്കി തത്സമയം ധൃതരാഷ്ട്രരെ അറിയിക്കുന്നില്ലേ?”, വിദുരർ തിരക്കിനിടയിലും, തന്നെപ്പോലെ സൂതനും, രാജാവിന്റെ സേവന ദാതാവുമായ സഞ്ജയനോട്, രഹസ്യമായി ചോദിച്ചു.

“ഓരോ കൗരവനെ കൊല്ലുമ്പോഴും ഭീമൻ, മദയാനയെപോലെ ചിന്നം വിളിക്കുന്നത് അരോചകമായി തോന്നിയിരുന്ന എനിക്ക് ഈ ‘ശിക്ഷ’ നിർത്താൻ മോഹമുണ്ടായിരുന്നു. അതിനിടയിൽ, തത്സമയ വാർത്താവതരണം, വ്യാജ പരിപാടിയാണെന്ന രാജാവിന് രഹസ്യവിവരം കിട്ടി. ഓരോ ദിവസവും, പുലർച്ചക്കു ‘ഹസ്തിനപുരി പത്രിക’യുടെ കൊട്ടാരം ചുവരെഴുത്ത പതിപ്പിൽ, തലേന്ന് സന്ധ്യവരെ ഉരുണ്ട മൊത്തം തലകളുടെ പേർവിവരം, യുദ്ധകാര്യലേഖകൻ, കുരുക്ഷേത്രയിൽ നിന്നും രാത്രിയോടെ ഹസ്തിനപുരിയിൽ എത്തി, പുലർച്ച ചുവരെഴുത്ത പൂർത്തിയാക്കി പൊതു വായനക്കു പുത്തൻ പതിപ്പിൽ കൊടുക്കുകയാണ് പതിവ്. വിളക്കും മുഖമൂടിയുമായി ഞാൻ ആദ്യ വായനക്കാരനാവും. ‘തത്സമയ’ വാർത്ത, രാജാവിന് ഹിതകരമായ രീതിയിൽ നാടകീയമായി തന്നെ അവതരിപ്പിക്കും. എന്നാൽ തത്സമയം എന്ന വാക്കിനു വിലയില്ലാത്ത ആസുരകാലം എന്നു പറഞ്ഞു രാജാവിത് നിർത്താൻ പറഞ്ഞു. കൗരവരുടെ ആയുധ മികവിൽ തെറിച്ച പാണ്ഡവതല എണ്ണം പറഞ്ഞാൽ മതി എന്നു ആജ്ഞാപിച്ചതോടെ, തല ഒന്നെങ്കിൽ ഒന്ന് ഉരുളാൻ പ്രാർഥിക്കുകയാണു ഞാൻ.”

“നിങ്ങളുടെ ആദ്യപ്രസവം ആൺകുഞ്ഞാണെങ്കിൽ, മൂപ്പിളമതർക്കം ഭാവിയിൽ ഉണ്ടാവാതിരിക്കാൻ കൊന്നുകളയണമെന്നു വിവാഹം കഴിഞ്ഞിട്ടും മക്കളില്ലാതിരുന്ന ധൃതരാഷ്ട്രർ കുരുനീക്കിയതായി കൊട്ടാരത്തിൽ ശ്രുതിയുണ്ടായിരുന്നു. ദൗത്യം കാര്യക്ഷമതയോടെ ചെയ്യുന്ന കൊലയാളിയിൽ നിന്ന് പിന്നെ നിങ്ങൾ യുധിഷ്ഠിരനെ എങ്ങനെ രക്ഷിച്ചു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പറഞ്ഞുകേൾക്കാറില്ലേ, നാം കാണുന്നതിൽ അപ്പുറം ഈ ലോകത്തു എന്തൊക്കെയോ ഉണ്ട് എന്ന്? കുഞ്ഞിന്റെ ഇരുപത്തിഎട്ടിനു കളിപ്പിച്ചു കിടത്തിയ ബാലയുധിഷ്ഠിരനെ എടുക്കാൻ ഒരപരിചിത പുരോഹിതവേഷം വന്നപ്പോൾ ഞാൻ, അയാളുടെ ചെവിയിൽ മന്ത്രിച്ചു, എന്റെ കുഞ്ഞിനെ എടുത്തു അനുഗ്രഹിക്കൂ, ഇവൻ മരണദേവതയുടെ പ്രിയപുത്രൻ. കൈപൊള്ളിയപോലെ പുരോഹിതൻ ധൃതിയിൽ കുട്ടിയെ നിലത്തുവച്ചു, തിരക്കുണ്ട് എന്ന് പറഞ്ഞു ഉടൻ പടിയിറങ്ങി. പിന്നെ അയൽക്കാർ കണ്ടത് ഞങ്ങളുടെ വനാശ്രമത്തിനപ്പുറത്തെ കുന്നിൻപുറത്തേക്കു, കുരുകുവീണ കഴുത്തുമായി ആ പുരോഹിതനെ ഭീകരരൂപിയായ കരിമ്പോത്തു വലിച്ചു കൊണ്ടു പോവുന്നതാണ്.”, വാർധക്യത്തിലും ഹസ്തിനപുരിയുടെ മുൻമഹാറാണി കുന്തി ദശാബ്ദങ്ങൾ പഴക്കമുള്ള യുധിഷ്ഠിരജന്മ രഹസ്യം ഓർത്തെടുത്തു.

◇ 2025/09/25 ◇

“ഗംഗയും സത്യവതിയും! ഹസ്തിനപുരിയിലെ രണ്ടു മാതൃബിംബങ്ങളെ വ്യത്യസ്തരീതികളിൽ നേരിട്ടറിഞ്ഞ നിങ്ങൾ, തിരിഞ്ഞുനോക്കുമ്പോൾ, എങ്ങനെ അവരുടെ അന്തഃപുരസാന്നിധ്യവും, രാജാവിലുള്ള ദുസ്വാധീനവും വിലയിരുത്തുന്നു?, ശന്തനുവുമൊത്തവരുടെ അസാധാരണ ദാമ്പത്യം നിങ്ങളോടല്ലാതെ വേറെ ആരോട് ഞാൻ ചോദിച്ചറിയും!?”. രാജ്യതന്ത്രത്തിൽ നിയുക്ത രാജാവ് യുധിഷ്ഠിരന് ധാർമ്മികബോധനം ചെയ്തശേഷം, ശരശയ്യയിൽ മാനം നോക്കിക്കിടന്ന പിതാമഹനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഉപാധിവച്ചാണവർ ശന്തനുവുമൊത്ത ഉറങ്ങിയതെങ്കിലും ഗംഗക്ക് ദാമ്പത്യ നിയോഗം ശിശു ഹത്യയായി. ഓരോ പ്രസവത്തിനു ശേഷവും വിഷാദ രോഗബാധ നേരിട്ട ഗംഗ, നവജാതശിശുവിനെ പുഴയിൽ ഒഴുക്കുമ്പോൾ, ശന്തനു, വിവാഹകരാർനിബന്ധന അനുസരിച്ച മൗനം പാലിച്ചു. ഗംഗ പെറ്റ എട്ടാമനായ എന്നെ മുക്കിക്കൊല്ലാൻ ശ്രമിച്ച അവളുടെ കൈകളിൽ നിന്ന് ശന്തനു നിലവിളിച്ചു തട്ടിയെടുത്തതോടെ, ചട്ടം തെറ്റിച്ചെന്ന പരാതിയിൽ ഗംഗ, ദാമ്പത്യത്തിൽ അവിശ്വാസം രേഖപ്പെടുത്തി സ്വർഗ്ഗരാജ്യത്തിലേക്കു യാത്രയായി. സ്വന്തം മകനെ രാജാവാക്കണം എന്ന ഒറ്റക്കാര്യത്തിൽ എക്കാലവും പിടിച്ചുനിന്ന സത്യവതിയോ? ശന്തനുവിന്റെ രതി ദൗർബല്യത്തിനു സമ്മതം മൂളി, അന്തഃപുര രാഷ്ട്രീയത്തിനു സ്വാർത്ഥ ദിശാബോധം നൽകി. അവകാശിയില്ലാതെ മകൻ വിചിത്രവീര്യൻ അകാലത്തിൽ മരിച്ചപ്പോൾ, “കന്യകാത്വം നഷ്ടപ്പെടാത്ത വിധവകൾക്ക് നീ, ഗാംഗേയാ, പായക്കുട്ടിൽ മാതൃത്വം നൽകി കുരുവംശത്തെ കൂടെ നിർത്തു”, എന്നു എന്നെ കെട്ടിപ്പിടിച്ചു കെഞ്ചി. ദുരഭിമാനിയായ ഞാൻ, ആജീവനാന്ത ബ്രഹ്മചര്യം രാഷ്ട്രപതാക പോലെ ഉയർത്തിക്കാട്ടി രാജവിധവകളായ അംബികയെയും അംബാലികയെയും അവർക്കിഷ്ടമില്ലാത്ത വ്യാസനു കിടപ്പറ വാതിൽ തുറന്നു കൊടുത്തനു തുടങ്ങി കുരുവംശപതനം! ഇനി ഏകാന്തമായി വിലപിക്കാൻ എന്നെ അനുവദിക്കു, ഈ വ്യർഥജന്മത്തെക്കുറിച്ച കൂടുതൽ ലജ്ജാകരമായ രഹസ്യങ്ങൾ പുറത്താരും, ഞാൻ വഴി അറിയാതിരിക്കട്ടെ!”

“പ്രമുഖ പാണ്ഡവന്റെ സംസാരശേഷി നഷ്ടപ്പെട്ട വാർത്ത പുകയുന്നല്ലോ! വിശദീകരിക്കാമോ?”, കൊട്ടാരം ലേഖിക പഞ്ചാലിയോട് ആശങ്കയോടെ ചോദിച്ചു.

“ദുര്യോധനൻ ഇന്ദ്രപ്രസ്ഥം സഭാതലത്തിൽ വഴുക്കി വീണ അന്ന് തുടങ്ങി, അർജ്ജുനൻ ദുരർഥംവച്ച് പറയാൻ. എന്തിനു ശത്രു ദുര്യോധനനെ ഇന്ദ്രപ്രസ്ഥത്തിലേക്കു ക്ഷണിക്കാൻ അത്യുത്സാഹം കാട്ടി? അന്തഃപുര മന്ദിരം ദുര്യോധനന് അനുവദിച്ചതിലായി പിന്നെ കുത്തൽ. സഹിച്ചു. വഴുക്കി വീണത്, അർജ്ജുനൻ സഭാതലത്തിൽ അശ്രദ്ധമായി മെഴുക്കൊഴുക്കിയത് കൊണ്ടാണെന്ന കാര്യം വിശ്വസ്ത നകുലൻ പിന്നീടറിയിച്ചിട്ടും ഞാൻ മിണ്ടാതിരുന്നു. മുറിപ്പെട്ടവികാരങ്ങളോടെ വിശിഷ്ടാതിഥി ദുര്യോധനൻ മടങ്ങിപ്പോയ ദിവസം, അർജ്ജുനൻ ഊഴം തെറ്റിച്ചു അതിക്രമിച്ച കയറി ‘വിശിഷ്ടാതിഥി’ പരികൽപ്പന കടിലകൗരവനു കൊടുക്കുക വഴി അസ്വീകാര്യമായ കീഴ്ഴഴക്കം സൃഷ്ടിച്ച എന്ന് ഒച്ച വെച്ചു. കുറെ ചെന്നപ്പോൾ, ദാമ്പത്യ വിശ്വസ്തത കൗരവന് ഞാൻ അടിയറവ് വച്ചുവെന്ന ദുസ്സൂചന സഹിക്കാനാവാതെ, തിരിച്ചടിക്ക് തയ്യാറായി. അന്തസ്സ് ഹനിക്കുന്ന നാവു പിഴുതു കളയാൻ കിടപ്പറയുടെ ഇരുട്ടിൽ പറ്റാത്തത് കൊണ്ട്, ശരീരസംഗമത്തിനു മുമ്പു ചുണ്ടു കോർക്കാൻ തരം കിട്ടിയപ്പോൾ, നാവു കടിച്ചെടുത്തു. ആസ്വാദന രതിയുടെ ഗുണഭോക്താവായി പരമാനന്ദം അനുഭവിക്കുമ്പോൾ തന്നെ ആത്മാഭിമാനത്തെ അവഹേളിക്കുന്ന ഭാഷ ഉപയോഗിക്കുന്നവർക്കു താക്കീതായി കാണണം ഈ പ്രതീകാത്മക നടപടി. വാ തുറന്നു നിലവിളിച്ച അർജ്ജുനനെ മുറിക്കു പുറത്തേക്കു ഞാൻ തള്ളി. പായക്കുട്ടിനു വരി നിന്ന മറ്റു പാണ്ഡവർ, ‘മാരകായുധമായ പെൺപല്ലുപയോഗിച്ചു മനഃപൂർവ്വം ഇണയെ മുറിവേൽപ്പിച്ച എന്ന കുറ്റത്തിന് ഇന്ദ്രപ്രസ്ഥം ശിക്ഷാ നിയമമനുസരിച്ച പ്രതിസ്ഥാനത്തു നിൽക്കേണ്ടിവരു’മെന്നവർ പേടിപ്പിക്കാൻ ശ്രമിച്ചെങ്കിലും, ഞാനവരെ വ്യക്തിഗത സേവനമികവിൽ പിന്തുണക്കാരാക്കി. കുറച്ച നാൾ, മുറിഞ്ഞനാവുമായി മൗനം പാലിച്ചപ്പോൾ മനസ്സിലായി എന്താണ് മുറിവേറ്റ പെണ്ണിനു പ്രണയകേളിയിൽ പുരുഷനോട് അറ്റ കൈയ്യിന് ചെയ്യാനാവുക. മുക്കിമൂളി അർജ്ജുനൻ അവ്യക്തമായെങ്കിലും സംസാരിക്കുന്നുണ്ട് എന്നാണു നകുലൻ പറഞ്ഞത്. ഇതാണ് യഥാർത്ഥ സംഭവം. തലതിരിച്ച എഴുതിയാലും, അന്തഃപുരങ്ങളിൽ ആരും അന്തം വിടില്ല, കൗരവപെൺപല്ലിന്റെ പ്രതിരോധകൂട്ടായ്മ നൂറ്റുവർക്കറിയാം.”

“കായികബലമുള്ള നിങ്ങളെ അർജ്ജുനൻ, ‘ഗുരുദക്ഷിണ’യായി ദ്രോണാചാര്യന്റെ മുമ്പിൽ ശരിക്കും എറിഞ്ഞു കൊടുത്തു!”, കൊട്ടാരം ലേഖിക പാഞ്ചാല രാജാവിനോട് ചോദിച്ചു, “അങ്ങനെയാണോ അന്നുണ്ടായ ബന്ധുപുരാണം?”

“ഏവർക്കുമറിയാം, കുറച്ചൊക്കെ രൂപസാദൃശ്യമുള്ളരെ പാഞ്ചാല രഹസ്യസങ്കേതത്തിൽ തീറ്റിപ്പോറ്റി നിർത്തുമെന്നും, ആപത്തുകാലത്തവരെ തരം പോലെ ‘കളിക്കളത്തിൽ’ ഇറക്കുമെന്നും. പ്രതികാരദാഹി ദ്രോണർ എന്നെ കുരുക്കിട്ട് പിടിക്കാൻ വിശ്വസ്ത അർജ്ജുനനെ വിട്ടുമെന്ന് ചാരവിവരം കിട്ടിയപ്പോൾ ഞാനും കുരുതലോടെ എതിർ നീക്കത്തിനു തയ്യാറെടുത്തു, കൃത്യസമയത്തു രൂപസാദൃശ്യമുള്ളവരിൽ, ഒരുവനെ, അർജ്ജുനന് മുമ്പിലേക്ക് ഞങ്ങൾ എറിഞ്ഞു. കിട്ടിയവനെ കൂട്ടി പാവം പാണ്ഡവക്കുട്ടി ഹസ്തിനപുരിയിൽ എത്തി. വിദ്യാർത്ഥിക്കു മുമ്പിൽ ‘കീഴടങ്ങി’യ ‘പാഞ്ചാല വേഷംകെട്ടുകാ’രനെ കണ്ടു മന്ദൻദ്രോണരും സംപ്രീതനായി. ഞാനപ്പോൾ അരമനയുടെ ഭൂഗർഭ അറയിൽ അപ്പപ്പോൾ വിവരം അറിഞ്ഞു ഭാവി തന്ത്രങ്ങൾ മെനഞ്ഞു. അല്ല, നിങ്ങൾ പത്രപ്രവർത്തകരിലും ഉണ്ടല്ലോ ഉടമ നേരിടുന്ന അടിയന്തരാവസ്ഥ നേരിടാൻ പറ്റിയ ‘മുഖംമൂടികളും പൊയ്യാലുകളും’?”

“വഴുക്കി വീണ പഴയമുള്ളോർമ്മ ഇന്നും കരൾ കുത്തി നോവിക്കുന്ന നൊമ്പരം, അല്ലെ!”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. പാഞ്ചാലിയും ഭർത്താക്കന്മാരും വനവാസത്തിനായി നീങ്ങുന്ന പ്രഭാതം. ഇന്നലെ ഈ സമയത്തവർ ഹസ്തിനപുരിയിലേക്കു ആനപ്പുറത്തു യാത്ര തുടങ്ങിയിട്ടേ ഉള്ളു.

“നടക്കുമ്പോൾ വഴിയിൽ ചളി വഴുക്കിയും കൂർത്ത കല്ലിൽ തട്ടിയും വീണു കാലുളുക്കുന്നതു ജീവിതത്തിൽ പുതു അനുഭവമൊന്നും അല്ല. എന്നാൽ സഭാതലത്തിൽ സംഭവിച്ചത് നിഷ്കളങ്ക വഴുക്കലായിരുന്നോ? സഭാതലനിർമ്മിതി തന്നെ ആതിഥ്യമര്യാദയുടെ നികൃഷ്ട ലംഘനമല്ലേ? വിളിച്ചുവരുത്തി കബളിപ്പിക്കുന്ന കുതികാൽ വെട്ടലായിരുന്നില്ലേ മായികഭാവം പൂണ്ട സഭാതലം. അടുത്തുണ്ടായിരുന്ന പാണ്ഡവരിൽ ചിലർ വാമൂടിയും, ചിലർ വാ തുറന്നും ദുരനുഭവത്തിൽ അന്ധാളിപ്പു കാണിച്ചെങ്കിൽ, നേരെ മുകളിൽ മട്ടുപ്പാവിൽ നിന്നൊരു കരളിൽ കുത്തുന്ന കാഴ്ച ഞാൻ ഒറ്റനോട്ടത്തിൽ കണ്ടു. ചില്ലുമേടയിലിരുന്ന പ്രണയിനി പാഞ്ചാലി എനിക്കുനേരെ, കൂർത്ത കല്ലെറിയുന്നപോലെ പൊട്ടിപ്പൊട്ടി ചിരിക്കുന്നു. വിവശനായി ഞാൻ നിലത്തിരുന്നു പോയി. കൈപിടിക്കാൻ അവൾ ചാടിയിറങ്ങി വരുമെന്നു ഞാൻ ഒരു നിമിഷം വിഭാവന ചെയ്തുവൊ. ഇല്ല. യക്ഷിച്ചിരിക്കുശേഷം അവൾ അപ്രത്യക്ഷയായി. ഒരു വിധം എഴുനേറ്റു ഞാൻ ഇന്ദ്രപ്രസ്ഥം കൊട്ടാരത്തിൽ നിന്ന് യാത്ര ചോദിക്കാൻ അന്തഃപുരത്തിൽ പോയപ്പോൾ, അവൾ മുഖം കഴുകി മിനുക്കി വാതിൽക്കൽ! ശ്രുദ്ധപരിഹാസത്തിന്റെ ധൂമകേതുക്കൾ മിന്നിപ്പായുന്ന ആ സുന്ദര മുഖത്തേക്കു നോക്കി ഞാൻ പുഞ്ചിരിയോടെ പറഞ്ഞു, ആതിഥ്യത്തിനു നന്ദി. ആർക്കറിയാം ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയുടെ പട്ടുപുതച്ച ഈ തോളിൽ നാളെ മാറാപ്പു കേറുമോ? ആ മാറാപ്പുമായാണ് പാഞ്ചാലി വഴി നടക്കുന്നത്.”

“മതിയായ താക്കീതും അകമ്പടിസുരക്ഷയും ഒന്നും അനുവദിക്കാതെ, കൗമാരപോരാളി അഭിമന്യുവിനെ കൌരവ കുടുവക്ഷുട്ടത്തിലേക്ക് എറിഞ്ഞത് നിങ്ങൾ അല്ല, പാഞ്ചാലി ആയിരുന്ന എന്ന് കർണൻ, മരിക്കും മുമ്പ് കുറ്റസമ്മതം നടത്തിയ വാർത്ത ശ്രദ്ധയിൽ പെട്ടുവോ? എങ്ങനെ പ്രതികരിക്കുന്നു?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു.

“അഭിമന്യുവിന്റെ പിൻഗാമികൾ കുരുവംശ രാജാവാകും എന്ന കൃഷ്ണപ്രവചനത്തിന് തടയിടാൻ, പദവി കൊതിക്കുന്ന അഞ്ചു മക്കൾ ഉള്ള ഒരമ്മയുടെ മുൻകൂർനീക്കം എന്നതിനെ കാണൂ. കുറ്റബോധം ഒലിച്ചുപോയ ആ സുഖം ഞാനിപ്പോൾ മറച്ചു വക്കുന്നില്ല”, യുധിഷ്ഠിരൻ പറഞ്ഞു. വൈകിയ രാത്രിയിൽ യുദ്ധഭൂമിയോട് ചേർന്ന യമുനയുടെ ജലത്തിൽ നിലാവ് ഭീതിതമായി ഇളകിയാടി.

◇ 2025/09/26 ◇

“യുദ്ധതയ്യാറെടുപ്പിൽ എന്താണ് കർണ്ണന്റെ തന്ത്ര സംഭാവന?” കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. കുരുക്ഷേത്ര.

“സ്മരണീയമായ ഒന്നുമില്ല. എന്നാൽ നിസ്സാരകാര്യത്തിനു മുഖം വീർപ്പിക്കും. ഭീഷ്മർ മരിക്കും വരെ പോർക്കളത്തിൽ നിന്നും വിട്ടുനിൽക്കാൻ ഇന്നവൻ തീരുമാനിച്ചു.”

“പൂർവ്വവിദ്യാർത്ഥി സംഗമം ഒരു ദുരന്തമായി എന്നു നിങ്ങൾ പറഞ്ഞെന്നു കേട്ടല്ലോ. എന്തുണ്ടായി കോട്ടം?” കൊട്ടാരം ലേഖിക ദ്രോണരോട്ട് ചോദിച്ചു.

“അരങ്ങേറ്റ സംഗമം കഴിഞ്ഞപ്പോൾ, അനാഥപാണ്ഡവർ എന്നെ അവരുടെ മാത്രം ‘രക്ഷക’നായി ഏറ്റെടുത്തിരുന്നു. ധനികകൗരവരുമായി ഞാൻ പുഞ്ചിരിയോടെ ഒന്നു മിണ്ടിയാൽ പോലും അർജ്ജുനൻ ഇടയും, എക്കാലവും ദരിദ്രപാണ്ഡവരുടെ രക്ഷാകർത്താവാൻ ദരിദ്രനായ എനിക്ക് ചേതം ഉണ്ടല്ലോ എന്നോർത്തപ്പോൾ ഞാൻ, കൗരവപക്ഷം ശരിപക്ഷം എന്ന സ്വാർത്ഥ നിലപാടിൽ ഉറച്ചു. ഇപ്പോൾ വസതി ആയി, അരമന ഉപദേശകരിൽ മുഖ്യനായി, എല്ലാം കൗരവരുടെ കാരുണ്യം.”

“ദുഷ്ടലാക്കോടെ ഇടിച്ചു കയറി, മൂപ്പിളമ ആധിപത്യത്തിനായി വളഞ്ഞവഴി തേടുന്ന യുധിഷ്ഠിരൻ, പാഞ്ചാല രാജാവിനോട് സ്ത്രീധനം ചോദിച്ചു എന്ന് കുടിലകൗരവർ കുതിരപ്പന്തികളിൽ പ്രചരിപ്പിക്കുന്നല്ലോ?”, നവവധു പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഹസ്തിനപുരിയിൽ ഞങ്ങൾ ആദ്യദിനങ്ങൾ കഴിയുന്നതിനിടക്ക്, ആതിഥേയ കൌരവരോട് കടം ചോദിക്കേണ്ടി വരാവുന്ന മാനഹാനി ഒഴിവാക്കാൻ, സ്ത്രീധന ആഭരണങ്ങളിൽ ചിലത് വിൽക്കട്ടെ എന്ന് യുധിഷ്ഠിരൻ മറ്റു പാണ്ഡവരുടെ അനുമതിയില്ലാതെ എന്റെ അച്ഛനോട് ചോദിച്ചത് വാസ്തവം തന്നെ. “ഓ അതോ, അതവൾക്കു ഞാൻ വാങ്ങിച്ചു കൊടുത്തതൊന്നു മല്ല, കർണന്റെ കവച കുണ്ഡലങ്ങൾ പോലെ, അഴിച്ചു മാറ്റാനാവാത്ത രണ്ടാം ചർമ്മമല്ലേ പാഞ്ചാലിയുടെ ആഭരണങ്ങൾ? യാഗാഗ്നിയിൽ നിന്ന് വളർച്ചയെത്തിയ ഉടലുമായി ഉയർന്നു വന്നപ്പോഴേ അതൊക്കെ ഉണ്ടായിരുന്നതാണ്”, എന്ന ലഘുസൂചനയോടെ സ്ത്രീധന വിൽപ്പന കൈകാര്യം ചെയ്തു. യാഗാഗ്നിയിൽ നിന്നും ഉയർന്ന ഉടൽ എന്നു കേട്ടപ്പോൾ തന്നെ വിരണ്ട യുധിഷ്ഠിരൻ പിന്നെ പൊന്നിൽ, ദുഷ്ടലാക്കോടെ തൊട്ടിട്ടില്ല!”

“ഈ വീട്ടിലെ ഏറ്റവുംനല്ല മുറി ഭാര്യക്ക് സമ്മാനിച്ച ഞാൻ പക്ഷേ, ഉറങ്ങുക ഒരു കൊച്ചുമുറിയിൽ എന്നു ഞങ്ങൾ അഞ്ചുആണുങ്ങൾ തീരുമാനം എടുത്താലും, പാഞ്ചാലിയിൽ നിന്നും കേൾക്കാം, ആൺഅധികാര പ്രവണത എന്ന ആക്ഷേപം.”

“കൊള്ളസംഘമായി കുതിരപ്പന്തികളിലും വഴിയോരഭക്ഷണ ശാലകളിലും വനവാസ കാലത്തെ പണ്ഡവർ ചിത്രീകരിക്കപ്പെടുന്നുണ്ടല്ലോ. ഒന്നും അറിയാറില്ലേ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“ചൂതാട്ടമായിരുന്നില്ല പാണ്ഡവരുടെ അധഃപതനത്തിനു കാരണം. സദാചാരബോധത്തെ വേദനിപ്പിച്ച വേറെ കാര്യങ്ങൾ ആയിരുന്നല്ലോ. അർജ്ജുനഭാര്യയുമായി മറ്റു നാലു പാണ്ഡവർ പുലർത്തിയ അവിഹിതബന്ധം ഹസ്തിനപുരി ശിക്ഷാനിയമമനുസരിച്ചു നടപടി നേരിടണമെന്ന് ബോധ്യപ്പെട്ടപ്പോൾ, പെരുമാറ്റച്ചട്ട കുരുവംശ കാവൽക്കാരായ ഭീഷ്മരും വിദുരരും അംഗീകരിച്ചു. ചൂതാട്ടത്തിൽ യുധിഷ്ഠിരൻ ഒന്നിനൊന്നു മോശം മാതൃകയായിരുന്നപ്പോളും പണയ വസ്തുക്കൾ തിരിച്ചു കൊടുത്തു അവരെ യാത്രയാക്കാൻ ഒരുങ്ങുമ്പോഴാണ്, ശിക്ഷാനിയമത്തിലെ ദാമ്പത്യേതര രതി ബന്ധ വകുപ്പു അവരെ തിരിഞ്ഞുകുത്തിയത്. അർജ്ജുനൻ എന്തിനു പ്രത്യേകം ശിക്ഷിക്കപ്പെട്ട അല്ലെ? സഹോദരന്മാരുടെ ലൈംഗികാതിക്രമത്തിൽ നിന്ന് ഭാര്യപാഞ്ചാലിയെ രക്ഷിക്കാനാവാത്ത ഭർത്താവിന്റെ തല വെട്ടാൻ വകുപ്പില്ലാതിരുന്നതു കൊണ്ടാണയാളുടെ കഴുത്തിനു മേൽ ഇപ്പോഴും ശിരസ്സ്. യുദ്ധമുണ്ടായാൽ, അർജ്ജുന കഴുത്തു തനിക്കുതരണമെന്ന കർണ്ണന്റെ ആവശ്യം പരിഗണനയിലുണ്ട്. എത്ര അപരാധവും ഞങ്ങൾ പൊറുക്കും—ദാമ്പത്യഅവിശ്വസ്തത ഒഴികെ. കൗരവർ കൊലപ്പുള്ളികളെന്നു പ്രചരിപ്പിക്കുന്ന പാണ്ഡവരോട് ആത്മാർത്ഥമായി പറയട്ടെ, കൗരവർ ഓരോരുത്തരും മറ്റു സഹോദരന്മാരുടെ ഭാര്യമാരെ അഭിസംബോധന ചെയ്യുന്നത് ‘അമ്മ’ എന്നാണു. ഇളമുറ മാദ്രിപുത്രൻ സഹദേവൻ വയസ്സുമൂത്ത പാഞ്ചാലിയെ അധികാരത്തോടെ നീ എന്ന് വിളിക്കുന്നത് കേട്ടപ്പോൾ കൗരവ ചോര തിളച്ചു. തിരക്കുണ്ട്, യമുനയിൽ നിന്ന് നീർച്ചാലുകൾ വലിച്ചു പരിഹാരം കാണുന്നൊരു ജലസാക്ഷരത സംരംഭത്തിലാണ് ഞങ്ങൾ. കൂടെ വരുന്നോ? അതോ, ദൂഷണകഥകൾ തേടി നിരങ്ങാനുണ്ടോ അന്തഃപുര തിണ്ണകൾ?”

“പോർക്കളത്തിൽ പടവാളുയർത്തുമ്പോഴും യുധിഷ്ഠിരൻ, പോരാട്ടധാർമ്മികത അശേഷം വിടാത്ത കുരുക്ഷേത്ര ഓർമ വല്ലതുമുണ്ടോ, വായനക്കാരുമായി പങ്കുവക്കാൻ?”, പാണ്ഡവ വക്താവും, ഇളമുറ മാദ്രീപുത്രനുമായ നകുലനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ഉടലും താങ്ങി ഭീമൻ കൗരവർക്കുപിന്നാലെ ഓടിയോടി തളർന്നിരുന്നെങ്കിലും, വീര്യം വിടാതെ, ഒരു പ്രമുഖകൌരവനെ ഓടിച്ചിട്ട് പിടിച്ച്, ഞെക്കിക്കൊല്ലാനുള്ള മോഹം കരളിൽ തിളക്കുമ്പോൾ, ഇരയുടെ അരക്കെട്ടിലാരോ ഊരാകുടുക്കിട്ടു. കയർ പിന്നിലേക്ക് വലിക്കുന്നു! വിസ്മയത്തിൽ തിരിഞ്ഞുനോക്കിയപ്പോൾ, ‘അതാ, ഒളിവിൽ പോയ സാക്ഷാൽ യുധിഷ്ഠിരൻ!’ വാളുള്ളപ്പോൾ നീ നഗ്ന ഹസ്തങ്ങൾ കൊണ്ട് പ്രതിയോഗിയെ ‘അധാർമ്മികമായി’ ഞെക്കിക്കൊല്ലാമോ?” എന്ന് ഒരു നേതൃപാടവമുള്ള ജ്യേഷ്ഠനെപ്പോലെ ശാസനയുടെ സ്വരത്തിൽ ചോദിച്ച യുധിഷ്ഠിരൻ, ബന്ദി കൌരവനെ തട്ടിപ്പറിച്ചെടുത്തു, മലർത്തിക്കിടത്തി കഴുത്തറുത്തു ചോര കലർന്ന വാൾ ചുഴറ്റി, വെല്ലുവിളിച്ചു.

“ഭീമാ ഇന്ന് കൌരവമാറു നീ എത്ര പിളർത്തി?”

“വഴിയിലാരെങ്കിലും നിങ്ങളെ തിരിച്ചറിഞ്ഞുവോ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

“കാലം കുറെ കഴിഞ്ഞില്ലേ കാട്ടിൽ പോയിട്ട്. ധൃതരാഷ്ട്രർ തിരിച്ചറിയുമെന്ന പ്രതീക്ഷ ഉണ്ടായിരുന്നില്ല. കണ്ണുകെട്ടി കാഴ്ച മറച്ച ഗാന്ധാരി, ശബ്ദം കേട്ടിട്ടും തിരിച്ചറിഞ്ഞില്ല. തിരിച്ചറിഞ്ഞെങ്കിലും, വിവേകത്തിന്റെയും ശരിപെരുമാറ്റത്തിന്റെയും മാതൃകയായ വിദുരർ പിൻവാങ്ങി. കാവൽക്കാർ ഞങ്ങളെ പിടികൂടി അനാഥാലയത്തിലേക്കയക്കാൻ കാളവണ്ടി ഒരുക്കുമ്പോഴായിരുന്ന നായ അടുത്തേക്ക് കുതിച്ചത്. കുട്ടികളെ കൂട്ടിപ്പിടിച്ചു ഞാൻ ഒതുങ്ങി. അടുത്ത് വന്ന നായ കടന്നാക്രമിക്കുന്നതിനു പകരം, വിധേയത്വത്തോടെ വാലാട്ടാൻ തുടങ്ങി. വിദുരർ സംശയം മാറിയ പോലെ മുറ്റത്തേക്ക് ധൃതിപിടിച്ചു വന്ന എല്ലാവരോടുമായി പറഞ്ഞു, “സ്ഥാനത്യാഗം ചെയ്ത പാണ്ഡുവും കുന്തിയും കാട്ടിൽ പോവുമ്പോൾ ഈ വളർത്തു നായ, കുട്ടിയായിരുന്നു. നിങ്ങൾ അതിനെ പരിചരിച്ച ഓർമ്മ കാലമെത്ര ചെന്നിട്ടും മറന്നിട്ടില്ല എന്ന് വ്യക്തമായി. നിങ്ങൾ കാട്ടിൽ പോയ ദിവസം മുതൽ കോട്ടക്ക് മുകളിൽ വടക്കൻ ഭാഗത്തേക്ക് നോക്കി കാത്തു നിൽക്കുമായിരുന്നു, നാം സാധാരണ മനുഷ്യർ സമാന ബാല്യാനുഭവങ്ങൾ സൗകര്യപൂർവ്വം മറക്കുമെങ്കിലും.” കുന്തിയും കുട്ടികളും അരമനയിലേക്കു വരൂ, നിങ്ങൾ അവകാശികളാണ് അഭയാർഥികളല്ല എന്ന് ഞാൻ കൊട്ടാരത്തിന്റെ അകത്തളങ്ങളിൽ ഔദ്യോഗികസൂചന കൊടുത്തു.”

“പാഞ്ചാലി കുരുവംശ സുരക്ഷയ്ക്ക് ഭീഷണി?”, കൊട്ടാരം ലേഖികയുടെ സ്വരത്തിൽ രോഷം കലർന്നു.

“കാലാതീത കുരുവംശപ്പെരുമക്ക് പാഞ്ചാലിയുടെ ആത്മകഥ കാരണമാവും എന്ന് ഭരണകൂടത്തിനു ബോധ്യമായി. ചക്രവർത്തിയുടെ രേഖാമൂലമായ അനുമതി കൂടാതെ ഹസ്തിനപുരി പത്രികക്ക് പ്രസിദ്ധീകരണത്തിന് കൊടുത്താൽ, ദേശസുരക്ഷ പരിഗണനയിൽ മേൽനടപടി ഉണ്ടാവും. നിർബന്ധിത വനവാസം ഉൾപ്പെടെ”, മയമില്ലാത്ത ഒരു അസാധാരണ സ്വരത്തിൽ ചാരവകുപ്പു മേധാവി നകുലൻ മന്ത്രിച്ചു.

“ഭക്ഷണം സ്വയം പാകം ചെയ്യണോ നിങ്ങൾ? അപ്പോൾ അക്ഷയപാത്രം വെറുമൊരു അലങ്കാരം?” കൊട്ടാരം ലേഖിക വിസ്മയിച്ചു.

“ഇതെനിക്ക് കഴിക്കാൻ മാത്രമാണ്. പാണ്ഡവർ അഞ്ചു പേർ കഴിക്കുന്ന അക്ഷയപാത്രത്തിൽ ഞാൻ കൈവെക്കാറില്ല. എന്തോ നുഴഞ്ഞുകയറി, ഭക്ഷണവിതരണത്തിൽ തകരാറു വരുത്തിയതു കൊണ്ട്, പെണ്ണിന് രാത്രി ഊണ് കഴിക്കാൻ ആവാത്ത വിധം സമയപരിധിയോ ഭക്ഷണപരിമിതിയോ ഉണ്ട് എന്നാണു നകുലൻ പറയുന്നത്. പരിഹാരമില്ലേ എന്നൊന്നും ചോദിച്ചില്ല. ഞാൻ പട്ടിണി കിടക്കേണ്ടെന്നു ഉടയോൻ ദുര്യോധനൻ നിശ്ചയിച്ച ഉത്തമ ധാന്യങ്ങൾ അയച്ചു തന്നു. ഇന്ന് നിങ്ങൾ എന്റെ അതിഥി”, വേവ് നോക്കി തൃപ്തിയായ പാചകക്കാരിപാഞ്ചാലി കൊട്ടാരം ലേഖികയെ തീൻശാലയിലേക്കു സ്വാഗതം ചെയ്തു.

◇ 2025/09/28 ◇

“ഇപ്പോൾ നിങ്ങൾ ‘രാജമാതാവ്’ പദവി തിരിച്ചു കിട്ടിയ സന്തോഷത്തിലാണോ?” കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. പോരാട്ടം കഴിഞ്ഞു പാണ്ഡവർ ചെങ്കോൽ പിടിച്ചെടുത്ത ദിവസം.

“നവവധുവായി എനിക്കിവിടെ കിട്ടിയത് മഹാറാണി പദവിയായിരുന്നു. അന്ധന് സിംഹാസനത്തിൽ ഇരിക്കാൻ അധികാരമില്ലെന്ന് പറഞ്ഞ കൊട്ടാരം ഗുരു, പാണ്ഡുവിനെ രാജാവാക്കിയ ഇടവേള. സ്ഥാനത്യാഗം ചെയ്ത് പാണ്ഡു വനവാസത്തിൽ പോയപ്പോൾ ഞാൻ, രാജപൊടിപ്പും തൊങ്ങലും ഇല്ലാത്ത സാധാരണസ്ത്രീ ആയി. കുട്ടികളുമായി ഇരുപതു വർഷത്തിന് ശേഷം ഹസ്തിനപുരിയിൽ മടങ്ങിയെത്തിയപ്പോൾ കിട്ടിയത് അഭയാർത്ഥി പദവി മാത്രം. എന്റെ കുട്ടികളെ രാജകുമാരൻ എന്ന് വിളിക്കണം എന്ന് വിദുരർ ധൃതരാഷ്ട്രരോട് നിർബന്ധിച്ചപ്പോൾ അന്ധൻ മുഖം തിരിച്ചു. പാണ്ഡവർ എന്ന് രാജകുമാർപദവിയില്ലാതെ വിളിക്കാം എന്ന അനൗദ്യോഗികമായി ധാരണയായെങ്കിലും, എന്നെ മൻമഹാറാണി എന്ന് ഔദ്യോഗിക രേഖകളിൽ പരാമർശിക്കുന്നത് ശ്രദ്ധശക്തികൾ വിലക്കി. കുടിയേറ്റക്കാരായി പാണ്ഡവർ ഖാണ്ഡവ പ്രസ്ഥത്തിലേക്കു പോവുമ്പോൾ അവരുടെ നല്ലനടപ്പിന് കൗരവർ എന്നെ ജാമ്യതടവുകാരി എന്ന നിലയിൽ ഇവിടെ ഗാന്ധാരിയുടെ തോഴിയാക്കി., രാജസൂയ യാഗം കഴിഞ്ഞു യുധിഷ്ഠിരൻ ചക്രവർത്തിയായപ്പോൾ എന്നെ മോചിപ്പിച്ചു രാജ മാതാപദവി തിരിച്ചു തരുമെന്ന് കരുതിയ എനിക്ക് തെറ്റിയോ.”

“വിടാതെ ചോദിച്ചും വേണ്ടിവന്നാൽ ചൊടിച്ചും പദവി നേടാൻ ആരും നിങ്ങളെ പഠിപ്പിച്ചില്ല?” കൊട്ടാരം ലേഖിക ഇടപെട്ടു മുന്നോട്ടു നീങ്ങി.

“മുറുമുറുക്കുന്ന, വിളിച്ചാൽ എതിർദിശയിൽ പോവുന്ന, ഇടഞ്ഞുസംസാരിക്കുന്ന, എന്താ ഭീമന്റെ പ്രശ്നം?”, ഖാണ്ഡവവനം തെളിയിച്ച കുടിയേറ്റ കുടുംബത്തിലെ നേതാവ് ചമയുന്ന യുധിഷ്ഠിരൻ പാഞ്ചാലിയോട് ചൊടിച്ചു.

“നേരിട്ട് നിങ്ങൾ അവനോട് ചോദിക്കണം. ഞാൻ പാണ്ഡവരുടെ മനഃസാക്ഷി സൂക്ഷിപ്പുകാരിയല്ല. എന്റെ നേരെ വേണ്ട കുതിരകയറ്റം. പാണ്ഡവർ സസ്യാഹാരമായിരിക്കും വിരുന്നുകളിൽ വിളമ്പുക, മൃഗമാംസമല്ല, എന്നൊക്കെ രാജമുദ്രവെച്ച, മാംസഭോജ്യം വിളമ്പുന്നത് നിർത്തുമെന്നറിയിച്ചാൽ, മാംസഭോജിയായ ഭീമൻ വ്യസനിക്കില്ലേ? ഇഷ്ടമാംസ ഭക്ഷണം തീൻശാലയിൽ തിരിച്ചു കൊണ്ടുവന്നാൽ, പെരുമാറ്റത്തിലും കാണുമായിരിക്കും നിങ്ങളോട് ഇഷ്ടം. അതോടെ മാംസഭോജി ഭീമൻ ക്രൂര നിർത്തും വാലാട്ടും.”

“തല ഒരു വശം മൊട്ടയടിച്ചു മറുവശം പുള്ളികുത്തി അർദ്ധനഗ്നരായ അഞ്ചു ആണുങ്ങളും ഒരു സ്ത്രീയും കഴുതപ്പുറത്തു ഇത്ര നന്നേ രാവിലെ. ആരാണിത്”, ഗ്രാമത്തിൽ നിന്ന് പുതുതായി നഗരത്തിലെ അറിവുശാലയിൽ പണിക്കു ചേർന്ന യുവാവ് വിസ്മയത്തോടെ ജാലകത്തിലൂടെ പെരുവഴിയിലേക്ക് നോക്കി ആരോടെന്നില്ലാതെ പിറുപിറുത്തു.

“നമ്മുടെ ഭരണാധികാരി ദുര്യോധനൻ, ഒരിറ്റ ചോര വീഴ്ത്താതെ ഇന്നലെ രാത്രി നേടിയ ആറു അടിമകളെ ആചാരമനുസരിച്ച് നഗരികാണിക്കയാണ്, കഠിനതടവിൽ കാട്ടിലേയ്ക്കയക്കും മുമ്പ്. തെരുവോര കാഴ്ച കണ്ടു രസിക്കാതെ ആ മുയലുകളെ വേഗം തൊലിയുരിച്ചു കൊച്ചുകഷണങ്ങളാക്കി ഒരുക്കിവക്ക്, മഹാരാജാവ് ധൃതരാഷ്ട്രർക്ക് ഇന്നത്തെ ആഘോഷത്തിനു നിന്റെ വക തന്നെ ആവട്ടെ മൃദുമാംസ സംസ്കരണം”, തൊഴിലുടമ ഭീഷണി പോലെ പുഞ്ചിരിച്ചു.

“ഇന്നലെ രാത്രി മുതൽ നിങ്ങൾ കൗരവഅടിമ ശരി, പക്ഷേ, അറിവുശാലയിൽ നിങ്ങളുടെ ഈ ഞെട്ടിപ്പിക്കുന്ന സാന്നിധ്യം?”, കിതച്ചോടി വന്ന കൊട്ടാരം ലേഖിക വിങ്ങി.

“കാട്ടിൽ കുട്ടിക്കാലം കഴിഞ്ഞ പാണ്ഡവർ വേട്ടനായാട്ട പരിചയപ്പെട്ടവർ, യാഗാഗ്നിയിൽ നിന്ന് ജനിച്ച ഞാനോ, ഇത്ര നാളും സസ്യാഹാരി. ഇനി കൗരവരുടെ കഠിനശിക്ഷയിൽ ഞാൻ വനവാസത്തിനു പോവുമ്പോൾ മൃഗമാംസ സംസ്കരണം അറിയേണ്ടേ? ചങ്കിൽ തറച്ച അമ്പുമായി വരുന്ന പേടമാനിനെ കൊന്ന തൊലിയുരിച്ചു ഈ അഞ്ചു മാംസദാഹികൾക്ക് പൊരിച്ചുകൊടുക്കാൻ ഞാനും പഠിക്കേണ്ടേ”, ഒരു മാടിന്റെ തൊലി ആഞ്ഞുവലിച്ചു നീക്കുന്ന പാഞ്ചാലി പുഞ്ചിരിച്ചു.

“ആളിക്കത്തുന്ന ജനരോഷമൊന്നും അരമനയിൽ നിങ്ങൾ അറിയുന്നില്ലേ? ലൈംഗിക ആക്രമണത്തിൽ പ്രതിചേർക്കപ്പെട്ട ദുര്യോധനനെ, നിയമവാഴ്ചയുള്ള നാട്ടിലെ ശിക്ഷാനിയമം അനുസരിച്ചു എന്ത് തുടർനടപടിക്ക് വിധേയമാക്കി?”, കൊട്ടാരം ലേഖിക ചോദിച്ചു.

“നീതിപീഠത്തിൽ ഭരണകൂടം സമർപ്പിച്ച സത്യവാങ്മൂലം വായിച്ചില്ലേ? ആരോപിത പ്രതിക്ക് മാരകരോഗം പിടിപെട്ടിട്ടുണ്ടോ എന്ന പരിശോധന പൂർത്തിയാക്കി. അരോഗദൃഢഗാത്രൻ! പ്രതിയുടെ ശരീരവളർച്ച പ്രായത്തിന് ആനുപാതികമാണോ? അന്തർഗ്രന്ഥി സ്രവവ്യതിയാനം അവയവ വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ? ശ്രമകരമായ ആ പരീക്ഷണദൗത്യവും കഴിഞ്ഞു. കായികക്ഷമതയെ സംശയത്തിലാക്കുന്ന ഒന്നും കണ്ടെത്തിയില്ല. മനസ്സുകൊണ്ടും ശരീരം കൊണ്ടും പ്രതി ഒരു പുരുഷൻ തന്നെയാണോ? ദേഹ പ്രകൃതിയിൽ എന്തെങ്കിലും പ്രകടമായ വ്യതിയാനമുണ്ടോ? പ്രതിയുടെ ശരീരത്തിൽ നടത്തുന്ന സൂക്ഷ്മ വൈദ്യപരിശോധനയും വിജയകരമായി. അടുത്തത്, കൊലയാളിയെക്കുറിച്ചു തുടർസൂചന കണ്ടെത്താൻ, ഇരയുടെ മൃതദേഹത്തെ എങ്ങനെയാണോ പരിശോധിക്കുന്നത്, സമാനമായ ബാഹ്യ പരിശോധന പ്രതിയുടെ ജീവനുള്ള ശരീരത്തിലും. പ്രതി കുറ്റം ചെയ്തതിന്റെ തെളിവു ശരീരത്തിൽ കണ്ടെത്താനുള്ള പരിശോധന, താമസമില്ലാതെ സാധിക്കണം എന്നുള്ളതു കൊണ്ട്, ചൂതാട്ടസഭയിൽ നിന്ന് നേരിട്ട് ദുര്യോധനനെ പരിശോധനാമുറിയിലേക്കു നയിച്ചു. പാണ്ഡവരും പാഞ്ചാലിയും സസൂക്ഷ്മം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പ്രതിയുടെ പ്രസക്ത അവയവങ്ങളിലേക്കുള്ള രക്തയോട്ടം തോതറിയാനുള്ള പരിശോധന രാത്രി മുഴുവൻ പ്രതിയുടെ ശാരീരിക പെരുമാറ്റങ്ങൾ ഉറക്കത്തിൽ നിരീക്ഷിക്കാനും പരിശോധിക്കാനുമുള്ള, മാർഗങ്ങളും ഞങ്ങൾ സ്വീകരിച്ചു. എന്നാൽ മാധ്യമങ്ങൾ തേടുന്നത് ഇവയൊന്നുമല്ലെന്നു ഞങ്ങൾക്കറിയാം. പ്രതിയിൽ കൃത്രിമ ഉത്തേജനമുണ്ടാക്കുന്ന മരുന്നു പ്രയോഗിക്കുക, ലൈംഗിക ചിത്രങ്ങൾ കാണിക്കുക, അശ്ലീല കവിതകൾ വായിപ്പിക്കുക, സ്ത്രീകളെ ഉപയോഗിച്ചു പരിശോധന നടത്തുക തുടങ്ങിയ തെറ്റിദ്ധാരണ ഇതു സംബന്ധിച്ചു പ്രചരിപ്പിക്കാനുള്ള നിങ്ങളുടെ നടപടിക്ക് പിന്തുണ തരാൻ, പാവം, ഞങ്ങളുടെ കയ്യിൽ ഒന്നുമില്ലല്ലോ ഈ നടപടിയിൽ. ദുര്യോധനൻ സാർഥകമായി സഹകരിച്ചു. മാത്രമല്ല ഹസ്തിനപുരി നിയമവാഴ്ച നിലവിലുള്ള പരിഷ്കൃത സമൂഹമെന്ന അന്വേഷണ സംഘത്തെ അനുമോദിക്കുകയും ചെയ്തു. എല്ലാം കഴിഞ്ഞു ദുര്യോധനൻ നൂറോളം കൗരവരാജവധുക്കളുടെ പിതൃഗൃഹങ്ങളിലേക്കു മാസങ്ങൾ നീണ്ടേക്കാവുന്ന സൗഹൃദ സന്ദർശനത്തിന് പോയി.” വാതിൽ കൊട്ടിയടക്കുന്ന പോലെ കൊട്ടാരം ലേഖികക്ക് നേരെ ഔദ്യോഗിക കൗരവ വക്താവ് പുറം തിരിഞ്ഞു.

“ഈ ശത്രു എന്നോ കൊല്ലപ്പെട്ടതല്ലേ? ചരമശ്രാദ്ധത്തിലും ശവമടക്കിലും അനുസ്മരണ യോഗത്തിലും സ്മൃതിമണ്ഡപനിർമ്മിതിയിലും സജീവ സാന്നിധ്യമായിരുന്ന ‘ശാന്ത’ ഭീമനെ ഓർക്കുന്നു. എന്നിട്ടിപ്പോൾ, പണി പൂർത്തിയായി വരുന്ന ദുര്യോധനപ്രതിമയെ ചാട്ടവാർ കൊണ്ടടിച്ച.”

“‘രൗദ്ര’ വൈകാരികതയോടെ ഇങ്ങനെ വിചാരണ ചെയ്യുന്നത്?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. കുരുക്ഷേത്രയുടെ പാർശ്വഫലങ്ങൾ പാണ്ഡവർ അനുഭവിക്കുന്ന കാലം.

“ദുര്യോധനവധം പൂർണ്ണമാവും മുമ്പ് പാണ്ഡവ ജേതാക്കൾക്കു പോർക്കളം വിടേണ്ടി വന്നതു നിങ്ങളും കണ്ടതല്ലേ. ഉള്ളിൽ ഉള്ള ക്ഷോഭം വേണ്ടത്ര ആവിഷ്കരിക്കാനായില്ലെന്ന ഭീമൻ അന്നേ ഖേദിച്ചിരുന്നു. വയോജന വിഭാഗത്തിൽ വീണ ഭീമൻ ഈയിടെ വിഷാദരോഗി കൂടിയായപ്പോൾ, സ്ഥിതി മാറി. ഇപ്പോഴാണ് വധിക്കാൻ അവസരം കിട്ടുന്നതെങ്കിൽ, ജീവനെടുക്കുംമുമ്പ് ഉച്ചരിക്കാൻ ഉള്ളിൽ കൊതിക്കുന്ന പ്രതികാര വചനങ്ങൾ അവനോട് എണ്ണിയെണ്ണിപ്പറയൂ എന്ന ഉദ്ദേശ്യശുദ്ധിയോടെ ഈ അപൂർണ്ണ പ്രതിമ ഞാൻ അന്തഃപുരത്തിൽ തന്നെ ഒരുക്കിക്കൊടുത്തു. കുരുക്ഷേത്ര പോരാട്ടങ്ങൾ ഭീമ പരിപ്രേക്ഷ്യത്തിലൂടെ നിങ്ങൾക്കും നേരിൽ കാണാം, സർഗാത്മക പുനരാവിഷ്കാരം വ്യാസഭാരത സഭാചിട്ടയിൽ മുന്നോട്ടു പോകുന്നതോടെ, രോഗവിമുക്തി ഉണ്ടാവും എന്നാണു ഇക്കാര്യങ്ങളിലൊക്കെ താത്വികബോധ്യമുള്ള സഹദേവൻ ഉറപ്പു തരുന്നതു. ആ കാഴ്ചപ്പാടിൽ വേണം നിങ്ങളും വാർത്തയൊരുക്കാൻ!”

“രാവിലെ കലപ്പയും നുകവും രണ്ടു കാളകളുമായി കന്നുപൂട്ടാൻ പോയതല്ലേ. എന്നിട്ട് എവിടെ മൃഗങ്ങൾ? നിങ്ങൾക്കൊപ്പം പോയ മറ്റു നാലുപേർ തിരിച്ചു വന്നിട്ട് കുളിച്ചു എപ്പോഴോ ഊണ് കഴിച്ചു.” ഉഴവ് മൃഗങ്ങൾക്കു കഞ്ഞി തയ്യാറാക്കിക്കൊണ്ടിരുന്ന പാഞ്ചാലി അക്ഷമയും കോപവും കൊണ്ട് വിങ്ങി. ഖാണ്ഡവ വനത്തിലെ ആദ്യ കൃഷിക്കാലം. ഉച്ച.

“പൂട്ടിത്തീർന്നപ്പോൾ, വിശപ്പ് സഹിക്കവയ്യാതെ രണ്ടിനെയും അറുത്തു തീയൊരുക്കി ചുട്ടു തിന്നു. കുറച്ചു നേരം തണലിൽ കിടന്നു മയങ്ങി, നീ ഭക്ഷണം ഒരുക്കി കാത്തിരുന്നല്ലേ, പാവം!”

◇ 2025/09/29 ◇

“യുധിഷ്ഠിരന്റെ രാജസൂയ യാഗം ഒറ്റ ദിവസം, താങ്കൾ നാലു പ്രാവശ്യം വസ്ത്രം മാറി രാജസഭയിൽ വിചിത്ര പ്രദർശനവസ്തു ആയി എന്നാണല്ലോ ശിശുപാലൻ വിളിച്ച പറയുന്നത്?”, ഒരു ഗോപികയുടെ ആകർഷക സ്വരത്തിൽ കൊട്ടാരം ലേഖിക പറഞ്ഞു.

“ശത്രു മാത്രമേ നിങ്ങളെ സൂക്ഷിച്ചുനോക്കി നിരീക്ഷണങ്ങൾ പുറത്തു വിടൂ. സുഹൃത്തു നിങ്ങളെ നിങ്ങളുടെ പാട്ടിനുവിടും. ശിശുപാലൻ ചെയ്യേണ്ടതു് കാര്യക്ഷമതയോടെ ചെയ്തു”, കൃഷ്ണൻ യമുനയിൽ നീരാടാൻ തയ്യാറായി.

“അസംതൃപ്ത പാണ്ഡവദാമ്പത്യത്തെ കുറിച്ച് നിങ്ങൾ, കലവറയില്ലാതെ ആവിഷ്കാര സാധ്യത തേടുമ്പോൾ, പറയാതെ വയ്യ, കൗരവ രാജവധുക്കൾ കുടുംബജീവിതത്തെ കുറിച്ച് ഒന്നും ഞങ്ങളുമായി പങ്കിടുന്നില്ല”, കൊട്ടാരം ലേഖിക നിരീക്ഷിച്ചു. കാട്ടുചോലയിൽ നീന്തിക്കളിച്ചു ഈറൻ തുണിയുമായി അവർ വിജനവഴിയിലൂടെ ആശ്രമത്തിലേക്കു തിരിച്ചു നടക്കുകയായിരുന്നു.

“എന്തിനു പങ്കിടണം? മേഘങ്ങളില്ലാത്ത പൌർണമി രാത്രികളിൽ, അന്തഃപുര മട്ടുപ്പാവിൽ, പൂർണനഗ്നകളായി പൊട്ടിച്ചിരിക്കയും, പിന്നെ വിങ്ങിപ്പൊട്ടുകയും ചെയ്യുന്നവരെന്തിനു എന്നെ പോലെ, ആത്മാവിഷ്കാരത്തിന് വാമൊഴി വേറെ തേടണം?”, പേടമാനിനെ പരിലാളിച്ച് പാഞ്ചാലി പുഞ്ചിരിച്ചു.

“ആറു പേരല്ലേ നിങ്ങൾ കൂടിയേറ്റക്കാരായി ഉണ്ടായിരുന്നുള്ളു? പിൽക്കാലത്ത്, അഞ്ചു വീട്ട് ഒരു വീട്ട് സൂചി കുത്താൻ ഇടം എന്നിങ്ങനെ പടി പടിയായി ഭൗതിക അഭിലാഷങ്ങൾ പരിമിതപ്പെടുത്താൻ പരിശീലിച്ച നിങ്ങൾ, എങ്ങനെ ഖാണ്ഡവവനം എന്ന അതിലോല ആവാസ വ്യവസ്ഥ തീയിട്ടു നശിപ്പിക്കാൻ ധൈര്യപ്പെട്ടു?”, കൊട്ടാരം ലേഖിക, പരിസ്ഥിതി സംരക്ഷകയുടെ ആശങ്ക അഭിനയിച്ചു.

“ദീർഘദൃഷ്ടിയോടെ വേണ്ടേ ദേവസന്തതികൾ തീരുമാനമെടുക്കാൻ? ഖാണ്ഡവവനം പരിപാലിച്ചു വനാശ്രമത്തിൽ കിളച്ചും കന്നംപൂട്ടിയും ഞങ്ങൾ കഴിയണോ, അതോ വനമേഖല വെട്ടി തെളിയിച്ച യമുനയുടെ തീരത്തു മോഹന നഗരി പണിയണോ? മറക്കരുതേ, ഞങ്ങൾ ഈ കൈകൊണ്ടു് പണിത ഇന്ദ്രപ്രസ്ഥം, ദ്വാപരയുഗത്തിൽ മാത്രം തിളങ്ങുന്ന ഐതിഹ്യ നഗരിയല്ല, വരാനിരിക്കുന്ന കലിയുഗത്തിൽ ദേശ വിദേശ പടയോട്ടങ്ങൾക്കും അധികാരവഴികൾക്കും ആഗോള ശ്രദ്ധക്കും ഭ്രമികയാവും”, ഭാവിയിലേക്ക് കണ്ണെറിഞ്ഞു് അർജ്ജുനൻ ശബ്ദം താഴ്ത്തി.

“ഒരിടവേളയിൽ നേടിയ പരിചയം കൊണ്ടു് നിങ്ങൾ, കൗരവരാജവധുക്കളെ കയ്യിലെടുത്തു എന്നോ? അതു നിഷ്കളങ്കരാണോ അവർ, സംഘർഷം നിറഞ്ഞ സ്വത്തുതർക്കത്തെ പറ്റി?” കൊട്ടാരം ലേഖിക പാഞ്ചാലിയോടു് ചോദിച്ചു.

“പാണ്ഡവർക്ക് സ്വത്തിൽ ഓഹരി തരാൻ ഭർത്താക്കന്മാരോടു് ശഠിച്ച പറയൂ എന്നല്ല ഞാൻ അവരോടു് മിണ്ടിപ്പറഞ്ഞതു്, പെണ്ണടൽ എങ്ങനെ നിങ്ങൾ കമനീയമായി പരിപാലിച്ചാൽ കൗരവർ നിങ്ങൾക്കു അടിമപ്പെടും എന്നായിരുന്നില്ലേ.”

“ഇങ്ങനെ ആയിരുന്നില്ലല്ലോ വനവാസ യുധിഷ്ഠിരൻ. പരിഹസിക്കുന്ന രീതിയിൽ മഹാരാജാവേ എന്നു അഭിസംബോധന ചെയ്താൽ പോലും, എന്റെ വിധി എന്ത് വിനീതനാവുമായിരുന്നു. അധികാരം കിട്ടിയപ്പോൾ ആളൊന്നു മാറിയോ?”, കൊട്ടാരം ലേഖിക നകുലനോടു് ചോദിച്ചു. മഹാരാജാവിന്റെ ഔദ്യോഗിക വസതിയിൽ ഉന്നത തലയോഗം കഴിഞ്ഞു അസഹിഷ്ണതയോടെ ഇറങ്ങുകയായിരുന്നു ഊട്ടുപുര ലക്ഷ്യമാക്കി നാലു പാണ്ഡവരും പാഞ്ചാലിയും. മട്ടുപ്പാവിൽ മഹാരാജാവു് അവരെ ഇടംകണ്ണിട്ടു നിരീക്ഷിക്കുന്നതു് കൊണ്ടവർ സംസാരിക്കുമ്പോൾ ശബ്ദം താഴ്ത്തി.

“അത്യുന്നതതല സമിതിയുടെ പ്രതിദിനചർച്ചയിൽ അയാളുടെ നിർദ്ദേശത്തിൽ ഞങ്ങൾ നാലുപേർ എതിരഭിപ്രായം പറഞ്ഞാൽ ആളാകെ അസ്വസ്ഥനാവും. വിശ്വാസവഞ്ചന സംശയിക്കും. പാഞ്ചാലിയിൽ നിന്ന് ഞങ്ങളെ പിളർത്താൻ രഹസ്യമായി അവളെ പ്രലോഭിപ്പിക്കും, ഒന്നും നടക്കാതെ വന്നാൽ, പാർശ്വവത്കൃത സമൂഹത്തിനു വേണ്ടി വികസനകാര്യത്തിൽ ഇവരാരും സഹകരിക്കുന്നില്ല എന്ന് സന്ദർശകരുടെ മുമ്പിൽ ചുണ്ടുപിളർത്തും.”

“എവിടെ അർജ്ജുനൻ? സൂര്യപുത്രനെ അവൻ ചതിച്ചു കൊന്നതിൽ, രണ്ടുപേരുടെയും അമ്മയെന്ന നിലയിൽ നിങ്ങൾക്ക് നൊമ്പരമുണ്ടോ?” കന്തിയുടെ രഹസ്യ കന്യാപുത്രനെന്ന അംഗീകരിക്കപ്പെട്ടകയും, കൗരവ സർവ്വ സൈന്യാധിപൻ എന്ന കുരുക്ഷേത്ര പദവി വഹിച്ച കർണ്ണന്റെ മകളുടെ വിവാഹസൽക്കാരത്തിൽ പങ്കെടുത്ത, തിരിച്ച പോവാൻ ആനപ്പുറത്ത കയറുന്ന മഹാരാജാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“കാറുമൂടിയ സന്ധ്യയിൽ, അർജ്ജുനനും പ്രതിയോഗി കർണ്ണനും പോർക്കളത്തിൽ പരസ്പരം നേരിട്ടത് നേരുതന്നെ. ദുരുഹസാഹചര്യത്തിൽ ചളിയിൽ താണ രഥചക്രമുയർത്താൻ കർണ്ണതേരാളി ശല്യൻ വിസമ്മതിച്ചതും കൗതുകകരമായ കാര്യം. നിവൃത്തിയില്ലാതെ സ്വയം മണ്ണിലിറങ്ങിനിന്ന് രഥചക്രം ഉയർത്താൻ പാടുപെടുന്ന കർണ്ണനെ അനുകമ്പയോടെ നോക്കുമ്പോൾ ആയിരുന്നില്ലേ, മാനം വിണ്ട കീറിയ ഇടിമിന്നലിൽ, കർണ്ണൻ മരണമടഞ്ഞത്? മനമിടിഞ്ഞ ഞാൻ പക്ഷേ, കണ്ട, അതാ, ആദരവിൽ തലകുനിച്ച, പരേതസഹോദരന് അഭിവാദ്യം ചെയ്ത ആവനാഴിയിലേക്ക അർജ്ജുനൻ, അമ്പ തിരിച്ചിടുന്നു. വേദനാകരമായി തോന്നി കർണ്ണജീവിതത്തിന്റെ പ്രകൃതിദുരന്തം. ജന്മരഹസ്യം ചരമശ്രുശ്രൂഷയിൽ കുന്തി മുഖത്ത നിന്നറിഞ്ഞപ്പോൾ പരേതാത്മാവിനു സ്വർഗ്ഗരാജ്യം അനുവദിച്ച കിട്ടാൻ, കൗന്തേയർ ശ്രാദ്ധം ചെയ്തതും സ്മരണീയമായ ആധ്യാത്മികവസ്തുത. അവന്റെ കൊച്ചുമകളുടെ വിവാഹം, കുടുംബ ആഘോഷമായി ഞാൻ ഏറ്റെടുത്ത. വധുവിന് പാഞ്ചാലിയുടെ കേശപരിലാളന ശ്രുശ്രൂഷക എന്ന അരമനജോലി സമ്മാനമായി ഞാൻ നൽകി. അതാണ്, കുരുക്ഷേത്ര പുനരധിവാസത്തിൽ പാണ്ഡവമാതൃക. സത്യാവസ്ഥ അതായിരിക്കെ, കഥയറിയാതെ അർജ്ജുനസ്വഭാവഹത്യക്കു മാധ്യമപ്രവർത്തക കൂട്ടു നിന്നാൽ, അഴകളവുകളിൽ നിന്നും ഇനി തെറിക്കുക തലയായിരിക്കും.”

“ആ ‘ഓമനമുഖം’ ഓർക്കുന്നു, പാണ്ഡവർക്കൊപ്പം വന്ന നവവധു പാഞ്ചാലിയെ ഹസ്തിനപുരിയിൽ വരവേൽക്കാൻ, ഒരു ആരാധകനെ പോലെ ദുര്യോധനൻ കൊട്ടാര മൈതാനത്തിൽ ഒരുക്കിയ അത്താഴവിരുന്നിൽ, വിനയവും പ്രസന്നതയും ആയിരുന്ന അവൾ യുധിഷ്ഠിരനോട് ചേർന്നിരിക്കുമ്പോൾ കാണിച്ചിരുന്നത്. ഖാണ്ഡവ പ്രസ്ഥത്തിൽ കുടിയേറ്റക്കാരായി പോവേണ്ടിവന്നതുകൊണ്ട, രാപ്പകൽ ദേഹാധ്വാനം വന്നതാണോ പിൽക്കാലത്തവളുടെ പരുക്കൻ മനോഭാവത്തിന് കാരണം?” വനവാസക്കാല പാണ്ഡവരോടും, പ്രത്യേകിച്ച് യുധിഷ്ഠിരനോടും, മറ ഇല്ലാതെ ഇടഞ്ഞു പെരുമാറുന്ന പതിവ് അഭിമുഖ വിഷയമായപ്പോൾ, കൊട്ടാരം ലേഖിക ചോദിച്ചു.

“‘ഇടഞ്ഞു പെരുമാറുന്ന’വളെ കാണാൻ സൈന്ധവറാണി ദുശ്ശളയുടെ ഭർത്താവും നാടുവാഴിയുമായ ജയദ്രഥൻ ഇവിടെ പാത്തും പതുങ്ങിയും പിടി മുറുക്കിയപ്പോൾ എന്തായിരുന്ന പാഞ്ചാലിയുടെ ഉടുത്തൊരുങ്ങലും ആതിഥ്യ മര്യാദയും. ഞങ്ങൾ അഞ്ചുപേരും നായാടാൻ പോയ ദിവസമാണ് അവളുടെ കള്ളി വെളിച്ചത്തായത്. വിനോദയാത്രക്കെന്നും പറഞ്ഞു നാടുവിടാൻ അവർ ശ്രമിക്കുമ്പോൾ, സംശയം തോന്നിയ അയൽക്കാരനായ പരിത്യാഗി, ഞങ്ങളെ ഉടൻ വിവരം അറിയിക്കാൻ ജാഗ്രത കാട്ടി. ഓടി വന്നപ്പോൾ, ജയദ്രഥ രഥം മുന്നോട്ട പോവുന്നു. സംഘടിത പാണ്ഡവശ്രമത്തിൽ ജയദ്രഥനെ കീഴ്പ്പെടുത്തി പ്രതികാരം ചെയ്യുമ്പോൾ, “വിട്ടയക്ക അവനെ, അവന്റെ ഭാര്യ ദുശ്ശള വനിതാവകാശ സമിതിയുടെ അധ്യക്ഷ, നിങ്ങൾക്കെതിരെ ദുര്യോധനനെ സ്വാധീനിക്കാൻ അവൾ മതി” എന്ന് നിരുത്സാഹപ്പെടുത്തുന്നതു ഞങ്ങളെ പ്രകോപിതരാക്കി. വീട്ടിൽ അടങ്ങിയൊതുങ്ങികഴിയേണ്ട ഭാര്യ, ആറാമതൊരു പുരുഷനെ പ്രലോഭിപ്പിക്കുന്ന ഭീഷണ യാഥാർഥ്യം നിസ്സംഗതയോടെ കണ്ടുനിൽക്കാൻ ആവില്ലെന്ന ബോധ്യം വന്ന ഞങ്ങൾ, ജയദ്രഥനെ തല മൊട്ടയടിച്ചു പുള്ളികുത്തി കെട്ടിയിട്ട് പാഞ്ചാലിയുടെ മുമ്പിൽ നിർത്തി ചോദ്യം ചെയ്തു, അപമാനിച്ചു. മാസങ്ങൾ വേണ്ടിവന്ന അക്കാര്യത്തിൽ ഞങ്ങളോട് പാഞ്ചാലിയുടെ അമർഷവും ക്ഷോഭവും മാറാൻ. അവളെപ്പറ്റി ഒന്നേ പറയാനാവൂ, ഇന്ന് നിങ്ങളെ ഊഷ്മളമായി കാണുന്നവൾ നാളെ, നിങ്ങളെ കണ്ടാൽ കണ്ട എന്ന് നടിക്കില്ല. നമ്മെ പോലെ അമ്മ പ്രസവിച്ച വളർത്താത്തിന്റെ കഴപ്പം. യാഗാഗ്നിയിൽ നിന്നും വളർച്ച പ്രാപിച്ച പെണ്ണടലുമായി ഉയർന്ന വന്നവൾ എന്ന ഐതിഹ്യ പ്രതിച്ഛായയ്ക്കൊത്ത യക്ഷി!”

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014